KOTTAYAM PUBLIC LIBRARY

Call No. M 297
Moh-R

Acc. No. 14374

Author മുഹമ്മദ് സലാഹിബ്

Title റസൂൽ സന്നിധിയിലെ ദൂതൻ

1069

# റസൂൽസന്നിധിയിലെ
# ദൂതൻ

14374

NATIONAL BOOK STALL ★ BR. KOTTAYAM
SPCS LTD.

പ്രസാധകൻ,
എ. മുഹമ്മദുസാഹിബ്.

1123

26

പകൎപ്പവകാശം] [വില 12 ണ:

# പ്രസ്താവന

ജനസമുദായത്തിൻെറ ഉൽക്കർഷത്തെ മുൻനിറുത്തി നവംനവങ്ങളായി രൂപീകൃതമാകുന്ന പദ്ധതികളെല്ലാം ഇസ്ലാം അതിൻെറ ആരംഭകാലത്തിൽതന്നെ ലോകസമക്ഷം അനുശാസിക്കുകയും പ്രായോഗികമായി നടപ്പിൽ വരുത്തുകയും ചെയ്തിട്ടുള്ളതാകുന്നു എന്നതു് കേവലം പരമാർത്ഥം മാത്രമാണു്.

1300-ൽപരം വർഷങ്ങൾക്കുമുമ്പു് അറേബ്യയിലെ ലോകവിശ്രുതനായ പ്രവാചകവര്യനാൽ ദീർഘദർശനം ചെയ്യപ്പെട്ട ഇസ്ലാമിൻെറ പൌരാണിക സോഷ്യലിസസിദ്ധാന്തങ്ങൾ എത്രയും സമഗ്രമായി ഈ ഗ്രന്ഥത്തിൽ പ്രകാശിതമായിരിക്കുന്നു. ലോകം പരിവർത്തനാകാംക്ഷയാൽ മുന്നോട്ടു ഗമിക്കുന്ന ഈ നവ്യകാലഘട്ടത്തിൽ സോഷ്യലിസത്തിൻെറ ആവേശജനകമായ പദ്ധതികളിൽ അഭിരുചികൊള്ളുന്ന ജനതതി ഇസ്ലാമിൻെറ മൂലസിദ്ധാന്തങ്ങളേയാണു സ്വീകരിക്കുന്നതു് എന്നുള്ളതു നമുക്കു് എത്രയോ അഭിമാനകരമാകുന്നു.

ഈറാനിലെ ദൂതനോടു് സംഭാഷണംചെയ്യുന്ന സഹാബി, ഹസറത്തു് അബൂബക്കർ സിദ്ദീഖാ(റ)ണെന്നു അഭിപ്രായമുണ്ടു്. ഈ ഗ്രന്ഥരചനയിൽ ആത്മാർത്ഥമായി ഞങ്ങളെ സഹായിച്ച പണ്ഡിതനായ എ. മുഹമ്മദുകുഞ്ഞു് മൌലവി സാഹിബ്ബ് അവർകളോടു് ഞങ്ങൾക്കുള്ള അകൈതവമായ നന്ദിയെ പ്രകാശിപ്പിച്ചുകൊണ്ടു് ഈ ഗ്രന്ഥം സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം } ഇസ്ലാം സേവകൻ,
10—2—1123 }

എ. മുഹമ്മദുസാഹിബു്.

143724

# റസൂൽ സന്നിധിയിലെ ദൂതൻ

ബിസ്മില്ലാ ഹിർറഹ്മാ നിർ റഹീം
നഹ്മദുഹൂ വനുസല്ലി അലാ
റസൂലിഹിൽ കരീം.

ഏഷ്യാവൻകരയുടെ തെക്കുപടിഞ്ഞാറേകോണിൽ സ്ഥിതിചെയ്യുന്ന ആ വലിയ ഉപദ്വീപ്— 'അറബ്' എന്ന നാമത്താൽ വിശ്വവിഖ്യാതമായ ആ പുണ്യഭൂമി ഏഷ്യാ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഖണ്ഡത്രയങ്ങളുടങ്ങിയ അർദ്ധഗോളത്തിൽ മദ്ധ്യസ്ഥിതയായി പ്രശോഭിക്കുന്നു. ഭൂഗോളത്തിൽ ഈ ഭാഗം അതിൻെറ ചില പ്രത്യേകതകളാൽ മററു ഭൂഭാഗങ്ങളെ അപേക്ഷിച്ചു മാഹാത്മ്യമേറിയതാണ്. അധികഭാഗങ്ങളും മണലാരണ്യമായതിനാൽ ഇവിടെ ജനവാസം കുറവായിരിക്കുന്നു, ജനബഹുലമായ സ്ഥലങ്ങൾ, ഫലഭൂയിഷ്ഠമായ ഇതര ഭാഗങ്ങളെ അപേക്ഷിച്ചു ഫലം കുറഞ്ഞതാകുന്നു. ഈ ദേശവാസികളിൽ അധികവും ചെറിയ ചെറിയ കുടുംബങ്ങളായി കൂടാരങ്ങളിൽ പാർത്തുവരുന്നു. ഈവിധത്തിൽ ജീവിക്കുന്നതിന് അവർ നിർബന്ധിതരാണെന്നു വേണം പറയുവാൻ. എന്തെന്നാൽ അവരുടെ സമ്പത്ത് ഒട്ടകങ്ങളും ആടുകളും മാത്രമാകുന്നു. അവർ അല്ലാഹ്

ത്തലായുടെ ഭൂമിയിൽസഞ്ചരിച്ച്, അവക്കും അവരുടെ മൃഗങ്ങൾക്കും വെള്ളവും മററും കിട്ടുന്നിടത്തു താമസിക്കുകയും ജലദൌർല്ലഭ്യമുണ്ടാകുമ്പോൾ അവിടെനിന്നും മററു സ്ഥാനങ്ങളിലേയ്ക്കു പോകയും ചെയ്തിരുന്നു.

ഈ അറബുദേശം നാലു സംസ്ഥാനങ്ങളായി വിഭജിച്ചിരിക്കുന്നു. അവ നജ്ദ്, യമൻ, ഇറാക്ക്, ഹിജാസ് എന്നിവകളാണ്. യമനും, ഇറാക്കും ഫലഭൂയിഷ്ഠതയാൽ പ്രസിദ്ധങ്ങളാണ്. 'ഹിജാസിൽ' ഹസറത്തു ഇബ്രാഹീം നബി (അ) യാൽ നിമ്മിതമായ കഅ്ബാലയം ഭക്തിപ്രചുരിമയ്ക്ക് ഏകാവലംബമായി ഇന്നും പരിശോഭിക്കുന്നു. മക്കാ നഗരം കഅ്ബാലയത്തിൻെറ മാഹാത്മ്യംകൊണ്ട് അനേക ശതവർഷങ്ങളായി ജനങ്ങളുടെ സന്ദർശനസ്ഥലമെന്നു കീർത്തിപ്പെട്ടിരിക്കുന്നു. ഈ ഹിജാസിൽ പ്രസിദ്ധിയേറിയ മറെറാരു പട്ടണംകൂടിയുണ്ട്. അതിനു 'മദീനാ' എന്നാണു നാമം. അന്ത്യപ്രവാചകനായ മുഹമ്മദു നബി (സ) തിരുമേനി ജന്മഭൂമിയായ മക്കായിൽനിന്നു പ്രയാണംചെയ്ത് ഇവിടെ താമസം ഉറപ്പിച്ചതുനിമിത്തമാണ് മദീനത്തിന് ഈ പ്രസിദ്ധിയുണ്ടായത്. പ്രസ്തുത കാരണത്താൽ ആ ദേശം ഇസ്ലാമിൻെറ ഉത്ഭവസ്ഥാനമാകുന്നു. മദീനായിലെ കിരീടധാരിയായ നബി (സ) തിരുമേനി, മദീനത്തു താമസമുറപ്പിച്ചതിൽ പിന്നീട് അതായതു "ഹുദൈബിയാ"സന്ധിക്കു ശേഷം മുസ്ലിങ്ങളോട് അമുസ്ലിങ്ങൾക്കു വൈഷമ്യമില്ലാത്തവിധത്തിലുള്ള സഹകരണം ഉണ്ടായി. തന്നിമിത്തം അമുസ്ലിങ്ങളുടെ കണ്ണു തുറക്കുകയും മൃഗതുല്യന്മാരായ അവരുടെ സഹോദരങ്ങളെ ഇസ്ലാം ദീൻ, താഴ്ന്ന അവസ്ഥയിൽനിന്ന് ഉന്നതാവസ്ഥയിലേയ്ക്കു പരിവത്തനംചെയ്യിക്കയും ചെയ്തു. തൽഫലമായി ജനങ്ങൾ കൂട്ടം

കൂട്ടമായി മദീനത്തു വരികയും റസൂൽ (സ) തിരുമേനിയുടെ ഉപദേശങ്ങളാൽ അവർ പരിശുദ്ധരായിത്തീരുകയും ചെയ്തു. മുസ്ലിങ്ങളോട്ട് അനുനിമിഷം ശത്രുതയിൽ വർത്തിച്ചിരുന്നവരും അനേകം പ്രാവശ്യം ഘോരസമരത്തിനുപോലും ഇടയാക്കിത്തീർത്തവരുമായ ശത്രുക്കളുടെ എണ്ണം ദൈനംദിനം കുറഞ്ഞുതുടങ്ങി. മക്കായിൽനിന്നു പ്രയാണംചെയ്യുന്ന സമയത്ത് റസൂൽ (സ) തിരുമേനിയോടൊന്നിച്ചു നിഷ്കളങ്കനായ ഒരു കൂട്ടുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ അവരുടെ സംഘത്തിൽ ആയിരക്കണക്കായി ജനങ്ങൾ ചേൎന്നു. മക്കായിൽ വച്ച് അവിശ്വാസികളെ ഭയന്നു പരസ്യമായി ഏകനായ അല്ലാഹുത്തആലായ്ക്കു സുജൂദുചെയ്യുവാൻ മനഃശക്തി ഉണ്ടാകാതിരുന്ന മുസ്ലിങ്ങൾ, ഇപ്പോൾ നിർഭയം അഞ്ചുനേരത്തെ നമസ്കാരവും അതാതിന്റെ കൃത്യസമയങ്ങളിൽ ഉച്ചത്തിൽ ബാങ്കുകൊടുത്തു ജമാഅത്തായിട്ടു നമസ്കരിക്കുന്നു. യഹൂദന്മാരുടേയും ക്രിസ്ത്യാനികളുടേയും ശത്രുതയും സന്ധിവഴിയായിട്ടോ അഥവാ വാളിന്റെ ശക്തികൊണ്ടോ ഇല്ലാതാക്കപ്പെട്ടു. നാട്ടിലുണ്ടായിരുന്ന ആഭ്യന്തരകലഹങ്ങളും ബഹളങ്ങളും ശമിച്ചു സമാധാനം ലഭ്യമായപ്പോൾ നബി (സ) തിരുമേനിയുടെ ശ്രദ്ധ അയൽനാടുകളിലേയ്ക്കു വ്യാപരിച്ചു.

അറേബിയാഉപദ്വീപിന്റെ വടക്കുകിഴക്കു ഭാഗത്തായി ഈറാൻ സംസ്ഥാനം സ്ഥിതിചെയ്യുന്നു. അറബികളാൽ 'അജ്ജ'മെന്നു പറയപ്പെടുന്ന ആ ദേശം പരിഷ്കാരത്തിലും, നാഗരികതചത്തിലും അറേബ്യയെക്കാൾ എത്രയും ഉന്നതി പ്രാപിച്ച സംസ്ഥാനമായിരുന്നു. അവിടത്തെ ഭരണവൈശിഷ്ട്യത്തെക്കുറിച്ചു കുട്ടികൾപോലും കഥകൾ പറഞ്ഞുവന്നു. അജമികളായ ജനങ്ങളുടെ

ജീവിതരീതികളും സഹകരണത്തിലുള്ള അദബു (മര്യാദ)കളും, അവരുടെ വസ്ത്രധാരണത്തിലും ഗാർഹികോപകരണങ്ങളിലും ഉള്ള പരിശുദ്ധതയും, ധനസമൃദ്ധിയും, വിശിഷ്യ അവരുടെ രാജാക്കന്മാരുടെ പ്രൗഢിയും ഗാംഭീര്യവും പരിസരപ്രദേശങ്ങളിലുള്ള ജനതയെ ഭയപ്പെടുത്തിയിരുന്നു. ദാറായുടേയും, ഇസ്കന്ദറിൻേറയും സമരത്തിനു ശേഷം "ഇന്ന് അധികാരം എനിക്കല്ലാതെ ആർക്കാണ്?" എന്നു പെരുംപറയടിച്ചിരുന്ന അജമിലെ രാജശക്തിക്ക് ഈ സന്ദർഭത്തിൽ അല്പമൊരു ശക്തിക്ഷയം സംഭവിച്ചിരുന്നു. എങ്കിലും അജമി രാജാക്കന്മാരുടെ ഡർബാറിൻെറ മഹത്വവും ഗാംഭീര്യവും അവരുടെ രാജകീയമന്ദിരങ്ങളുടെ ഔന്നത്യവും, സേവകജനങ്ങളുടെ വേഷവിധാനങ്ങളും, ആയുധങ്ങളുടെ വെണ്മയും മററും നാട്ടുകാരെ പൊതുവേയും, അപരിഷ്കൃതരായ അറബികളെ പ്രത്യേകിച്ചും ഭയപ്പെടുത്തിയിരുന്നു.

അറബികളുടെ അനിയന്ത്രിതമായ ഭരണംനിമിത്തം അജമിസൈന്യങ്ങൾ, നിസ്സാരകാര്യങ്ങളിൽ പോലും ക്ഷോഭിക്കയും അറേബ്യയിൽ പ്രവേശിച്ചു കൊള്ള നടത്തുകയും പതിവായിരുന്നു. പരിശീലനം സിദ്ധിച്ച പടയാളികളോടു നേരിടാൻ അപരിഷ്കൃതരായ ബദുക്കൾക്ക സാദ്ധ്യമായിരുന്നില്ല. ഈ കാരണത്താൽ എല്ലാ സമരങ്ങളിലും അവർ പരാജിതരാകുകയാണു ചെയ്തത്. അജമികൾ ശ്രേഷ്ഠത്വമുള്ളവരാണെന്ന് അറബികൾ കരുതിവന്നതും അവരുടെ പരാജയത്തിനു മറെറാരു കാരണമായിരുന്നു.

ഇസ്ലാമിലേയ്ക്കു ക്ഷണിച്ചുകൊണ്ടു പല നാട്ടുകളിലേയ്ക്കും നബി (സ) തിരുമേനി കത്തുകൾ അയച്ചിരുന്നു. ഈറാനിലും അചിരേണ ആ കത്ത് എത്തുകയുണ്ടായി.

ഈറാനിലെ ചക്രവർത്തിക്ക് അറബുനാട്ടിലെ ഒരു നേതാവ് സന്ദേശമയയ്ക്കുക എന്നത് ചക്രവർത്തിയേയും ഡർബാറിനേയും പരിഭ്രാന്തരാക്കുകതന്നെ ചെയ്തു. ഏതു കാലംവരെ നീചവൃത്തിയിൽ കഴിഞ്ഞിരുന്ന നിസ്സാരന്മാരായ അറബികൾക്ക് ഈറാനിലെ ചക്രവർത്തിയെ സന്ദേശംമുഖേന ക്ഷണിക്കുവാനുള്ള പ്രാപ്തിയും ഉൾക്കരുത്തും എങ്ങിനെ ഉണ്ടായി എന്ന സംഗതിയിൽ അവർ വിസ്മയിച്ചു. കോപിഷ്ഠനായ ചക്രവർത്തി സ്വകാര്യദർശിയോട് ഇങ്ങനെ കല്പിച്ചു. "ഈ പുതിയ പ്രസ്ഥാനത്തേയും അതിന്റെ പ്രചാരകനേയുംകുറിച്ചുള്ള യഥാർത്ഥവസ്തുതകളെ അന്വേഷിച്ച് എന്നെ അറിയിക്കുക."

ചക്രവർത്തിയുടെ കല്പനയെ ശിരസാവഹിച്ച് ആ ഉദ്യോഗസ്ഥൻ അജമികളുടെ വേഷം ധരിച്ച് അറബുദേശത്തെയ്ക്കു യാത്രയാരംഭിച്ചു. അദ്ദേഹം മദീനായോടു വളരെ അടുത്തിട്ടും അറേബ്യയുടെ ഔന്നത്യത്തെ കാണിക്കുന്ന അഥവാ ആ ദേശത്തിന്റെ ശക്തിയേയും പ്രതാപത്തേയും പ്രദർശിപ്പിക്കുന്ന യാതൊരു ലക്ഷ്യങ്ങളും കാണുകയുണ്ടായില്ല. ഒട്ടകങ്ങളും ആടുകളും മേഞ്ഞുകൊണ്ടിരിക്കുന്ന മൈതാനങ്ങളും ജനങ്ങൾ വസിച്ചിരുന്ന ചെറു കുടാരങ്ങളും മാത്രമാണ് അദ്ദേഹം അവിടെ കണ്ടത്. ഉന്നതമായ രാജമന്ദിരങ്ങളോ സൈന്യസങ്കേതമോ എങ്ങും ദൃശ്യമല്ലായിരുന്നു. ആകർഷണീയമായ തെരുവീഥികളോ ആരാധനാലയങ്ങളോ അവിടെ ഉണ്ടായിരുന്നില്ല. മറെറവിടെയുമില്ലെങ്കിലും, മദീനത്തിൽ നിശ്ചയമായും പ്രാഭവത്തിന്റേയും പരിഷ്ക്കാരത്തിന്റേയും ചിഹ്നങ്ങൾ ഉണ്ടായിരിക്കുമെന്നുതന്നെ അദ്ദേഹം വിചാരിച്ചിരുന്നു. മാത്രമല്ല, തിബ്രീസിലും, ഇസ്ഫഹാനിലും, അഥവാ മദാഇനിലും, ശീറാസിലും ഉള്ള പ്രാഭവത്തിൽ ഒട്ടും കുറഞ്ഞതായിരിക്കുകയില്ല മദീനായിലെ

പ്രാഭവം എന്നും ആ ഉദ്യോഗസ്ഥൻ ഉറച്ചിരുന്നു. എന്നാൽ അയാൾ തലസ്ഥാനനഗരിയിൽ കടന്നിട്ടും അറബിലെ നബി (സ) തിരുമേനിയുടെ പ്രതാപലക്ഷ്യങ്ങൾ ഒന്നുംതന്നെ കണ്ടില്ല. അയാൾ പരിഭ്രമം വർദ്ധിച്ചു ചുററുപാടും നോക്കിത്തുടങ്ങി. രാജമന്ദിരം കാണാതായപ്പോൾ ജനങ്ങളോടു നബി (സ) തിരുമേനിയുടെ വാസഗേഹം അന്വേഷിക്കേണ്ടതായി വന്നു. ജനങ്ങൾ സസന്തോഷം അയാളെ 'മസ്ജിദ്നബവി'യിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

ആ കെട്ടിടം ചെറുതാണെങ്കിലും വളരെ വൃത്തിയായി സൂക്ഷിക്കപ്പെട്ടിരുന്നു. ഇരുലോകത്തിൻേറയും ചക്രവത്തിയായ നബി (സല്ലല്ലാഹു അലൈഹിവസല്ലം) തിരുമേനി സഹചരന്മാരോടുകൂടി ആ മന്ദിരത്തിനകത്തു് തറയിൽ ഇരിക്കുന്നുണ്ടായിരുന്നു. അടിമയും യജമാനനും തമ്മിലുള്ള വ്യത്യാസങ്ങളൊന്നും അവിടെ കാണ്മാനുണ്ടായിരുന്നില്ല. ആ കെട്ടിടത്തിനകത്തു് രത്നം പതിക്കപ്പെട്ട സ്വർണ്ണ സിംഹാസനങ്ങൾ ഉണ്ടായിരുന്നില്ല. ആദരപുരസ്സരം അണിയിട്ടു നിൽക്കുന്ന അടിമകളും അവിടെയില്ല. രാജകീയാഡംബരങ്ങളിലുൾപ്പെട്ട ഛത്രചാമരാദികളും ഇല്ലായിരുന്നു. ഈറാനിലെ ദൂതൻ, കിസ്റാ, ഖയിസർ എന്നീ രാജാക്കന്മാരുടെ ഡർബാറിലെ ഗാംഭീര്യത്തെയും, പ്രാഭവത്തെയും കണ്ടിട്ടുണ്ടു്. യൂനാൻ, ഈറാൻ തുടങ്ങിയ രാജ്യങ്ങളിലെ രാജകീയാഡംബരങ്ങളും അയാൾ കണ്ടിട്ടുള്ളതാണു്. എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്ഥമായി ആ ആലയത്തിൽ ഉൾക്കൊള്ളുന്ന വശ്യഭാവം അദ്ദേഹത്തെ സ്തംഭിപ്പിച്ചു. കെട്ടിടത്തിനകത്തു കാലുവച്ചപ്പോൾ അയാൾ ആദ്യമായി കണ്ടതു് നബി (സ) തിരുമേനിയുടെ തിരുമുഖ

മായിരുന്നു. കാല്ക് ഭൂമിയിൽ ഉറച്ചുപോയതുപോലുള്ള അനുഭവം ഈ സന്ദർഭത്തിൽ അയാൾക്കുണ്ടായി. ഹൃദയത്തിൽ വ്യാപിച്ച ഭയംഹേതുവാൽ ശരീരം വിറച്ചു തുടങ്ങി. മുഖം വിളറുകയും, തൊണ്ടവരണ്ടു ശബ്ദം പുറപ്പെടാതാകയും ചെയ്തു. തദവസരത്തിൽ നബി (സ) തിരുമേനി കൃപാരസമലിഞ്ഞുതൂകുന്ന പുഞ്ചിരിയോടെ നോക്കിയില്ലായിരുന്നുവെങ്കിൽ അയാൾ അസ്തപ്രജ്ഞനായി നിലംപതിക്കുമായിരുന്നു.

ഈ 'മസ്ജിദ്നബവി'യെ മഹാനും പ്രതാപശാലിയുമായ ഒരു രാജാവിൻെറ സന്നിധാനമെന്നോ അഥവാ ഒരു ഫക്കീറിന്റെ പരിശുദ്ധമായ ആരാധനാലയമെന്നോ അല്ലെങ്കിൽ ശക്തികുറഞ്ഞ ഭരണാധികാരികളുടെ കൊട്ടാരമെന്നോ മുസൽമാന്റെ ചെറിയ ആരാധനാലയമെന്നോ വിചാരിക്കാവുന്നതാണ്. ഏതു രീതിയിലായാലും മുസ്ലിങ്ങൾക്കു അവരുടെ എല്ലാ കാര്യങ്ങൾക്കുമായി ഈ കെട്ടിടംമാത്രമാണുണ്ടായിരുന്നതു്. ആ മന്ദിരം 'മസ്ജിദ്നബവി' എന്ന നാമത്താൽ വിശ്രുതമായിരിക്കുന്നു, മുസ്ലിംകൾ, ഏകനായ അല്ലാഹ്വിനെ ആരാധിക്കുന്നതു് ഈ മന്ദിരത്തിൽവച്ചായിരുന്നു. നബി (സ) തിരുമേനി ജനങ്ങൾക്കു് സദുപദേശങ്ങൾ നൽകുന്നതും ഇവിടെവച്ചു തന്നെയാണ്. യുദ്ധപരമായും ഭരണസംബന്ധമായും വേണ്ടതു് ആലോചിക്കുവാൻ യോഗം കൂടുന്നതും ഇവിടെയാകുന്നു. റസൂൽ (സ) തിരുമേനി അവിടെ ഉപവിഷ്ടനായിരിക്കുമ്പോൾ അദ്ദേഹത്തിൻെറ സഹചരന്മാരെല്ലാം ചുററിലും ഇരിക്കുന്നുണ്ടാകും, പ്രസ്തുതസമയത്തു് ഹസ്രത്തു അബൂബക്കർ (റ) ഹസ്രത്തു് ഉമർ (റ) ഹസ്രത്തു് ഉസ്മാൻ (റ) ഹസ്രത്തു് അലിയ്യ് (റ) ഇവർ നബി തിരുമേനിയുടെ ഇടത്തും വലത്തുമായി ഇരിക്കുന്നു. ഹസ്രത്തു ബിലാൽ

തിരുമേനിയുടെ സവിധത്തിൽനിന്നു് അദ്ദേഹത്തെ വീശു ന്നുണ്ടു്. അവിടെ സന്നിഹിതരായിട്ടുള്ള അസ്ഹാബി കൾക്കു പുതിയ പുതിയ ആശയങ്ങൾ അടങ്ങിയിട്ടുള്ള വഹിയെ നബി (സ) തിരുമേനി ഓതി കേൾപ്പിക്കുന്നു. ഈ സന്ദർഭത്തിൽ ഈറാനിലെ ദൂതൻ സാനുവാദം അവിടെ പ്രവേശിച്ചു. തിരുമേനി കൃപാരസം കലൎന്ന പുഞ്ചിരിയോടെ ദൂതനെ സ്വാഗതം ചെയ്തു. ബഹുമാന പ്പെട്ട അസ്ഹാബികളും ദൂതനെ യഥായോഗ്യം സ്വീക രിച്ചു തിരുമേനിയുടെ അടുക്കലായി ആസനസ്ഥനാക്കി. ഇത്രയുമായിട്ടും ദൂതനു് അവിടെ കടന്നപ്പോഴുണ്ടായ പരി ഭ്രമം വിട്ടുമാറിയില്ല. നബി (സ) തിരുമേനി ദയാപുര സ്സരം ദൂതനോടു് ആഗമനോദ്ദേശം അന്വേഷിച്ചപ്പോൾ ഭയപരവശനായ ദൂതൻ വിവരമെല്ലാം ഉണൎത്തിച്ചു. റസൂൽ (സ) തിരുമേനി പുഞ്ചിരിയോടുകൂടി ഒരു സഹാ ബിയോടു് ഇപ്രകാരം പറഞ്ഞു: ഈ ദൂതനു് എന്തെ ങ്കിലും ചോദിക്കാനുണ്ടെങ്കിൽ അതു നിങ്ങളോടു ചോദി ക്കട്ടെ.

ദൂതൻ:—അങ്ങു ക്ഷമിച്ചാലും. അങ്ങയെ നിസ്സാ രനാക്കണമെന്നും ആക്ഷേപിക്കണമെന്നും എനിക്കു് ഉദ്ദേശമില്ല. പക്ഷെ കാൎയ്യങ്ങളുടെ സൂക്ഷ്മഗ്രഹണത്തിനു ചോദിക്കാതെ തരമില്ലല്ലോ. നിങ്ങൾക്കു ശക്തിയും പ്രാബ ല്യവും, യുദ്ധോപകരണങ്ങളും ഇല്ലാതിരിക്കുന്ന സ്ഥിതിക്കു ശക്തിയേറിയ ഒരു വിപുലസാമ്രാജ്യത്തോടു പോരാടു ന്നതിൽ പശ്ചാത്താപത്തിനല്ലാതെ വകയുണ്ടോ? ഈറാൻ സാമ്രാജ്യം ഒരു ചെറുകുടുംബമാണെന്നു അങ്ങു ചിന്തിച്ചിരിക്കാം. ഇന്നലെവരേയും ഈറാൻസൈന്യ ത്തിലെ ചെറു വിഭാഗങ്ങൾ ഈ നാട്ടിൽകടന്നു കൊള്ള ചെയ്തിട്ടും അവരെ തടയുവാൻ നിങ്ങളെക്കൊണ്ടു സാധി

ച്ചിട്ടില്ല എന്നുള്ള സംഗതി പക്ഷെ അങ്ങ് അറിഞ്ഞി ട്ടില്ലായിരിക്കാം. കാര്യമിങ്ങിനെയിരിക്കെ ഈറാൻകാരോട്ട മത്സരിച്ചു ജയിച്ചുകളയാമെന്നുള്ള വിചാരത്തിൽ അവരുടെ ചക്രവത്തിയോട്ടു വിരോധത്തേയും ശത്രുതയേയും വെളിപ്പെടുത്തിയതു് മേല്പറഞ്ഞ കാരണങ്ങളെ വിസ്മരിച്ചാകാനേ തരമുള്ളു.

ഈറാൻകാരെ പുകഴ്ത്തിയും അറബികളെ അവഹേളിച്ചും പറഞ്ഞ ദൂതന്റെ വാക്കുകൾ ആ സദസ്സിൽ പെട്ടെന്നൊരു മാററമുണ്ടാക്കി. അസ്ഹാബികൾ അവരുടെ വദ്ധിച്ച കോപം അന്യോന്യവീക്ഷണത്താൽ അറിഞ്ഞു. ചിലർ പല്ലു കടിച്ചുകൊണ്ടു് എഴുന്നേററു. ചിലർ ഖഡ്ഗമുഷ്ടിയിൽ കൈവച്ചു. ഈ വ്യതിയാനം കണ്ടു റസൂൽ (സ) തിരുമേനി സ്വതസ്സിദ്ധമായ പുഞ്ചിരിയോടുകൂടി എല്ലാവരേയും സമാധാനിപ്പിച്ചു. തിരുമേനിയാൽ ആജ്ഞാപിതനായ സഹാബി ദൂതനോട്ടു് ഇങ്ങനെ പറഞ്ഞു.

സഹാബി:—ഇറാൻചക്രവത്തിയുടെദൂതാ! നിങ്ങൾ ഒരു ദൂതനെന്നുള്ള നിലയിൽ ഇതിനേക്കാൾ ഗൗരവമേറിയ വാക്കുകൾ ഉപയോഗിച്ചാലും ഞങ്ങൾ സമാധാനത്തോടെ ക്ഷമിക്കുന്നതാണു്. ഞങ്ങളുടെ ബാഹ്യാവസ്ഥയെക്കുറിച്ചു നിങ്ങൾ വിചാരിച്ചതിൽ യാതൊരു തെററുമില്ല. ബാഹ്യമായ സംഗതികളെ നിങ്ങൾ കണ്ടു് അറിയുന്നു. എന്നാൽ അതിനേക്കാൾ ഉപരിയായ ഒരു ശക്തി നിങ്ങളിൽ ഉണ്ടു്. ആ ശക്തികൊണ്ടു നിങ്ങൾ ചിന്തിച്ചറിയണം. കുറച്ചു സമ്പത്തു കൈവശമുള്ള നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ നിങ്ങളെ അടിമയാക്കി, നിങ്ങളുടെ ഹൃദയത്തേയും അടിമത്വത്തിൽ ആഴ്ത്തി. തന്നിമിത്തം സമ്പത്തു് ലോകത്തിൽ ഏറ്റവും

വലിയ ഒരു ശക്തിയാണെന്നു നിങ്ങൾ വിചാരിക്കുന്നു. എന്നാൽ എന്റെ സ്നേഹിതാ! നിങ്ങളുടെ ഈ വിചാരം തീരെ തെററാണ്. സമ്പത്ത് ആവശ്യമാണെങ്കിലും അതിനെ വലിയൊരു ശക്തിയായി വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഏററവും മഹത്തായ ശക്തി, സത്യവും യാഥാത്ഥ്യവുമാകുന്നു. സമ്പത്തിനെക്കുറിച്ചുള്ള നിങ്ങളുടെ വിശ്വാസം നിങ്ങളുടെ നോട്ടത്തെ പരിഭ്രമിപ്പിച്ചു. പ്രകാശിക്കുന്ന സ്വണ്ണവും വെള്ളിയും, മിന്നിത്തിളങ്ങുന്ന രത്നങ്ങളും കുന്നുകുന്നായി കണ്ടുകണ്ട് നിങ്ങളുടെ ബുദ്ധിക്കും കണ്ണുകൾക്കും ശക്തി നശിച്ചുപോയിരിക്കുന്നു. അല്ലെങ്കിൽ നിങ്ങൾ സ്വയം ചിന്തിച്ചു കാര്യങ്ങൾ ഗ്രഹിക്കുമായിരുന്നു. സ്വണ്ണവും രത്നവും സൂക്ഷിക്കുന്ന ഒരാൾ തന്റെ ജീവനെ വളരെ അധികം സ്നേഹിക്കുന്നു. ജീവനെ അതിററവു സ്നേഹിക്കുന്ന അവർക്കു തന്നെ തങ്ങളുടെ ജീവനെ ബലികഴിക്കുവാൻ സാധിക്കുകയില്ല. അവർ അന്യരുടെ ജീവനെ നശിപ്പിക്കുന്നതിനുള്ള ഉപായങ്ങൾ ഒരുക്കിവെയ്ക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നു. നിങ്ങൾ അഭിമാനിക്കുന്ന നിങ്ങളുടെ ധീരയോദ്ധാക്കളിൽ മരണത്തിന്റെ പേരുകേട്ടാൽ പരിഭ്രമിക്കാതെ ജീവനെ ബലികൊടുക്കാൻ തയ്യാറാകുന്നവർ എത്രപേരുണ്ട്? ഇങ്ങനെയുള്ള ഭടന്മാർ അവരുടെ സംഖ്യാബലത്തിൽ മാത്രം വിശ്വസിക്കുന്നു. ആക്രമിച്ചു കൊള്ളചെയ്യുവാനുള്ള ആഗ്രഹത്താൽ വാളുമേന്തി അവർ ഇറങ്ങി പുറപ്പെട്ടിരിക്കുന്നു. എന്നാൽ അവരുടെ ധീരതയും ഉറപ്പും വിജയലാളിതരായിരിക്കുന്ന അവസരത്തിൽ മാത്രമേയുള്ളൂ. അന്യരുടെ ജീവനെ നശിപ്പിക്കുന്ന അവക്ക് സ്വജീവനെ കൊടുക്കേണ്ട സന്ദർഭം നേരിട്ടുപോയാൽ പിന്നെ സമരമൈതാനത്തിൽ അവർ കാലുവയ്ക്കുകയില്ല; വയ്ക്കുന്നതുമല്ല. ഞങ്ങളുടെ ഭടൻ ശമ്പളത്തിനുവേണ്ടി കഴിയുന്ന

പടയാളിയല്ല. അന്യരുടെ ജീവനെ നശിപ്പിക്കുകയെ
ന്നതു് അവരുടെ ജോലിയുമല്ല. അവരുടെ അരപ്പട്ട
യിൽ ബന്ധിച്ചിരിക്കുന്ന ഖഡ്ഗം സത്യത്തെ സംരക്ഷി
ക്കുന്നതിനായിട്ടല്ലാതെ അഴിക്കാറില്ല. എന്നാൽ അവ
രുടെ ജീവൻ ബലികഴിക്കാൻതന്നെയായാലും യുദ്ധക്ക
ളത്തിലേയ്ക്കു പോകുവാൻ അവക്കു സന്തോഷമാണു്.
അവരുടെ ഹൃദയം എത്രയും ഉറച്ചതാകുന്നു. പിൻതി
രിഞ്ഞുപോരിക എന്നതു് അവർ ശീലിച്ചിട്ടില്ല.
സമ്പത്തും ആൾബലവും അവരുടെ മുമ്പിൽ നിസ്സാര
മാണു്. ആയുധമില്ലാത്ത ശത്രുവിനോടാണു നിങ്ങളുടെ
ഭടൻ ധൈര്യം വെളിപ്പെടുത്തുന്നതു്. ഞങ്ങളുടെ പട
യാളിയാകട്ടെ, ശത്രു ആയുധം ധരിച്ചിരുന്നാലും ഇല്ലെ
ങ്കിലും സത്യം എന്നുള്ള ഏക ഉദ്ദേശത്തിൽനിന്നു വ്യതി
ചലിക്കാറില്ല. ആ ഉദ്ദേശത്തെ പരിപൂർണ്ണമായി പ്രയോ
ജനപ്പെടുത്തുകതന്നെ ചെയ്യും. ഞങ്ങൾ സത്യത്തിൻെറ
മാർഗ്ഗത്തിൽ അന്യരുടെ ജീവനെ നശിപ്പിക്കാതെ സ്വ
ജീവനെ ബലികഴിക്കുകയെന്നതു വളരെ പ്രയോജനക
രമാണെന്നു വിശ്വസിക്കുന്നു. മരണത്തെ ഭയപ്പെടാത്ത
വനും യുദ്ധംചെയ്തു മരിക്കണമെന്നു് ആഗ്രഹിക്കുന്നവനു
മായ ഒരു പടയാളിയെ നിങ്ങൾ മനസ്സുകൊണ്ടു സങ്കല്പി
ക്കുക. അങ്ങിനെയുള്ള ഒരു ധീരയോദ്ധാവു് ഒന്നുംചെ
യ്യാതിരുന്നാലുള്ള അവസ്ഥയെ നിങ്ങൾക്കുതന്നെ അനു
മാനിക്കാവുന്നതാണു്. ഞങ്ങളുടെ ബാഹ്യമായ അനാ
ഡംബരത്തിൽ നിങ്ങൾ ശ്രദ്ധിക്കേണ്ട. ഞങ്ങൾക്കു വിശി
ഷ്ടാസനങ്ങളോ, ശോഭയും വിലയുമുള്ള വസ്ത്രങ്ങളോ
ഇല്ലെന്നുള്ളതു നിങ്ങൾ കാണുന്നു. ഞങ്ങളുടെ ആവനാ
ഴിയിൽ ഒടിഞ്ഞ അസ്ത്രങ്ങളും അരപ്പട്ടയിൽ തുരുമ്പുപി
ടിച്ച വാളുകളുമാണുള്ളതു്. ഭൗതികസാധനങ്ങളിലു
വിശ്വാസം അർപ്പിച്ചുകൊണ്ടു ജീവിതം നയിക്കുകയെ

ന്നത്തു്മരഷ്യത്വത്തെ നിസ്സാരമാക്കുകയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ വിശ്വസിച്ചു് ഏല്പിക്കുന്നതു് ഞങ്ങളേയും നിങ്ങളേയും ഈ ലോകത്തുള്ള സർവ്വ വസ്തുക്കളേയും സൃഷ്ടിച്ച ഏകനായ അല്ലാഹുവിലാകുന്നു. അവന്റെ ശക്തിയാകുന്ന അധികാരത്തിൽ സർവ്വശക്തിയും കഴിവും അടങ്ങുന്നു. ഞങ്ങൾ സത്യത്തിലാകുന്നു. സത്യത്തെ ഒരിക്കലും അസത്യം ജയിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ദൂതൻ:—ഇതു് ഇന്നലെയും അതിനുമുമ്പുള്ള ദിവസത്തേയും വാർത്തകളാകുന്നു. ഞങ്ങളുടെ യുവാക്കളായ അനേകം പടയാളികൾ കൊല്ലപ്പെട്ടുപോയി. നിങ്ങളുടെ ഏകീകരണത്തോടുകൂടിയ കുടുംബങ്ങളിൽ ഉൾപ്പെട്ട യോദ്ധാക്കൾക്കു് അവരെ തടഞ്ഞു നിറുത്താൻപോലും ഇതുവരെ സാധിച്ചിട്ടില്ല.

സഹാബി:—അതു ശരിയായിരിക്കാം. കുറച്ചുകാലത്തിനു മുൻപു് ഞങ്ങൾ അപരിഷ്കൃതരായിരുന്നു. ഇന്നു് ഞങ്ങൾ പരിഷ്കൃതരാണു്. പരിഷ്കാരമില്ലാതിരുന്ന കാലത്തു് അല്ലാഹുവിൻെറ നാമംപോലും അറിയാത്തവരായിരുന്നു ഞങ്ങൾ. സത്യത്തേയും അസത്യത്തേയും ഞങ്ങൾ വേർതിരിച്ചറിഞ്ഞിരുന്നില്ല. ഞങ്ങളുടെ സമരവും രക്തച്ചൊരിച്ചിലും നിങ്ങളെപ്പോലെ ഭൌതികാവശ്യങ്ങൾക്കു വേണ്ടി മാത്രമായിരുന്നു. അന്യരുടെ ജീവനെ നശിപ്പിക്കുന്നതിലുള്ള മോഹത്താൽ ഞങ്ങളും പോക്കളത്തിൽ പോയിരുന്നു. ജീവനു് അപായം സംഭവിക്കാൻ ഇടയുള്ള സ്ഥലത്തു് ഞങ്ങളെ കാണുമായിരുന്നില്ല. നമ്മുടെ രണ്ടു കൂട്ടരുടേയും സമരത്തിലുള്ള ഉദ്ദേശം രക്തച്ചൊരിച്ചിലും, കൊള്ളയും തന്നെയല്ലേ? എത്ര ഭൂസ്വത്തും

ഹീനവും ആയ ഉദ്ദേശം. ഇപ്പോൾ ഞങ്ങൾക്ക് അതു വളരെ ലജ്ജാവഹമായിത്തോന്നുന്നു.

ദൂതൻ :—നിങ്ങളുടെ പുതിയമതം നിങ്ങളിൽ ഒരു നവചൈതന്യം ജനിപ്പിച്ചിരിക്കുന്നു എന്നും നിങ്ങൾ മറെറാരു തരത്തിലുള്ള മനുഷ്യരായി ഭവിച്ചിരിക്കുന്നു എന്നുമാണോ നിങ്ങളുടെ ആശയംകൊണ്ടു ഞാൻ മനസ്സിലാക്കേണ്ടതു് ?

സഹാബി :—അതെ; എൻെറ ആശയം തികച്ചും അങ്ങിനെതന്നെയാണു്.

ദൂതൻ :—നിങ്ങളുടെ പിതൃപിതാമഹന്മാരുടെ മതത്തെ ഉപേക്ഷിക്കുന്നതിൽ നിങ്ങൾക്ക ലജ്ജ തോന്നുന്നില്ലയോ ?

സഹാബി :—അബദ്ധമായ ഒരു കാര്യത്തെ ഉപേക്ഷിച്ചു സുബദ്ധത്തെ സ്വീകരിക്കുന്നതിൽ ലജ്ജക്കു് അവകാശമെവിടെ ? നേരായ മാർഗ്ഗത്തിൽ; ബുദ്ധിമാനെന്ന നിലയിൽ അതു് അഭിമാനകരമാകുന്നു.

ദൂതൻ :—പുതിയ മതം നിങ്ങളെ എന്തു പഠിപ്പിച്ചു എന്നു അറിയാതിരിക്കുന്നിടത്തോളം കാലം നിങ്ങൾ സ്വീകരിച്ചിട്ടുള്ള മതം ശരിയാണെന്നു സമ്മതിക്കുവാൻ എനിക്കു സാദ്ധ്യമല്ല.

സഹാബി :—നബി (സ) തിരുമേനിയുടേയും മഹാന്മാരായ അസ്ഹാബികളുടേയും സാന്നിദ്ധ്യത്തിൽ ഇസ്ലാമിനെക്കുറിച്ചുള്ള സംഗതികളെ പഠിപ്പിക്കുകയെന്നതു് എനിക്കു ഭാരവും പ്രയാസവുമായി തോന്നുന്നില്ല. നബി (സ) തിരുമേനിയുടെ കല്പനപ്രകാരം തന്നെയാണു് ഞാൻ നിങ്ങളോടു സംസാരിക്കുന്നതും. നിങ്ങളുടെ സമാ

ധാനത്തിനുവേണ്ടി കുറച്ചൊക്കെ ഞാൻ സംസാരിക്കാം. ശ്രദ്ധയോടുകൂടി കേൾക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. ദീർഘമായിപ്പോയാൽ വെറുപ്പു് വിചാരിക്കയുമരുതു്.

ദൂതൻ :—നിങ്ങൾ ഉദ്ദേശിക്കുന്നതെല്ലാം പറഞ്ഞു കൊള്ളുക ഞാൻ സശ്രദ്ധം കേട്ടുകൊള്ളാം.

സഹാബി :— എൻെറ ബഹുമാനപ്പെട്ട സ്നേഹിതാ! വിസ്മയജനകമായ ഔന്നത്യം പ്രാപിക്കുന്നതിനും മനുഷ്യരെ ഹഠാദാകർഷിക്കുന്നതിനും കാരണമായ എന്തൊരു നന്മയാണു് ഇസ്ലാമിൽ സ്ഥിതി ചെയ്യുന്നതു് എന്നതറിയാനായിട്ടാണു് നിങ്ങൾ വിദൂരമായ അജംനാട്ടിൽനിന്നും ഇവിടെ എത്തിയിട്ടുള്ളതു്. അറബ്നാടു മുഴുവൻ അതിനെ സസ്നേഹം സ്വീകരിച്ചുമിരിക്കുന്നു. കിസ്റാ, ഖയിസർ എന്നീ രാജാക്കന്മാരും എളിയ അടിമയും തമ്മിൽ സമന്മാരാണെന്നു വിചാരിക്കത്തക്ക എന്തൊരു സംഗതിയാണു ഇസ്ലാം തദനുയായികൾക്കു് പ്രദാനം ചെയ്തിട്ടുള്ളതെന്നു് നിങ്ങൾ അറിയേണ്ടിയിരിക്കുന്നു. ഒരു വസ്തുവിൻെറ നന്മയെ തീർച്ചയാക്കുന്നതിനുമുമ്പു് നന്മകളെ തിട്ടപ്പെടുത്തേണ്ടതു അത്യന്താപേക്ഷിതമാണെന്നാണു് എൻെറ അഭിപ്രായം. നല്ലതു ഇന്നതു് ചീത്ത ഇന്നതു് എന്നു് തിരിച്ചറിയാതിരിക്കുന്നിടത്തോളം കാലം ഒരു വസ്തുവിനെക്കുറിച്ചുള്ള അഭിപ്രായം രൂപീകരിക്കുക സാദ്ധ്യമല്ല.

നിങ്ങൾ ഒരു മതത്തെ അവലംബിക്കുന്നെങ്കിലും അതിനെ സ്വീകരിക്കുന്നതിൽ നിങ്ങൾ ചിന്തിക്കുന്നില്ല. ഈ ലോകത്തിനു് ഒരു നിയന്താവു് (എല്ലാവസ്തുക്കളേയും സൃഷ്ടിച്ച ഒരുവൻ) ആവശ്യമാകുന്നു. തോട്ടക്കാരനില്ലാത്ത ഒരു തോട്ടം തഴച്ചു പുഷ്ടിയാകുക എന്നുള്ളതു് ബുദ്ധിയിൽനിന്നും വളരെ അകലെയാകുന്നു. അതിനെ സമ്മ

തിക്കാനും നിവൃത്തിയില്ല. ലോകത്തിൽ അല്ലാഹുവിൻെറ ഉജ്ജൂദിനെ (സത്തയെ) വിശ്വസിക്കാത്തവർ ഉണ്ട്. നയനഗോചരമാകാത്ത ആയിരക്കണക്കായ വസ്തുക്കളെപ്പോലെ അല്ലാഹുവിനെ അവർ എങ്ങും കാണുന്നില്ല. പഞ്ചേന്ദ്രിയങ്ങളാൽ അറിയാൻ സാധിക്കാത്ത ഒരു ഉജ്ജൂദിനെ വിശ്വസിക്കുന്നതിന് അവരുടെ ചതിവടഞ്ഞ ബുദ്ധി അനുവദിക്കുന്നുമില്ല. ഗോചരമല്ലാത്ത ഒരു ഉജ്ജൂദിനെ സൃഷ്ടാവായി സ്വീകരിക്കാൻ അവരുടെ ബുദ്ധി വിഘാതമാകുന്നു. ഈ ലോകവും വിവിധങ്ങളായ വസ്തുസമൂഹവും എങ്ങിനെ എവിടെനിന്നും ഉത്ഭവിച്ചു എന്നറിയിച്ചുകൊടുക്കുവാൻ അവരുടെ തത്വശാസ്ത്രത്തിനു കഴിവില്ലാത്തതായിരിക്കുന്നു. അവരുടെ വിശ്വാസത്തെക്കുറിച്ചും അഭിപ്രായത്തെക്കുറിച്ചും ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യമില്ല. നിങ്ങൾ ഏതെങ്കിലും ഒരു മതത്തെത്തുടരുന്നു എന്നുള്ളതുതന്നെയാണ് അതിനു കാരണം. മതം മനുഷ്യനെ അല്ലാഹുവിനോട് അടുപ്പിക്കുന്നു എന്നു എല്ലാ മതവും വാദിക്കുന്നു. അതിനാൽ അല്ലാഹുവിൻെറ ഉജ്ജൂദിനെ അവർ സമ്മതിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. നിങ്ങൾ ഈസ്ദ് എന്നും, ദാവർ എന്നും ഉള്ള നാമത്താലാണ് അല്ലാഹുവിനെ വിളിച്ചുവരുന്നത്. അഗ്നി, സൂര്യൻ എന്നീ സൃഷ്ടിവസ്തുക്കളിൽ അല്ലാഹു പ്രത്യക്ഷമാകുമെന്നു വിശ്വസിച്ച് അവകളെ നിങ്ങൾ ആരാധിക്കുന്നു. അഥവാ കല്ലുകളിൽ കൊത്തപ്പെട്ട വിവിധ രൂപങ്ങളെ നിങ്ങൾ ആരാധ്യവസ്തുക്കളായി സ്വീകരിക്കുന്നു. അവകളുടെ മുമ്പിൽ നിങ്ങൾ തലകുനിക്കയും ചെയ്യുന്നു. ഈ സംഗതിയാൽ നിങ്ങളേക്കാൾ ശക്തിയേറിയ ഒരു ഉജ്ജൂദിനെ ഉടമസ്ഥനായിട്ടും സൃഷ്ടാവായിട്ടും നിങ്ങൾ വിശ്വസിക്കുന്നു എന്നു തെളിയുന്നു. നിങ്ങൾ ആ ഉജ്ജൂദിൻെറ സാമീപ്യവും, സന്തോഷവും,

തൃപ്തിയും ലഭിക്കുന്നതിനായി പലതരത്തിലുമുള്ള ആരാധനകളും യോഗാഭ്യാസങ്ങളുംചെയ്തു ശരീരത്തെയും ആത്മാവിനേയും ക്ലേശിപ്പിക്കുന്നു. ആ ഉജ്ജൂദ് നമ്മേയും ഈ ലോകത്തെയും നമ്മൾക്കായി സൃഷ്ടിച്ചു നമ്മെ ഏല്പിച്ചിരിക്കുന്നു. എത്രയും തുച്ഛമായ ഒരു പുല്ലിനെപ്പോലും സൃഷ്ടിക്കാൻ നമുക്കു കഴിയുന്നുണ്ടോ? കെട്ടിടം പണിയുന്നതിനോ തീ എരിക്കുന്നതിനോ ആയി വലിയ വൃക്ഷങ്ങളുടെ ശാഖകൾ മുറിക്കുമ്പോൾ നമ്മളിൽനിന്നു രക്ഷപ്രാപിക്കുവാൻ അതിനു കഴിവില്ല. വൻ മൃഗങ്ങൾ പോലും മനുഷ്യരെ അനുസരിക്കുന്നു. നമ്മെ അനുസരിക്കാത്ത ഒരു സൃഷ്ടിപോലും കാണുകയില്ല. നമ്മളോടു തുല്യമായ ഒരു സൃഷ്ടിയേയും കാണുക സാദ്ധ്യമല്ല. നാം ഒരു ഉൽകൃഷ്ട സൃഷ്ടിയാകുന്നു. ഈ ലോകത്തിൽ ഭരണം നടത്തുന്നതിനായി നാം അയയ്ക്കപ്പെട്ടു. ഈ ലോകത്തിനു ഒരു സ്രഷ്ടാവുണ്ടെന്നു നിങ്ങൾതന്നെ വിശ്വസിക്കുന്നു. ആ സ്രഷ്ടാവിന്റെ ഇഷ്ടത്തിനും സന്തോഷത്തിനും അനുയോജ്യമായ നിലയിൽ ഭരണം നടത്തുന്നതിനായി നാം അയയ്ക്കപ്പെട്ടിരിക്കുന്നു എന്നും നിങ്ങൾ സമ്മതിക്കുന്നു. മറെറാരു രൂപത്തിൽ ഇപ്രകാരം പറയാവുന്നതാണു്. ലോകത്തുള്ള സകലവസ്തുക്കളുടേയും സ്രഷ്ടാവും അതിന്റെ ഉടമസ്ഥനും അല്ലാഹുവാകുന്നു. അവന്റെ നാമംകൊണ്ടു നിങ്ങൾ വിളിക്കപ്പെടുന്നു. സർവ്വസൃഷ്ടികളിലും ഉൽകൃഷ്ടനായി ലോകഭരണത്തിനുള്ള അറിവും ബോധവും നൽകി മനുഷ്യസമുദായത്തെ അവൻ തിരഞ്ഞെടുത്തു. ഈ വാസ്തവം നിങ്ങൾ സമ്മതിക്കുമ്പോൾ ഞാൻ നിങ്ങളോടു ചോദിക്കുന്നു, ഈ വിശാലമായലോകത്തിൽ അല്ലാഹുവിന്റെ ഭരണത്തെ നിലനിറുത്തുന്നതിനായി അല്ലാഹുവിന്റെ നാമത്തിൽ എത്രയോ ജനങ്ങളാണു് ഭരണം നടത്തിയിട്ടുള്ളതു് എന്നു്. നിങ്ങൾ ഈറാൻ ചക്രവ

ത്തിയുടെ ദൂതനാണ്. അദ്ദേഹത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രത്യേക ആളെന്ന നിലയിലാകുന്നു നിങ്ങൾ ഇവിടെ ആഗതനായിട്ടുള്ളത്. നിങ്ങളിൽനിന്നുണ്ടാകുന്ന ഒരു ചെറു ചലനംപോലും ഈറാൻ ഡർബാറിൻേറതായി മാത്രമാണ് ഞങ്ങൾ കരുതുന്നത്. സൽസ്വഭാവവും നീതിനിഷ്ഠയും നിങ്ങളിൽ ഉണ്ടെങ്കിൽ ആ ഡർബാറിനെ സംബന്ധിച്ചു ഞങ്ങൾക്കു ബഹുമാനം വർദ്ധിക്കും. അഥവാ ഇഷ്ടപ്പെടാത്ത പ്രവൃത്തികളാണ് അനുഭവപ്പെടുന്നതെങ്കിൽ അത് നിങ്ങളുടേതല്ല, നിങ്ങളുടെ ഭരണത്താൽ മുശപിടിച്ചിട്ടുള്ള ഡർബാറിൻേറ ചലനമാണെന്നു ഞങ്ങൾ കരുതും. മനുഷ്യസമുദായം അല്ലാഹുവിൻേറ ഗുണങ്ങൾ ഉള്ളവരായിത്തീരാതെ മൃഗതുല്യന്മാരായി സ്വയം അധഃപതിക്കുന്നു. വാസ്തവത്തിൽ ഇതു് അല്ലാഹുവിനെ നിസ്സാരമാക്കുകയാകുന്നു. സർവ്വ സ്രഷ്ടാവിനെക്കുറിച്ചുള്ള കളങ്കമററ ഭക്തിയും അതിരററ സ്നേഹവും നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരുന്നാൽ ഒരു മതത്തെ തുടന്നവനായിരിക്കവേ ഉൽകൃഷ്ടജീവിയായ മനുഷ്യൻ അധഃപതിച്ചുപോകുന്നതിൽ നിങ്ങളുടെ മനസ്സിനു വേദനയുണ്ടാകുന്നു.

സർവ്വശക്തനായ അല്ലാഹു, അവൻേറ പ്രതിനിധിയായി മനുഷ്യനെ ഈ ലോകത്തേക്കു അയച്ചു. അവനു് എല്ലാവിധത്തിലും എതിർശക്തിയെ പരാജയത്തിലാക്കുന്ന ബുദ്ധിയേയും പ്രദാനംചെയ്തു. നേരായ വഴിയും തെററായ വഴിയും ഇന്നതാണെന്നു് അറിയിച്ചുകൊടുക്കുവാൻ അല്ലാഹു അതാതു കാലങ്ങളിൽ പ്രത്യേകം ആളുകളെ നിയോഗിച്ചിരിക്കുന്നു. ഈ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കവെ, ഈസാ നബി (അ), മൂസാ നബി (അ) ഇവരുടെ ജനതയാകട്ടെ, കൺഫ്യൂഷിയസ്, സർതുഷ്ത്

എന്നിവരുടെ അനുഗാമികളാകട്ടെ അവരുടെ മാൎഗ്ഗദൎശക ന്മാരുടെ ഉപദേശങ്ങൾ ഒന്നുംതന്നെ ചിന്തിക്കാതെ സമാധാനിക്കുന്നു. ദുസ്സ-ഭാവികളെ സംബന്ധിച്ച് മൃഗ ങ്ങൾപോലും ലജ്ജിക്കുന്നു. ഒരു പ്രത്യേകജനതയേയോ അഥവാ ഒരു പ്രത്യേക സംഘത്തേയോ ആക്ഷേപിക്കണ മെന്ന് എനിക്കുദ്ദേശമില്ല. അത്തു് താങ്കൾ പൂൎണ്ണമായി വിശ്വസിക്കണം. നിങ്ങളുടെ ജനതയെ നിങ്ങളുടെ വീക്ഷണകോണത്തിൽക്കൂടി ഞാൻ നോക്കുകയാണെന്നു ശങ്കിക്കരുതു്. മനുഷ്യരുടെ പൊതുവിലുള്ള അവസ്ഥയെ കുറിച്ചാണു് ഞാൻ പറയുന്നതു്. അല്പകാലത്തിനു മുമ്പു് അറബികൾ ഏററവും നികൃഷ്ടമായ അവസ്ഥയിലായി രുന്നു. നിങ്ങൾ ഒരു ചക്രവൎത്തിയുടെ ദൂതനെന്ന നിലയ്ക്കു് ഏതാന്നെ ക്കാരം ദേശസഞ്ചാരം ചെയ്തിട്ടുണ്ടായിരിക്കുമല്ലോ. ഈ ലോകാവസ്ഥകൾ നിങ്ങൾക്കു നല്ലതുപോലെ അറി യാൻ കഴിഞ്ഞിരിക്കും. ഇപ്പോൾ മനുഷ്യർ സംഘം ചേൎന്നു് മതത്തിൻെറ പേരിൽ, മതത്തിൻെറ മറവിൽ നിന്നുകൊണ്ടു രക്തച്ചൊരിച്ചിലും നാശങ്ങളും ഉണ്ടാക്കി ക്കൊണ്ടിരിക്കുന്നു. ഈ സംഗതികളെ ഓൎക്കുമ്പോൾ ഹൃദയം വിറക്കൊള്ളുന്നു. മതപണ്ഡിതന്മാരായ നേതാ ക്കന്മാർ ധനത്തിലുള്ള ആഗ്രഹത്താൽ കുറഞ്ഞ സംഖ്യ ക്കുവേണ്ടി യാഥാൎത്ഥ്യത്തെ മറച്ചുവെയ്ക്കുന്നു. അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേററുന്നതിനായി അ നവധി ജീവനെ നശിപ്പിക്കുന്നതിനു പര്യാപ്തമായ ഫത്തു വകൾ (വിധികൾ) നൽകുന്നു. ഓരോ നാട്ടിലും, ഓരോ ജനതയിലും യോഗ്യതയും, കെല്പും, ധീരതയുമുള്ള വ്യക്തി കൾ ഉണ്ടായിരിക്കവെ യോഗ്യതയില്ലാത്ത അനൎഹനായ ഒരു വ്യക്തി സംഘബലത്തോടുകൂടി ഒരു നാട്ടിൻെറ അഥവാ ഒരു ജനതയുടെ പൂൎണ്ണഅധികാരത്തിൽ നേ തൃത്വം വഹിക്കുന്നു. നിങ്ങളുടെ നാട്ടിലോ, നിങ്ങൾ

ധൈര്യം വഹിച്ചുപോയിട്ടുള്ള മററുനാട്ടുകളിലോ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടാത്ത ഒരു ഭരണാധികാരിയുടെ കീഴിൽ നടക്കുന്ന തമാശ നിങ്ങൾ കണ്ടിട്ടില്ലയോ? സിംഹാസനവും കിരീടവും കൈവശപ്പെടുത്തിയിട്ടുള്ള ആ ഭരണാധികാരി താൻ നാട്ടിൻേറയോ ജനതയുടേയോ ഉടമസ്ഥനെന്നോ യജമാനനെന്നോ വിചാരിക്കുന്നതേയില്ല. അയാൾക്കു വെറുപ്പുണ്ടായാൽ എത്ര ജനങ്ങളുടെ ജീവനാണു് നശിക്കുന്നതെന്നും നിങ്ങൾ കണ്ടിരിക്കാം.

നിങ്ങളുടെ നാട്ടിലോ മററുനാട്ടുകളിലോ ഉള്ള ആരാധനസ്ഥലങ്ങളിൽ പോകാനുള്ള സന്ദർഭം നിങ്ങൾക്കുണ്ടായിട്ടുണ്ടെങ്കിൽ മതത്തിൻേറ പേരിൽ അവിടെ നടക്കുന്നതെന്താണെന്നു് നിങ്ങൾ കണ്ടിരിക്കും. ബാഹ്യമായി ലോകബന്ധത്തെ ഉപേക്ഷിക്കുകയും ആന്തരമായി ദുഷ്പ്രവൃത്തികളെ ചിന്തിക്കുകയും ചെയ്യുന്നവരും തങ്ങൾ പരിശുദ്ധരാണെന്നു് ലോകബോദ്ധ്യം വരുത്തുന്നവരുമായ ഒരുക്കൂട്ടം ആളുകൾ ഈ ആലയങ്ങളുടെ ഉള്ളിൽവച്ചു് എത്ര സ്ത്രീകളുടെ പാതിവ്രത്യഭംഗം ചെയ്യുന്നുണ്ടെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ ? ഈ ദുഷ്പ്രവൃത്തിയെപ്പററി നിങ്ങൾ അല്പമൊന്നു ചിന്തിക്കുക. ലോകബന്ധം വെടിഞ്ഞു്, കന്യാസ്ത്രീമഠങ്ങളിൽ അഭയം പ്രാപിക്കുന്ന അധികസ്ത്രീകളും അവരുടെ കന്യകാത്വം നഷ്ടപ്പെട്ടു് അവക്കു ലഭിച്ച കുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുവാൻ പ്രേരിതരായിത്തീരുന്നു.

അബലസംഘത്തിൻേറ അവകാശങ്ങളെ സംരക്ഷിക്കുകയും അവരുടെ പാതിവ്രത്യത്തെ സുരക്ഷിതമാക്കുകയും ചെയ്യുന്ന ആളുകളെ ഈ ലോകത്തിൻേറ ഏതെങ്കിലും ഒരു കോണിൽ നിങ്ങൾ കണ്ടിട്ടുണ്ടോ? ചില മതങ്ങളിലെ പുരോഹിതന്മാർ സ്ത്രീകളെ ഷയിത്താൻേറ മകൾ

അഥവാ, ഷയിത്താൻ എന്നു വിളിക്കുന്നതു് പക്ഷെ നിങ്ങൾക്കറിവുണ്ടായിരിക്കും. നിങ്ങളുടെ നാട്ടിൽ ഉൽകൃഷ്ടരായ മനുഷ്യരെ മുള്ളങ്കി മുതലായ സസ്യങ്ങളെപ്പോലെ വിൽക്കപ്പെടുന്നില്ലയോ? ഒട്ടകം, ആടു്, മുതലായവകളെപ്പോലെയല്ലയോ അവർ അടിമകളെ ഉപയോഗിക്കുന്നതു്?

മനുഷ്യസമുദായത്തിൽ അസമത്വത്തിനു യാതൊരതിരും ഇല്ല. അയാളും ഒരു മനുഷ്യനായിരിക്കെ അയാളുടെ പ്രമാണിത്വം കണ്ടാൽ സങ്കടമുണ്ടാകും. അയാളും അയാളുടെ തരത്തിലുള്ള മററു മനുഷ്യരും വിശേഷഭക്ഷണപാനീയങ്ങൾ അനുഭവിച്ചു വിശിഷ്ടവസ്ത്രങ്ങൾ ധരിച്ചു് എത്രയും സുഖമായി ജീവിക്കുന്നു. യാതൊരു ക്ലേശങ്ങളും കഷ്ടങ്ങളും അയാൾക്കില്ല. എന്നാൽ അതേ സമയത്തു ലക്ഷക്കണക്കായ സാധുസഹോദരന്മാർ രാപകൽ അദ്ധ്വാനിച്ചിട്ടും അവക്കും കുഞ്ഞുങ്ങൾക്കും വയറു നിറയ്ക്കുവാനോ, നഗ്നത മറയ്ക്കാനല്ലാതെ വസ്ത്രങ്ങൾ സമ്പാദിക്കുവാനോ അവക്കു സാധിക്കുന്നില്ല. ഭൂമിയിൽ നിന്നോ, സമുദ്രത്തിൽനിന്നോ, ലഭിക്കുന്ന സ്വൎണ്ണം, വെള്ളി, രത്നങ്ങൾ എല്ലാംതന്നെ യജമാനന്മാക്കുമാത്രം അലങ്കാരത്തിനുള്ളതാകുന്നു. തണുത്തു മരവിക്കുന്ന ശീതകാലത്തും എരിപൊരികൊള്ളുന്ന വേനൽക്കാലത്തും ഈ സാധുക്കൾക്കു വിശ്രമമില്ല. ഈ ക്ലേശങ്ങളെല്ലാം അവർ അനുഭവിക്കുന്നതു് എന്തെങ്കിലും കുററം അവർ ചെയ്തിട്ടാണോ? മനുഷ്യസമുദായത്തിൽ സുഖലോലുപന്മാരായ ചിലർ നിശ്ചയിച്ചിട്ടുള്ള നിയമമാകുന്നു അതു്. ലക്ഷക്കണക്കായ ജനങ്ങൾ അടിമകളായി വത്തിച്ചാൽ മാത്രമേ അവക്കു് ഇങ്ങിനെ ആനന്ദിക്കുവാൻ സാധിക്കയുള്ളു. ആ സാധുജനങ്ങൾ വിശന്നു മരിക്കുന്നു. അവ

രോടു യാതൊരു ദാക്ഷിണ്യവും ഈ യജമാനന്മാർ കാണി ക്കുന്നില്ല. നിഷിദ്ധവും കഠോരവുമായ ഈദൃശകൃത്യങ്ങൾ ഉണ്ടായിരിക്കവേ മനുഷ്യസമുദായം നന്മയുടെ മാർഗ്ഗത്തി ലാണെന്നു് നിങ്ങൾ എങ്ങിനെ വാദിക്കുന്നു? ഒരു മത ത്തിൻെറ നന്മതിന്മകളെ സ്ഥാപിക്കുന്നതിനു് അതിന്റെ ഗുണദോഷവശങ്ങളെ ചർച്ചചെയ്യേണ്ടതു് അത്യന്താ പേക്ഷിതമാകുന്നു എന്നു ഞാൻ ആദ്യമേ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള എൻെറ വിശദീകരണത്താൽ നല്ലതിനേയും ചീത്ത യേയും തീർച്ചചെയ്യുവാൻ നിങ്ങൾക്കു് ഇതിനകം സാധിച്ചിട്ടുണ്ടായിരിക്കും. എൻെറ വിവരണം തുടരണ മെന്നും നന്മതിന്മകളെ എണ്ണി കാണിക്കണമെന്നും നിങ്ങൾ ആഗ്രഹിക്കുന്നതായാൽ എനിക്കു് അതിൽ സന്തോഷമേയുള്ളു.

ദൂതൻ:—അങ്ങയുടെ ഈ പ്രഭാഷണം തുടരണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഞാൻ സശ്രദ്ധം കേൾക്കു ന്നുണ്ടു്. അങ്ങു് എൻെറ കണ്ണു തുറന്നുതന്നിരിക്കുന്നു. എൻെറ കാഴ്ചയ്ക്കതീതമായിരുന്ന പല സംഗതികളും ഞാൻ ഇപ്പോൾ വ്യക്തമായി കാണുന്നു. പല സംഗ തികളിലും ജിജ്ഞാസ വദ്ധിക്കുന്നതേയുള്ളു. എനിക്കു മനസ്സിലാകാതേയോ എൻെറ അഭിപ്രായത്തിനു യോജി ക്കാതേയോ വന്നാൽ ഞാൻ സംശയനിവൃത്തി വരു ത്തിക്കൊള്ളാം.

സഹാബി:— ഇന്നു് ലോകത്തു വ്യാപിച്ചിരിക്കുന്ന നിഷിദ്ധമായ സംഗതികളുടെ മൂലകാരണം, അനീതിയും, അക്രമവും, ശത്രുതയും, അസമത്വവും, ആണെന്നു എൻെറ വാക്കുകളിൽ നിന്നും നിങ്ങൾ ഗ്രഹിച്ചുകാണു മല്ലൊ. നമ്മുടെ സ്രഷ്ടാവു് അക്രമവും അനീതിയും

ചെയ്യുന്നവനല്ല. അവൻെറ നോട്ടത്തിൽ അവൻെറ അടിമകളെല്ലാം ഒരേ സ്ഥിതിയിലാകുന്നു. ലോകത്തിൽ നാം അല്ലാഹുവിൻെറ തിരഞ്ഞെടുക്കപ്പെട്ട അഥവാ അല്ലാഹുവിൻെറ പ്രതിനിധികളാണെന്നു് വിശ്വസിക്കുമ്പോൾ അനീതിയേയും അക്രമത്തേയും നാം വെടിയേണ്ടതല്ലയോ? രാജാവിനേയും ദരിദ്രനേയും ഒരേ കണ്ണുകൊണ്ടു നോക്കണം. ഞാൻ ഇങ്ങനെ പറയുമ്പോൾ നിങ്ങൾ പരിഭവിക്കരുതു്. നിങ്ങൾ ശക്തിയേറിയ ഒരു രാജാവിൻെറ ഡർബാറിലെ ഒരംഗമാകുന്നു. അതുകൊണ്ടു് കുബേരനും കുചേലനും സമന്മാരാണെന്നുള്ളതിനോടു പ്രകൃത്യാ നിങ്ങളുടെ ഹൃദയം അനുകൂലിക്കുകയില്ല. ഈ നിലയിൽ ഭരണകർത്താവും ഭരണീയരും തമ്മിൽ എങ്ങിനെ സമത്വം ഭവിക്കും? ഞാൻ പറയുന്ന കാര്യങ്ങൾ സമാധാനം നിറഞ്ഞ ഹൃദയത്തോടെ കേൾക്കണമെന്നു് ഞാൻ ആദ്യമായി അപേക്ഷിക്കുന്നു. പിന്നീടു വേണമെങ്കിൽ നിങ്ങൾ എതിർത്തുകൊള്ളുക. നിങ്ങൾ ധനവാനാണു്; ശക്തനാണു്; പ്രതാപശാലിയാണു്. സമ്മതിക്കാം. എന്നാൽ ഈ ശക്തിയും പ്രതാപവും ധനവും നിങ്ങൾക്കു് എവിടെനിന്നും എങ്ങിനെ ലഭിച്ചു എന്നു് ഒരു നിമിഷം ചിന്തിക്കുമോ?

ഞാൻ നിങ്ങളുടെ അഭിപ്രായത്തെ അറിയുന്നു. അതു ശരിയാണെങ്കിൽ നിങ്ങളുടെ മറുപടിയിൽ ഇപ്രകാരമായിരിക്കും സമർത്ഥിക്കുന്നതു്. സമ്പത്തു് ഞങ്ങളുടെ പിതാക്കന്മാരിൽനിന്നും പരമ്പരാവകാശമായി ലഭ്യമായതാണു്. അതുമുഖേന ശക്തിയും കഴിവും ഉണ്ടായി. തുടർന്നു് പ്രതാപവും ബഹുമാനവും സിദ്ധിച്ചു. ഇങ്ങനെയല്ലേ പറയുക? എൻെറ ബഹുമാനപ്പെട്ട സ്നേഹിതാ! നിങ്ങളുടെ ഈ ആശയം യഥാർത്ഥത്തിൽനിന്നും എത്രയോ

അകലെയാകുന്നു. ഞാനും നിങ്ങളും വേറെ വേറെ സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതുപോലെ മനുഷ്യസന്താനങ്ങൾ എണ്ണത്തിൽ വളരെ വൎദ്ധിച്ചപ്പോൾ തൊഴിലാളി മുതലാളി വ്യത്യാസം ഇല്ലെന്നു ചിന്തിക്കുവാൻപോലും നിങ്ങൾക്കു സാധിക്കാതായിരിക്കുന്നു. നിങ്ങളുടെ പ്രതാപവും ശക്തിയും സാധുജനങ്ങളുടെ രക്തത്തിനാലും വിയൎപ്പിനാലും കിട്ടിയതാണെന്നു് അല്പമൊന്നു ചിന്തിച്ചാൽ നിങ്ങൾക്കുതന്നെ ഗ്രഹിക്കാവുന്നതാണു്. അതിൽ നിന്നുതന്നെയാണു് രാജാവിന്റേയും ഉദ്യോഗസ്ഥമേധാവികളുടേയും ഉല്പത്തിയും.

ദൂതൻ:—അങ്ങു ക്ഷമിക്കുമല്ലോ. അങ്ങയുടെ പ്രസംഗം ശ്രവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദൎഭത്തിൽ ഒരു കാര്യം എനിക്കു മനസ്സിലാകാതെയുണ്ടു്. നാട്ടിലെ ഉദ്യോഗസ്ഥന്മാരെയും. രാജാക്കന്മാരെയും എങ്ങിനെയാണു് നാം ആശ്രയിക്കാതിരിക്കുന്നതു് ? അവർ ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമായിരിക്കുമ്പോൾ അസമത്വത്തിന്റെ സന്തോഷകരമല്ലാത്ത അവസ്ഥ ഉണ്ടാകുമെന്നുള്ളതു നിശ്ചയംതന്നെ. രാജാവാകട്ടെ പ്രവൃത്തികൊണ്ടും സ്വഭാവംകൊണ്ടും എത്രയും ഔന്നത്യത്തിൽ വൎത്തിച്ചിരുന്നാലും ഇല്ലെങ്കിലും ഭരണം നടത്തുന്നുണ്ടു്. അങ്ങു രാജാക്കന്മാരുടെ ചുമലിൽ ചുമത്തുന്ന ദോഷങ്ങൾ സ്വേച്ഛാപ്രഭുക്കളായ അധികാരസ്ഥന്മാരിലും കാണപ്പെടുന്നു. ഇതിൽ ശക്തിഹീനന്മാരുമുണ്ടു്. അവരിൽ എല്ലാ ഗുണങ്ങളും തികഞ്ഞുകണ്ടിട്ടും അവരെക്കുറിച്ചു അങ്ങു് കണ്ണടച്ചുകളയുകയാണു് ചെയ്യുന്നതു്. മൂഢനായ കൃഷികൻ, വിദ്യാവിഹീനനായ തൊഴിലാളി, കച്ചവടക്കാരൻ ഇവരാൽ നാടു് നിയന്ത്രിക്കപ്പെടുമോ ? നാട്ടിന്റെ നേതൃത്വം വഹിക്കുകയെന്നതു ഒരു സാധാരണ കാര്യമ

ണെന്നു അങ്ങു വിചാരിക്കുന്നുണ്ടോ? ആ ഗൌരവമേറിയ ചുമതല സാമാന്യജനങ്ങളാൽ അല്ലെങ്കിൽ മൂഢന്മാരാൽ വഹിക്കുക സാദ്ധ്യമാണോ? നാട്ടിനും ജനങ്ങൾക്കും സന്തോഷകരമായ ജീവിതത്തിനുവേണ്ട നിയമങ്ങളെ നിർമ്മിച്ചു അവരെ ഉന്നതിയിലേക്കു നയിക്കുന്നതു് ഒരു നിസ്സാരകാര്യമാണോ? നിലം ഉഴുന്നവനും തോട്ടിക്കും അതിനു കെല്പുണ്ടോ? ശത്രുസൈന്യങ്ങൾ നാട്ടിനെ ആക്രമിച്ചു നമ്മുടെ കുടുംബത്തെ നശിപ്പിക്കുകയും കൊള്ളയിടുകയും ചെയ്യുമ്പോൾ അതു തടയുവാൻ രാജാവില്ലെങ്കിൽ എങ്ങിനെ സാദ്ധ്യമാകും. രാജാവില്ലെങ്കിൽ നിയമങ്ങൾതന്നെയും ശിഥിലമായിപ്പോകുമെന്നാണു് എന്റെ വിശ്വാസം.

അങ്ങു ക്ഷമിക്കണം. നിങ്ങളുടെ ഈ നാടു ഇപ്പോഴും അപരിഷ്കൃതാവസ്ഥയിൽ തന്നെ ആണ്ടു കിടക്കുന്നു. പരിഷ്കാരത്തെ സംബന്ധിച്ചു നിങ്ങൾക്കു ഒരു ബോധവുമില്ല. നിങ്ങൾ അതിനെ സംബന്ധിച്ചു അറിയുക എന്നതുതന്നെ വളരെ പ്രയാസമേറിയ ഒരു കാര്യമാണു്. യഥാർത്ഥത്തിൽ പരിഷ്കാരംസിദ്ധിച്ച ഒരാൾ ഈ സ്ഥിതി ഇഷ്ടപ്പെടുകയില്ല. മനുഷ്യർ പരിഷ്കാരത്തെക്കുറിച്ചു് അറിയാത്തവരായി ജീവിക്കണമെന്നു് അങ്ങയുടെ മതം പഠിപ്പിക്കുന്നതായാൽ എന്റെ അഭിപ്രായത്തിൽ അറബുനാട്ടിലെ ബദുക്കൾ ഒഴികെയുള്ള ഏതെങ്കിലും ഉന്നതിപ്രാപിച്ച ജനത പക്ഷെ അതു് സ്വീകരിക്കുന്നതിനു സന്നദ്ധരായേക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

സഹാബി:—പരിഷ്കാരത്തിന്റെ ആവശ്യകതയേയും രാജാവും ഉദ്യോഗസ്ഥന്മാരും അവശ്യം ഉണ്ടായിരിക്കേണ്ടതിനേയും സംബന്ധിച്ചു നിങ്ങൾ എത്രയും യുക്തിയുക്തമായി സമർത്ഥിച്ചു. എന്നാൽ അതിനു് ഇത്രയും

14374.

ആവശ്യമുണ്ടായിരുന്നില്ല. രാജവാഴ്ചയേയും പരിഷ്കാരത്തെയും ഞാൻ നിശ്ശേഷം നിരസിക്കുന്നില്ല. ഇന്നു ലോകത്തുള്ള ധനവാന്മാർ, അധികാരികൾ, പ്രതാപശാലികൾ എന്നിവരുടെ സ്വഭാവങ്ങളും പ്രവൃത്തികളും ഏറ്റവും താഴ്ന്നതും നീചവുമാകുന്നു എന്നേ ഞാൻ പറയുന്നുള്ളു. നാഗരികത്വവും പരിഷ്കാരവും ആവശ്യമില്ലെന്നു ഇതിനർത്ഥമില്ല. ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ള ദോഷങ്ങൾ മൂലതത്വത്തെ സ്പർശിക്കുന്നവയുമല്ല. നാം ഒരു രാജാവിനെ അനുസരിക്കുകയും, അദ്ദേഹത്തിൻെറ ഭരണത്തിൽ ജീവിക്കുകയും ചെയ്യുന്നു. എന്നാൽ രാജാക്കന്മാരെ തിരഞ്ഞെടുക്കുന്ന ഇപ്പോഴത്തെ രീതി തീരെ നാശഹേതുകമാകുന്നു എന്ന യഥാർത്ഥത്തിൻെറ പരിധിയിലാണു് എൻെറ വാദം സ്ഥിതിചെയ്യുന്നതു്. നിങ്ങളുടെ ജനത പരിഷ്കാരികളാണെന്നു പറയുന്നതിനു് അനർഹരാണെന്നു ഞാൻ പറയുമ്പോൾ നിങ്ങൾ കോപിക്കരുതു്. നിങ്ങൾ രാജകീയഡർബാറിലെ ഗാംഭീര്യവും ശോഭയും, അതിൻെറ ബാഹ്യമായ അലങ്കാരങ്ങളുംകണ്ടു് ഭ്രമിച്ചുപോയിരിക്കുന്നു. ശരീരത്തെ പട്ടാംബരങ്ങളാൽ അലംകൃതമാക്കുകയും, നെയ്യ്കൊഴുപ്പുള്ള വിശേഷഭക്ഷണപദാർത്ഥങ്ങളെക്കൊണ്ടു വയർ നിറക്കുകയും ചെയ്യുന്നതു ഒരു പരിഷ്കാരമല്ല. ശരീരത്തിനു ആനന്ദവും വിശ്രമവും ലഭിക്കുന്നതിനായി വിനോദങ്ങളിൽ മുഴകി ജീവിക്കുന്നതു പരിഷ്കാരമാണെന്നു ധരിക്കുന്നതു് എത്രയും മൌഢ്യമാണു്. എൻെറ വന്ദ്യസ്നേഹിതാ! നിങ്ങൾ അല്പം സമാധാനത്തോടെ ഒന്നു ചിന്തിക്കുമോ? ആനന്ദിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള എല്ലാ സുഖസൌകര്യങ്ങളും ജീവിതസുഖത്തെമാത്രം ഉദ്ദേശിച്ചിട്ടുള്ളവയല്ലേ? ഏതു സംഗതികളിലും ആ അപരിഷ്കാരികളായ അറബികൾ നിങ്ങളെക്കാൾ എത്രയും ഉയൎന്നവരാകുന്നു. അവ

രുടെ ബുദ്ധി, പരീക്ഷണങ്ങൾമുഖേന ഉന്നതിപ്രാപിച്ചിട്ടില്ലായിരിക്കാം. അവരുടെ അറിവിനു പരിധിയുണ്ട്. അവർ പ്രകൃതിയുടെ മടിത്തട്ടിൽനിന്നു മാറിയിട്ടു അധികകാലമായിട്ടില്ല. അവരുടെ പ്രവൃത്തിയും കെല്പും ഇതേവരെ എല്ലമയെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായിട്ടില്ല. പരിഷ്കൃതരായ ജനതയെപ്പോലെ കുറെ വെള്ളിയും സ്വർണ്ണവും കൈവശമുള്ളയാളിന്റെ അടിമയാകാൻ അവർ ഇഷ്ടപ്പെടുന്നില്ല. പരിഷ്കാരത്തിൽ പിന്നണിയിലാണെങ്കിലും, അവരുടെ കുടുംബങ്ങൾ ഒന്നിച്ചു ചേർന്നില്ലെങ്കിലും പണവും ശക്തിയുമുള്ളവർ അവരെ അടിമയാക്കാനും, പ്രകൃതി അവക്ക് ദത്തം ചെയ്തിട്ടുള്ള വിലയേറിയ സ്വാതന്ത്ര്യത്തെ ധനത്തിനുവേണ്ടി പണയപ്പെടുത്താനും അവർ സന്നദ്ധരല്ല. പരിഷ്കാരം സിദ്ധിച്ച ഒരു ജനതയുടെ മുമ്പിൽ അവർ ഉദ്ധതരായി നിന്നുകൊണ്ടു അഭിമാനത്തോടെ ഇങ്ങിനെ പറയും. "അല്ലാഹ് എന്നെ സൃഷ്ടിച്ചതുപോലെ ഇന്നു ഞാൻ തൃപ്തികരമായ സ്വാതന്ത്ര്യം ഉള്ള ഒരു മനുഷ്യനാകുന്നു." ഇപ്പോൾ ബദുവികളുടെ വക്കാലത്തു ആവശ്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. അങ്ങിനെയാണെങ്കിൽ അവരെ സംബന്ധിക്കുന്ന ചില വാർത്തകൾക്കൂടി പ്രസ്താവിക്കുവാൻ സാദ്ധ്യമാണ്. എനിക്കു ഇത്രമാത്രമേ ഉദ്ദേശമുള്ളു. നിങ്ങൾ വലിയൊരു ചതിവിൽ സ്ഥിതിചെയ്യുന്നു. നിങ്ങളുടെ ഉന്നതിയുടെ ഉത്ഭവം പരിഷ്കാരമാണെന്ന് വിചാരിച്ചു മുന്നോട്ടു പായുന്നു. അതു് യഥാർത്ഥത്തിൽ ഊഹാപോഹമത്രേ. ലോകത്തുള്ള എല്ലാ ജനങ്ങൾക്കും അവരവരുടെ പരിഷ്കാരത്തിൽ അഭിമാനമുണ്ട്.

നിങ്ങളുടെ ജനത ഉന്നതിയുടെ എല്ലാ പടികളും തരണംചെയ്തുകഴിഞ്ഞിരിക്കുന്നു എന്ന് നിങ്ങൾതന്നെ വിചാരിക്കുന്നുണ്ടല്ലോ. എന്നാൽ ആ അടിസ്ഥാനമി

ല്ലാത്ത പരിഷ്കാരത്തെ സംബന്ധിച്ച് അല്പംകൂടി പറയണമെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ ആദ്യമായി പരിഷ്കാരത്തെക്കുറിച്ച് അറിയാത്തവനായ ഒരു മനുഷ്യനെ സങ്കല്പിക്കുക. അവൻ കാടുകളിൽ സഞ്ചരിക്കുന്നു. ശത്രുക്കളോ ദുഷ്ടമൃഗങ്ങളോ എതിരിട്ടുമെന്നുള്ള ഭീതിയാൽ അയാൾ ചുററുപാടും നോക്കുന്നുണ്ട്. വൃക്ഷങ്ങളുടെ മറപിടിച്ച് ആ കാടു തരണംചെയ്യുന്ന അവൻ ആഹാരസമ്പാദനത്തിനായി വേട്ടയ്ക്ക് ഉത്സാഹിക്കും. കൂർത്തുമൂർത്ത കല്ലുകളെ അവൻ ആയുധമായി തിരഞ്ഞെടുക്കും. പ്രഭാതംമുതൽ സായാഹ്നംവരെയുള്ള അവൻെറ സഞ്ചാരത്തിൽ എപ്പോഴെങ്കിലും ആടിനേയോ മാനിനേയോ വേട്ടചെയ്തുകിട്ടിയാൽ അവന് അതില്പരം സന്തോഷം വേറെ ഉണ്ടാകാനില്ല. തൻെറ ആ ആഹാരസാധനത്തെയും തന്നെത്തന്നെയും സുരക്ഷിതമാക്കുന്നതിന് ആ സമയത്ത് അവൻ മാർഗ്ഗമന്വേഷിക്കുന്നു. അതിനൊരു സ്ഥലം യോജിച്ചതായി കണ്ടുകിട്ടിയാൽ അവൻ അവിടെ സുഖമായി ഉറങ്ങുന്നു. വിശാലമായ വനപ്രദേശത്ത് ഈ രീതിയിൽ അനേകം മനുഷ്യർ ഒററയ്ക്കു ജീവിക്കുമ്പോഴും അവൎക്കു വിശ്രമമില്ല. പരിസരങ്ങളെ ചിന്തിച്ചുള്ള ഭയവും അവനിൽ കുടികൊള്ളുന്നുണ്ട്. അവൻ വിശ്രമിക്കുന്ന ഗുഹയുടെ പ്രവേശനദ്വാരത്തിൽ അടയ്ക്കപ്പെടുന്ന കല്ലുകൾ ചിലപ്പോൾ ദുഷ്ടമൃഗങ്ങളുടെ ആക്രമണത്താൽ ഇളക്കപ്പെടുന്നു. ഒരു ദിവസം ഈ വനവാസികളിൽ ഒരാൾ ഒരു ആടിൻെറ പിന്നാലെ ഓടുന്നതായി കണ്ടു. വേറൊരാളും അതിനെ പിൻതുടൎന്നു വരുന്നുണ്ട്. ആടിൻെറ ഗതിവേഗത്താൽ എറിയുവാൻ സാധിക്കുന്നില്ലെന്നുകണ്ട് അയാൾ കുറുക്കുവഴിയായി അതിന്റെ മുമ്പിൽ എത്തി അതിനെ തടഞ്ഞു. അപരൻ ഈ സന്ദർഭത്തിൽ അവിടെയെത്തി അതിനെ

വധിച്ചു. രണ്ടുപേക്കും വളരെ ആനന്ദമുണ്ടായി. അവർ അതിനെ ശിലായുധങ്ങളാൽ ഭാഗിച്ച് അവരവരുടെ ഓഹരിയെ വഹിച്ചുകൊണ്ട് വിശ്രമസ്ഥാനങ്ങളിലേയ്ക്കു പോയി. അന്നുമുതൽ ദിനംപ്രതി വേട്ടയിൽ അവർ സഹകരിച്ചുതുടങ്ങി. ഇതു് തഹ്ദീബിൻെറ (പരിഷ്കാരം) ആദ്യഘട്ടമാകുന്നു.

ഈവിധം കുറെദിവസം ഒന്നിച്ചുപ്രവത്തിച്ചപ്പോൾ ഇംഗിതങ്ങൾ അന്യോന്യം ധരിപ്പിക്കുന്നതിനായി ചില പദങ്ങൾ അവർ സൃഷ്ടിച്ചു. ക്രമേണ അവർ ഒരു ഗുഹയിൽത്തന്നെ താമസമായി. ഈ സഹകരണം അവരുടെ പ്രവൃത്തികൾക്കു ഒരു ലഘുത്വം ഉണ്ടാക്കി. ഗുഹാമുഖം വളരെ ഭാരമേറിയ കല്ലുകൊണ്ട് അടയ്ക്കുവാൻ അവക്കു സാധിച്ചു. ഇപ്രകാരം മനുഷ്യൻ തമദ്ദുനിൻെറ (നാഗരികത്വത്തിൻെറ) പ്രാരംഭപടി തരണംചെയ്തു. ഞാൻ ഇത്രയും പറഞ്ഞതു് കഥാപ്രതിപത്തിയാലല്ല. നിങ്ങളുടെ വാക്കുകളിൽ അടിക്കടി തഹ്ദീബു് (പരിഷ്കാരം) എന്ന പദത്തെ ഉപയോഗിക്കുന്നു. അതിൻെറ യഥാത്ഥരൂപത്തെ പ്രസ്പഷ്ടമാക്കണമെന്നു മാത്രമാണു് എൻെറ ഉദ്ദേശം. നിങ്ങളുടെ ദേശഭാഷയിൽ വ്യക്തമാക്കുകയാണെങ്കിൽ തഹ്ദീബിൻെറ അത്ഥം ശരീരത്തിനു വിശ്രമവും സുഖവും നൽകുകയും അന്യരുടെ അദ്ധ്വാനഫലങ്ങളെ അനവകാശമായ തരത്തിൽ വാങ്ങുകയും സ്വണ്ണം വെള്ളി, പട്ടുവസ്ത്രങ്ങൾ, ഇവകൊണ്ടു ശരീരത്തെ അലംകൃതമാക്കുകയും ചെയ്യുക എന്നതാണു്. എന്നാൽ ആ വാക്കിൻെറ യഥാരത്ഥമായ ആശയം ഇങ്ങിനെയാണു്: ഒന്നിനേക്കാൾ അധികം വ്യക്തികൾ ഒരു സ്ഥലത്തു താമസിക്കുന്നു. അവരെ ഒരു കുടുംബമെന്നോ ഒരു ഗ്രാമമെന്നോ അഥവാ ഒരു ജനതയെന്നോ എന്തെങ്കിലും

പേരു പറയട്ടെ. അതിൽ ഓരോ വ്യക്തിയും സഹക രിച്ചു പ്രവത്തിക്കണം. വേട്ടയിൽ ഒരു മാനിനെ കിട്ടി യാൽ സമമായി ഭാഗിച്ചെടുക്കണം. മനുഷ്യൻെറ ശരീ രത്തിലെ അവയവങ്ങൾ ഉദാഹരണമാക്കെടുക്കുന്നതായാൽ ഇതു് നിങ്ങൾക്കു കൂടുതൽ വ്യക്തമാകും. നമ്മുടെ ശരീര മെന്നതു് കയ്യ്, കണ്ണ്, കാല്, മൂക്ക്, ചെവി, വായു്, ഹൃദയം, തലയോട്ട് മുതലായവയുടെ സമൂഹത്തിനു പൊതുവിൽപറയുന്ന പേരാണല്ലോ. ഓരോ അവയവവും രാപകൽ ശരീരത്തിനുവേണ്ടി പൂണ്ണമായ സേവനമനു ഷ്ഠിക്കുന്നു. ഈ അവയവങ്ങളിലെല്ലാം ഒരേതരത്തിൽ ഭക്ഷണവുംഎത്തുന്നുണ്ടു്. ഇതുപോലെ ഒരുകുടുംബത്തിൽ 20-അംഗങ്ങൾ ഉണ്ടായിരുന്നാൽ പ്രവൃത്തികളിൽ അവർ സഹകരിക്കുകയും കിട്ടുന്ന ആദായം സമഭാഗമായി എടു ക്കുകയും ചെയ്തിരുന്നു. അവർ സംഘമായിട്ടോ ജനതയാ യിട്ടോ പ്രവൃത്തിയുടെ ലാഘവത്തിനുവേണ്ടി യോജിക്കുന്നു. തന്നിമിത്തം ചിലർ കൃഷിയിലും, ചിലർ നെയ്ത്തിലും, എന്നുവേണ്ട ആവശ്യകമായ പല തൊഴിലുകളിലും ഏപ്പെടുന്നു. ഒരാളിനു മറെറാരാളിൽനിന്ന് ഉപദ്രവം ഉണ്ടാകുമ്പോൾ അതിനെ തടയാൻ അവർ സന്നദ്ധരാ കുന്നു. തഹ്ദീബിൻെറ നിയമങ്ങളെ അനുസരിക്കാത്ത വരോടു നിസ്സഹകരണം തുടരുന്നു. കുടുംബത്തിൽത്തന്നെ യോഗ്യനും നീതിജ്ഞനും ധീരനുമായ ഒരാളെ കാര്യനട ത്തിപ്പിന്നായി അവർ നേതാവാക്കുന്നു. ആ ആളിൻെറ നിയമങ്ങൾക്കു വിധേയരായി കുടുംബസംരക്ഷണത്തിന് അവർ ഒത്തൊരുമിച്ചു പ്രവത്തിച്ചുതുടങ്ങുന്നു. കുടുംബ ത്തിൽ ഏതെങ്കിലും അംഗത്തിനു രോഗം ബാധിച്ചാൽ ശുശ്രൂഷചെയ്യുന്നതിനും ഒരുകൂട്ടർതയ്യാറാകുന്നു. ധൈര്യം ബുദ്ധി, ആത്മരസംരക്ഷണം, എന്നിവകൊണ്ടു് ഈ കൂട്ട രുടെ കീത്തി വ്യാപിക്കുകയും അവരിൽ സേവനം കൂട്ട

തൽ അനുഷ്ഠിച്ചിട്ടുള്ളവർ നേതാവാകയും ചെയ്യുന്നു. ഈ വിധത്തിൽ ഭൃത്യൻ യജമാനസ്ഥാനത്തേയ്ക്കു് ഉയരുന്നു. ഇങ്ങനെ ഉണ്ടാകുന്ന നേതാവു കുടുംബത്തിൻെറ രാജാവും കുടുംബാംഗങ്ങൾ പ്രജകളും ആകുന്നു. ഇത്രയും ഞാൻ പറഞ്ഞതു് യഥാർത്ഥമായതഥ്ദീബാകുന്നു. ഭരണം ശരിയായി നടത്തുന്നതിനു്, ബുദ്ധിമാന്മാരും വിദ്യാഭ്യാസമുള്ളവരുമായ ജനങ്ങളുടെ അഭിപ്രായത്തോടുയോജിച്ചു തീരുമാനംചെയ്യേണ്ട സന്ദർഭങ്ങളുണ്ടാകുമ്പോൾ അവരോടു് ആലോചിക്കുന്നു എന്നൊരു കുറവേപറയാനുള്ളു. എന്നാൽ മനുഷ്യസമുദായത്തിനു് ഒരു നിർഭാഗ്യദശയാണു് ഇപ്പോൾ സംഭവിച്ചിട്ടുള്ളതു്. നേതാക്കന്മാരുടെ കൈവശം ധനവുംകഴിവും വന്നുചേന്നപ്പോൾഅവർ സ്വന്തംപ്രാബല്യത്തെ വദ്ധിപ്പിക്കാനുള്ള നിയമങ്ങൾ നിമ്മിച്ചുതുടങ്ങിയിരിക്കുന്നു. സേവനത്തിൽ മറഞ്ഞുകിടക്കുന്ന രഹസ്യത്തിൻെറ മഹിമയെ അവർ മറന്നുകളഞ്ഞു. അവർ ഭരണകത്താക്കളായശേഷം സേവനത്തിൽനിന്നും അവർ നിശ്ശേഷം ഒഴിഞ്ഞുകളഞ്ഞു. ഉയന്ന പദവിയിൽ എത്തിയപ്പോൾ ജനങ്ങളെ അവർ ഏററവും നികൃഷ്ടരായി കരുതിത്തുടങ്ങി. നിയമങ്ങൾ മുഖേന രാജപദവി അവകാശമായ നിലയിൽ അവർ വഹിച്ചു. കുറച്ചുകാലം ഈ നടപടി നിലവിൽ ഇരുന്നപ്പോൾ രാജകീയസന്താനങ്ങൾ ജനങ്ങളിൽനിന്നു് എത്രയും അകന്നവരായി ഭവിച്ചു.

ഈ രാജാക്കന്മാർ അവരുടെ ശക്തിയേയും പ്രാബല്യത്തേയും ബഹുമാന്യതയേയും നിലനിത്തുന്നതിനായി കുടുംബത്തിൽ പേരും പെരുമയുമുള്ള വ്യക്തികളെ അവരുടെ മന്ത്രിമാരാക്കി. അവർക്കു് രാജാക്കന്മാരുടെ കാരുണ്യവും സഹായവും സിദ്ധിച്ചു. ആ മന്ത്രിമാരിൽ നിന്നു് ജനങ്ങൾക്കു് യാതൊരു ദയവും ലഭ്യമായില്ല.

പ്രവൃത്ത, ജനങ്ങളിൽ ഇവർ പ്രാമാണികത്വം നടിക്കുകയും ചെയ്യു. ഈവിധത്തിൽ ഉയൎന്നസ്ഥാനത്തു നിന്നുകൊണ്ടു ഇവർ വമ്പിച്ച ആദായം എടുക്കുന്നു. ജനങ്ങൾ വേലചെയ്യുണ്ടാക്കുന്ന ധനം അവരുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനുതകുന്നതിനു പകരം നാട്ടിൻെറ സംരക്ഷകനെന്നു ഭാവിക്കുന്ന രാജാവ് സ്വകുടുംബത്തിനും ദർബാറിലുള്ള ഉദ്യോഗസ്ഥജനങ്ങളുടെ ധൂൎത്തിനുമായി ചെലവിടുന്നു. ഒരു ഭാഗത്ത് ഉന്നതമായ പ്രാകാരങ്ങളും ഉത്തുംഗസൌധങ്ങളും സ്ഥാപിക്കപ്പെടുന്നു. മറുഭാഗത്തോ ദാരിദ്ര്യം ഹേതുവാൽ ചെററക്കുടിൽപോലും ഇല്ലാതെയുള്ള കഷ്ടാവസ്ഥ. ഒരു ഭാഗത്തു സ്വൎണ്ണപ്പാത്രങ്ങളും അലങ്കാരോപകരണങ്ങളും. എതിർഭാഗത്തോ രക്തം മുഴുവൻ വെള്ളമായിത്തീരത്തക്കവിധമുള്ള അദ്ധ്വാനങ്ങളും ക്ലേശങ്ങളും. ഈ സംഭവങ്ങളെ മുമ്പിൽ വച്ചുകൊണ്ടു ചിന്തിക്കുക. നിങ്ങളുടെ ഭാഷയിൽ തഹ്ദീബ് എന്നതിനുള്ള സ്ഥിതിഗതികളാണിവ. ഇതു നിമിത്തം മനുഷ്യസമുദായത്തിനു വലുതായ ദോഷമാണ് ദൈനംദിനം സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഒരു കുടുംബത്തിൻെറ തഹ്ദീബ് ഇപ്രകാരം ആയിരിക്കണം. അതായത് കുടുംബത്തിൻെറ എല്ലാവ്യക്തികളും അതിൻെറ ഉന്നതിക്കും സന്തോഷത്തിനുംവേണ്ടി അദ്ധ്വാനിക്കുകയും, ഓരോ വ്യക്തിയും കുടുംബത്തിൻെറ സേവകനായി വൎത്തിക്കുകയും ചെയ്യേണ്ടതാണ്. അവരുടെ എല്ലാപ്രവൃത്തികളിലും സഹകരണം ഉണ്ടായിരുന്നാൽ കൃത്യനിർവ്വഹണം സുഗമമായിരിക്കും. അവരുടെ ഭാവി ദൈനംദിനം വൎദ്ധമാനമായിവരികയും ചെയ്യും. നിങ്ങളുടെ കുടുംബത്തിലെ തഹ്ദീബുകൊണ്ടുള്ള ഫലം ഇതിനു വ്യത്യസ്ഥമാണ്. ഒരു രാജാവും കുറെ ഉദ്യോഗസ്ഥന്മാരും ധനവാന്മാരായ ഏതാനും വ്യക്തികളും ഉണ്ടായിരിക്കും. അവൎക്ക് എല്ലാ

ിധവുമുള്ള സുഖസൌകൎയ്യങ്ങളുമുണ്ട്. എന്നാൽ കുടുംബത്തിന്റെ അവസ്ഥയോ രാപകൽ ക്ലേശമനുഭവിച്ചുകൊണ്ടുള്ള മരണം. ജീവിതത്തിന്റെ സുലഭമായ വശങ്ങളൊന്നും അവക്ക് അനുഭവമല്ല. നിങ്ങളുടെ ഈവിധമുള്ള തഹ്ദീബ് ജനങ്ങളെ രണ്ടായി വിഭജിച്ചു. ആ വിഭാഗങ്ങൾ തമ്മിൽ യാതൊരു സാമ്യവുമില്ലാത്ത തരത്തിൽ വ്യത്യസ്ഥമായി അകന്നുപോയിരിക്കുന്നു.

ദൂതൻ:—അഗതികളുടെ സംഘത്തിനെ ഏററവും താണവരാണെന്നു പറയുന്നതിൽ എന്താണ് വാസ്തവമല്ലാത്തുള്ളത്? മൃഗങ്ങളെപ്പോലെ അവൎക്ക് ശരീരശക്തിയുണ്ടെന്നല്ലാതെ ജ്ഞാനം എന്നത് അവരിൽ ഇല്ല. സമ്പത്തോ, ബുദ്ധിശക്തിയോ അവരിൽ കാണാനില്ല. മനുഷ്യത്വമെന്നതു അവരിൽ ഉണ്ടോ? അവരെ അമൎത്തി വച്ചിരുന്നില്ലെങ്കിൽ അവരുടെ ശക്തിയെ അവർ അസ്ഥാനത്തു ഉപയോഗിക്കുകയും ഭംഗിയേറിയ ലോകത്തെ രക്തപ്പുഴകളായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതായി കാണാൻ സാധിക്കും. ഞങ്ങൾ ഉന്നതസംഘത്തിൽ എണ്ണപ്പെടുന്നു എന്നുള്ള യാഥാൎത്ഥ്യത്തെ നിങ്ങൾക്കു നിരസിക്കാൻ സാദ്ധ്യമല്ല. കാരണം, ഞങ്ങളുടെ ബുദ്ധിസാമൎത്ഥ്യംകൊണ്ടു ഞങ്ങൾ ഉയൎന്നു എന്നുമുള്ളതു തന്നെ. ഞങ്ങളുടെ സ്വഭാവം, ഞങ്ങളുടെ ആചാരം, പ്രവൃത്തി, പരിഷ്ക്കാരം എല്ലാംതന്നെ അവരെക്കാൾ എത്രയോ ഉൽകൃഷ്ടതയിലാകുന്നു. എന്റെ അഭിപ്രായം ഇപ്രകാരം വ്യക്തമാക്കുന്നതു് ഒട്ടും അതികവിഞ്ഞതാകയില്ല. അവർ മൃഗങ്ങളാണെങ്കിൽ ഞങ്ങൾ മനുഷ്യരാകുന്നു. അവർ മനുഷ്യരാണെങ്കിൽ ഞങ്ങൾ മലക്കുകളോ അഥവാ മനുഷ്യരെക്കാൾ ഉത്തമന്മാരായ മററുസൃഷ്ടികളോ ആയിരിക്കുന്നതാണ്. നിങ്ങൾ അഗതിസംഘത്തോടു അധികം ഇടപഴകിയിട്ടില്ലെന്നാണ് എന്റെ വിശ്വാസം.

അവരുടെ അഴുക്കുപിടിച്ച ശരീരം, ചെളിപുരണ്ട വസ്ത്രം, ദുഷിച്ച ആചാരങ്ങൾ, സദസ്സിൻറ ആചാരമര്യാദകളെ സംബന്ധിച്ചുള്ള അജ്ഞത, നിരർത്ഥകമായ സംഭാഷണം, ബാലിശമായ അഭിപ്രായം ഇവയെല്ലാംതന്നെ നിങ്ങൾക്കു ഇഷ്ടപ്പെടുന്നവയായിരിക്കയില്ല. ഇവക്കും മൃഗങ്ങൾക്കും തമ്മിൽ രൂപത്തിൽ മാത്രമേ വ്യത്യാസമുള്ളു എന്നു് ഞാൻ തീർത്തുപറയുന്നു. കുതിര, കാള, അധഃകൃതമനുഷ്യൻ ഇവ തമ്മിൽ എന്തൊരു വ്യത്യാസമാണുള്ളതു്? മൃഗങ്ങളെപ്പോലെ ഇവരെക്കൊണ്ടു ജോലി ചെയ്യിക്കുന്നതിൽ തെററു് എന്താണുള്ളതു്?

സഹാബി:—നിങ്ങൾ ഉൾപ്പെട്ട നിങ്ങളുടെ ഉൽകൃഷ്ടസംഘം ഈ അധഃകൃതവർഗ്ഗത്തിൽനിന്നും ഉണ്ടായതാണോ അതല്ല മററുവല്ല സ്ഥലത്തുനിന്നും ജനിച്ചതാണോ?

ദൂതൻ:—ഞങ്ങൾ ഈ അധഃകൃതസംഘത്തിൽനിന്നു തന്നെയാണു് ഉത്ഭവിച്ചതു്. എന്നാൽ ഞങ്ങളുടെ പരിശ്രമം, സാമർത്ഥ്യം, പരിഷ്കാരം തുടങ്ങിയ സംഗതികളാൽ ഞങ്ങൾ അവരെക്കാൾ ഉൽകൃഷ്ടരായിത്തീന്നു.

സഹാബി:—നിങ്ങൾ ഏതു സംഗതിയിലാണു് ഉന്നതി പ്രാപിച്ചിട്ടുള്ളതു്? ഏതു വിഷയത്തിലാണു് അവരെക്കാൾ ശ്രേഷ്ഠരായതു്? അവർ ഭൂമി ഉഴുതു കൃഷിക്കു യോജിച്ചതാക്കുകയും, വിത്തു വിതച്ചു് ധാന്യങ്ങൾ വിളയിക്കുകയും ചെയ്യുന്നതു ബുദ്ധിപൂർവ്വമായ കൃത്യമല്ലെന്നുണ്ടോ? പഞ്ഞി, രോമം, പട്ടു മുതലായവയെ നേരിയ നൂലുകളാക്കി വിശിഷ്ടവസ്ത്രങ്ങൾ നിർമ്മിക്കുന്നതു മൌഢ്യത്തിനു് ഉദാഹരണമാണോ? ഇഷ്ടിക, കല്ലു്, മണ്ണു്, കുമ്മായം മുതലായവയാൽ കെട്ടിടങ്ങളും പാലങ്ങളുമൊക്കെ പണിയുന്നതു ബാലിശമായ ചലനങ്ങ

ളാണ് അല്ലേ? ഉപയോഗപ്രദങ്ങളായ പലവിധം പാത്ര ങ്ങൾ ഉണ്ടാക്കുന്നതും നിരർത്ഥകമായ പ്രവൃത്തിയാണോ? തൊഴിൽപരമായി, അതെ; കുടുംബത്തിനു സന്തോഷവും ആശ്വാസവും നൽകുന്ന ഈ തൊഴിലുസംബന്ധമായി അവരോടു നിങ്ങൾക്കു വെറുപ്പു തോന്നുന്നുണ്ടെങ്കിൽ, നിങ്ങളുടെ നോട്ടത്തിൽ അവർ നിസ്സാരന്മാരും നിങ്ങ ളുടെ വിചാരത്തിൽ അവർ മനുഷ്യരല്ലാത്തവരുമായി ത്തീരുന്നുണ്ടെങ്കിൽ, ക്ലേശിതരും വിശ്വസ്തരുമായ ആ സാമാന്യജനങ്ങളാണോ അതോ ഉൽകൃഷ്ടരായ നിങ്ങ ളാണോ തഹ്ദീബിൽ ഔന്നത്യം പ്രാപിച്ചവർ എന്നു ഞാൻ നിങ്ങളോടു ചോദിക്കുന്നു.

നിങ്ങളുടെ ചരിത്രത്തിൽ ഒരു സംഗതികൂടി ഓർമ്മി പ്പിക്കാം. അപരിഷ്കൃതരായ രണ്ടുപേരെ ഹൃദയത്തിൽ നിങ്ങൾ സങ്കല്പിക്കുക. അവർ രണ്ടുപേരുംകൂടി ഒരു ആടിനെ വേട്ടചെയ്തു എന്നിരിക്കട്ടെ. അവരിൽ ഒരാൾ സ്വാർത്ഥനും, അപരൻ കാര്യകുശലനും സുഖലോലുപനും ആയിരുന്നു. രണ്ടുമൂന്നു ദിവസം വേട്ടയിൽ അവർ സഹ കരിക്കുകയും കിട്ടുന്നതിനെ ഭാഗിച്ചെടുക്കുകയും ചെയ്തി രുന്നു. കുറച്ചു ദിവസത്തേക്ക് വയറു നിറയ്ക്കാനുള്ള സാ ധനം കരഗതമായപ്പോൾ വേട്ടയ്ക്കു കാട്ടിൽ ഓടുന്നതിനു പകരം വൃക്ഷങ്ങളുടെ തണൽ പററിക്കിടന്നു സുഖിക്കാ നാണ് പ്രവൃത്തിയിൽ കള്ളംകാണിക്കുന്ന അയാൾ ശ്രമി ച്ചതു്. പ്രയത്നം മുഴുവൻ വഹിച്ച കൂട്ടുകാരനിൽനിന്ന് ഓഹരി പററുവാൻ അയാൾ തയ്യാറാണ്. മാത്രമല്ല ഓഹരിചെയ്ത സമയത്തു് കൂട്ടുകാരൻെറ ദൃഷ്ടിയിൽ പെടാതെ അല്പം മാംസം മോഷ്ടിക്കുകയും ചെയ്യുന്നു. രണ്ടുമൂന്നു ദിവസംകൂടി വിശ്രമം ലഭിക്കുമല്ലോ എന്നുള്ള ആശയാലാണ് അയാൾ മോഷണത്തിന് ഉദ്യുക്തനാകു

ന്നതു്. ഈ സ്വാത്ഥലോലുപനായ മനുഷ്യനെ നിങ്ങൾ ചതിയനെന്നു പറയുമായിരിക്കും. എന്നാൽ അയാൾ തഹ്ദീബിൻെറ നിയമത്തിൽനിന്നും മാറിനിന്നുകൊണ്ടു് അതിനോടു ചെയ്യുന്ന അതിക്രമമാകുന്നു ഈ പ്രവൃത്തി. അതിക്രമിയായ ഈ മനുഷ്യൻ പരിഷ്കാരത്തിൽ അല്പാല്പം ഉയൎന്നു് ജനസംഖ്യ വദ്ധിച്ച കുടുംബത്തിൽ പ്രവൃത്തിയില്ലാത്തവനായി ജീവിക്കുന്നു. അവൻെറ ചുററിലുമുള്ള ആളുകൾ പ്രഭാതം മുതൽ സായാഹ്നംവരെ പ്രവത്തിക്കുന്നതു് അവൻ കാണുന്നുണ്ടു്. ഇവനാകട്ടെ പ്രവൃത്തിയിൽനിന്നകന്നു് പ്രയത്നം കൂടാതെ ജീവിക്കാനുള്ള മാൎഗ്ഗങ്ങൾ അന്വേഷിക്കുകയായി. പ്രയത്നത്തിൽ ക്ലേശിതരും വിശ്വസ്തരുമായ കുടുംബത്തിലെ ഇതരജനങ്ങൾ ഇവൻെറ ഉപായങ്ങളിൽ സംശയിക്കുന്നില്ല. ഓഹരി അവനും ലഭിക്കുന്നു. കാലം മുന്നോട്ടു പോകവെ മടിയന്മാർ വദ്ധിച്ചു. ഒരിക്കൽ കുടുംബത്തിൻെറ നേതൃത്വം ഒരാളിനു ലഭിച്ചു. അയാൾ പ്രവൃത്തിയിൽ മടിയനായിരുന്നു. ഇതുപോലുള്ള മടിയന്മാരുടെ എണ്ണം ക്രമാതീതമായി വദ്ധിച്ചു. അവരുടെ സാമത്ഥ്യംകൊണ്ടും സൂത്രംകൊണ്ടും കുറെ സമ്പത്തു് കരസ്ഥമായപ്പോൾ കുടുംബനേതാവിനെ പാട്ടിലാക്കി ഭരണം നടത്താൻ ആലോചനയായി. ഇവരുടെ സ്വഭാവത്തിന്റെ നിഴലിൽ ചതിയും വഞ്ചനയും മറഞ്ഞു കിടന്നിരുന്നു. വിശ്വസ്തരായ ഇതരാംഗങ്ങൾക്കു് സംശയം ജനിക്കാതിരുന്നതിനാൽ താമസംവിനാ ഇവരുടെ ഉദ്ദേശം സഫലമായി. ഈ വിധത്തിൽ നേതാക്കളായവർ നാട്ടിനും ജനങ്ങൾക്കും ബാധകമായ രീതിയിൽ ഓരോ നിയമങ്ങൾ നിമ്മിച്ചു് സാധുജനങ്ങളുടെ അദ്ധ്വാനഫലമായുണ്ടാകുന്ന ധനത്തെ അപഹരിച്ചു. ഈ മടിയന്മാർ രാജകീയ ഡർബാറിലെ ആചാ

ങ്ങൾ അടങ്ങിയ ഗ്രന്ഥം സ്വരൂപിക്കുകയും രാജകീയാ ഡംബരങ്ങളിൽ പരിവത്തനങ്ങൾ വരുത്തുന്ന രീതികളെ നിമ്മിക്കുകയും ചെയ്യുന്നു.

ഉയന്ന സംഘമായ നിങ്ങൾ ഉദരപൂരണാത്ഥം കള്ള ത്തരം പ്രവത്തിക്കാറുണ്ടെന്നുള്ളതു് ഓമ്മിക്കുമല്ലോ. യഥാ ത്ഥമായ തഹ്ദീബിനെ എതിത്തു ജനങ്ങളെ നാശത്തി ലേയ്ക്കു നയിക്കുന്ന നിയമങ്ങളെ സൃഷ്ടിക്കുന്നവരാകുന്നു നിങ്ങൾ. നിയമങ്ങൾ അനുസരിക്കുന്ന സാധുജനങ്ങളെ നിങ്ങൾ ബുദ്ധിശൂന്യരെന്നും ദുസ്വഭാവികളെന്നും പഴി ക്കുന്നു. അല്ലാഹു അറിയട്ടെ. നിങ്ങൾ നിമിഷസമയമെ ങ്കിലും ചിന്തിക്കുന്നില്ലല്ലോ! അവരെ ബുദ്ധിശൂന്യരായി ആരാണു സൃഷ്ടിച്ചതു്? അവരുടെ ഈ കഷ്ടാവസ്ഥയിൽ നിങ്ങൾക്കതെല്ലും വ്യസനമില്ലയോ? നിങ്ങളിലുള്ള സുഖ ലോലുപന്മാക്കുവേണ്ടി മററുള്ളവർ എന്തുമാത്രം പ്രയത്നി ക്കുന്നു! വയറുനിറച്ചു് അവക്കു് ആഹാരംകിട്ടുന്നുണ്ടോ? അതിലും നിങ്ങൾക്കു ഖേദം ഇല്ല. അദ്ധ്വാനിക്കാതെ സുഖിക്കുന്നതിൽ നിങ്ങൾക്കു ലജ്ജതോന്നാത്തതു് എത്ര കഷ്ടമാണു്!

നിങ്ങളുടെ സഹോദരൻ സത്യത്തിൽ സ്ഥിരത യോടെ നിൽക്കുന്നു. നിങ്ങൾ കരാറിനെ ലംഘിക്കുന്നു. അയാൾ ക്ലേശിച്ചുണ്ടാക്കുന്ന പ്രതിഫലത്തിൻെറ ഓഹരി സ്വീകരിക്കാൻ നിങ്ങൾക്കു മടിയില്ല. അവരുടെ ഇല്ലായ്മ യിൽ നിങ്ങൾ മന്ദഹസിക്കുന്നു. അവരുടെ അഴുക്കുപി ടിച്ച ശരീരത്തിലും വസ്ത്രത്തിലും നിങ്ങളുടെ ദൃഷ്ടി പതി യുന്നതു് വെറുപ്പോടുകൂടിയാണു്. അവരുടെ രോഗിക ളായ കുഞ്ഞുങ്ങളെനോക്കുവാൻ നിങ്ങൾ മടിക്കുന്നു. ഇതേ സമയത്തു നിങ്ങൾ വിശിഷ്ടവസ്ത്രങ്ങളാൽ അലംകൃത നായി സുഖഭക്ഷണംകഴിഞ്ഞു കുടുംബസമേതം രമിക്കുന്നു.

നിങ്ങൾ ഈ സുഖസൌകര്യങ്ങൾക്കായി അമിതവ്യയം ചെയ്യുന്ന ധനം എവിടെനിന്നു ലഭിച്ചെന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾക്ക് സദാ ഈവിധം ഗുണംചെയ്തുകൊണ്ടിരിക്കുന്ന ജനങ്ങളെ അധഃകൃതരായി കരുതുക; പരിഭ്രമജനകമായ ആ കൃത്യം വിചാരിക്കുകകൂടി സാദ്ധ്യമല്ല. അധഃകൃതരായി നിങ്ങൾ കരുതുന്ന നാട്ടിലുള്ള തൊഴിലാളികൾ സംഘടിച്ചു പണിമുടക്കിയാലുണ്ടാകുന്ന ഭവിഷ്യത്തു നിങ്ങൾ ഒന്നു ചിന്തിക്കുമോ? വസ്ത്രം, ആഹാരം എന്നുവേണ്ട ആവശ്യകമായ ഏതൊരു സാധനമാണു നിങ്ങൾക്കു ലഭിക്കുവാൻപോകുന്നതു്? പണിമുടക്കിന്റെ ആ പ്രത്യാഘാതത്തെപ്പററി ചിന്തിച്ചാൽ അവർ ബുദ്ധിശൂന്യരും ഹീനരുമാണെന്നു നിങ്ങൾക്കു പറയുവാൻ സാധിക്കുമോ?

മനുഷ്യന്റെ ഉൽകൃഷ്ടത അവനിൽത്തന്നെ മറഞ്ഞുകിടക്കുന്നു. വിലയേറിയ വസ്ത്രങ്ങൾകൊണ്ടു ശരീരത്തെ അലങ്കരിക്കുന്നതിനാൽ ഉൽകൃഷ്ടത ലഭ്യമാകുമോ? ഇല്ല. പട്ടാംബരങ്ങളാൽ അലംകൃതമാക്കിയാൽ ഒരു മൃഗം മനുഷ്യനാകുന്നില്ല. സ്വർണ്ണാഭരണങ്ങൾ എത്രതന്നെ അണിയിച്ചാലും ഒരു കുതിര കുതിരതന്നെയായിരിക്കും. ഇരിക്കുക, എഴുന്നേൽക്കുക, തിന്നുക, കുടിക്കുക എന്നീ പ്രവൃത്തികളുടെ ചിട്ടയല്ല തഹ്ദീബ് എന്നു പറയുന്നതു്. മററുള്ളവരുടെ പ്രയത്നഫലത്തെ ആഹരിച്ചുകൊണ്ടു സുഖലോലുപനായി ജീവിക്കുന്നതും, തഹ്ദീബല്ല. സഹകരിച്ചു പ്രവത്തിക്കുകയും ഫലത്തെ തുല്യമായി അനുഭവിക്കുകയും ചെയ്യുന്നതാണു് തഹ്ദീബ്. നിങ്ങളിൽനിന്നും ഒരാൾക്കു ഭക്ഷണംകിട്ടാതെ, രോഗിക്കു് മരുന്നു കിട്ടാതെ, കുട്ടികൾക്കു വിദ്യാഭ്യാസം ലഭിക്കാതെയുള്ള നിലയിൽ ഒരു പൈപോലും ചിലവാക്കാൻ

നിങ്ങൾക്കു് അർഹതയില്ല. രത്നംപതിച്ചകിരീടം, സ്വർണ്ണ സിംഹാസനം, വെള്ളിപ്പാത്രങ്ങൾ, പട്ടുവസ്ത്രങ്ങൾ, വില യുയന്ന പരവതാനികൾ, രുചികരമായ ആഹാരം, വിവി ധരീതിയിലുള്ള പാനീയങ്ങൾ ഇവയൊന്നും മററു ജന ങ്ങൾ ക്ലേശങ്ങൾ അനുഭവിക്കവേ നിങ്ങൾക്കു സുഖം തരികയില്ല.

ഞങ്ങൾ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തിട്ടു ണ്ടെന്നും, അവർ തഹ്ദീബിന്റെ നിയമങ്ങൾക്കു വിരു ദ്ധമായിപ്രവൎത്തിച്ചാൽ അവരെ ശിക്ഷിക്കുമെന്നും നിങ്ങൾ പറഞ്ഞു. നിങ്ങളുടെ ഈ വാക്കുകൾ എത്രകണ്ടു പരമാ ൎത്ഥമാണു്? അങ്ങിനെയാണെങ്കിൽ പരസ്യമായി തഹ്ദീ ബിന്റെ നിയമത്തിനു വിരുദ്ധമായി പ്രവൎത്തിക്കുകയും, പരസ്പരസഹകരണത്തിൽനിന്നകന്നുനില്ക്കുകയുംചെയ്യുന്ന നിങ്ങളെയല്ലേ ആദ്യമായി ശിക്ഷിക്കേണ്ടതു്? നിങ്ങളെ എന്തുകൊണ്ടു് അവർ ശിക്ഷിച്ചില്ല. നന്മയും തിന്മയും ഇതിനകം നിങ്ങൾ സ്പഷ്ടമായി ഗ്രഹിച്ചുകാണുമെന്നു് ഞാൻ വിശ്വസിക്കുന്നു. ലോകത്തിൽ സകലനാശത്തിന്നും മൂലകാരണമായിരിക്കുന്നതു് മൂന്നു സംഗതികളാകുന്നു. (1) സമ്പത്തിനെ അക്രമമായി വിഭജിക്കുക. (2) ജനങ്ങളോടു് അസമത്വമായി പെരുമാറുക. (3) ബലഹീനന്മാരോടു് അതിക്രമം കാണിക്കുക.

ദൂതൻ:—ഞാൻ കളങ്കമററ ഹൃദയംകൊണ്ടു സമ്മ തിച്ചു പറയുന്നു. അങ്ങയുടെ വാക്കുകൾ സംഗതികളുടെ യഥാൎത്ഥരൂപം എനിക്കു മനസ്സിലാക്കിത്തന്നു. അങ്ങു എന്റെ ഹൃദയത്തിൽ ജ്ഞാനോദയം ഉണ്ടാക്കി. അങ്ങ യുടെ ഔദാര്യപൂർവ്വമായ ഈ ഉപദേശത്തിനു് നിഷ്കള ങ്കമായി നന്ദി പ്രകാശിപ്പിക്കുന്നു. അങ്ങയുടെ മതത്തി ലുള്ള വിശിഷ്ടോപദേശങ്ങളും, നന്മയും എത്രയും മഹ

ത്തായിരിക്കുന്നു. അങ്ങയുടെ ദീർഘദർശിയായ നബി (സ) തിരുമേനി പഠിപ്പിച്ചിട്ടുള്ളതെല്ലാം അറിയുവാൻ എനിക്കതിയായ ആഗ്രഹമുണ്ടു്.

സഹാബി:—നബി (സ) തിരുമേനി ഞങ്ങൾക്കു് ആദ്യമായി അറിയിച്ചുതന്നതു് ഇപ്രകാരമായിരുന്നു. ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവും, ഉടമസ്ഥനും ഏകനായ അല്ലാഹു തന്നെയാകുന്നു. അവന്റെ ദാത്തിൽ (ശക്തിയിൽ) അവൻെറ അധികാരത്തിൽ സമാനനായി ആരും തന്നെയില്ല. കല്ലുകളേയും, വൃക്ഷങ്ങളേയും ആരാധ്യവസ്തുക്കളായി വിശ്വസിച്ചു് അവയുടെ മുമ്പിൽ തല കുനിക്കുന്നതു് ബുദ്ധിമാൻെറ ലക്ഷണമല്ല. അല്ലാഹുവിൻെറ ദാത്തിൽ മററു സൃഷ്ടികളെ പങ്കു ചേർക്കുകയെന്നതിൽ ബുദ്ധിമാന്മാരായ ചിലർ വ്യാപൃതരായിരിക്കുന്നു. അല്ലാഹു ഞങ്ങൾക്കു് റസൂൽ (സ) വഴിയായി ഇപ്രകാരം അറിയിച്ചുതന്നിരിക്കുന്നു. ഈ പ്രപഞ്ചത്തിൻെറ ഭരണത്തിൽ അല്ലാഹുവിനു തുല്യനായി വേറൊരാൾകൂടി ഉണ്ടായിരുന്നാൽ അവർക്കു് അധികാരത്തിൽ തുല്യശക്തി വരികയും അവർ ഭിന്നിച്ചുപോകയും ചെയ്യും. ആ അവസ്ഥ സംഭവിക്കുന്നതായാൽ അനേക ശതവർഷങ്ങൾകൊണ്ടു ഒരേ നിലയിൽ സ്ഥിതിചെയ്യുന്ന ഈ ലോകം നശിച്ചു താറുമാറായിപ്പോകാതെ തരമില്ലല്ലോ. ഭൂമി സൂര്യനെ ചുററണമെന്നു ഒരാൾ ഉദ്ദേശിക്കുന്നു. എന്നാൽ ഭൂമിയെ സൂര്യൻ ചുററണമെന്നു മറെറയാൾ ആജ്ഞാപിക്കുന്നതായാൽ ഈ ഗോളങ്ങൾ നശിക്കാതിരിക്കുമോ? ഈ പ്രപഞ്ചവും, സൂര്യനക്ഷത്രഗോളങ്ങളും അല്ലാഹുവുണ്ടു് എന്നുള്ളതിനു് സാക്ഷ്യം വഹിക്കുന്നു ഞങ്ങളുടെ വിശ്വാസവും അല്ലാഹു ഒരുവൻ മാത്രമേയുള്ളു എന്നാകുന്നു.

ഇസ്ലാം, അല്ലാഹു ഇറക്കിയിട്ടുള്ള ദീനുകളോടു വിഭിന്നമായ ഒരു മതമാകുന്നു എന്നു് അധികം ആളുകളും അവരുടെ മൌഢ്യത്താൽ വിചാരിക്കുന്നു. ഈ വിചാരം എത്രയും അബദ്ധമാകുന്നു. സർവ്വാധികാരിയും സർവ്വജ്ഞനുമായ അല്ലാഹു ഓരോ കാലങ്ങളിലായി എല്ലാജനങ്ങളിലും, ശരിയായി ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ അറിയിക്കുവാൻ അനേകം മാർഗ്ഗദർശികളെ അയച്ചിട്ടുണ്ടു്. ഈ വഴി എപ്പോഴും ഒന്നുതന്നെയാകുന്നു. ഇതിനെയാണു് അല്ലാഹുവിൻെറ മതം എന്നു പറയുന്നതു്. അനേക ശതവർഷങ്ങൾക്കു മുമ്പു് നിയോഗിക്കപ്പെട്ടിട്ടുള്ള മാർഗ്ഗദർശികൾ പഠിപ്പിച്ച മൂലതത്വങ്ങളെയാണു് നമ്മുടെ ദീർഘദർശിയും രക്ഷകനുമായ റസൂൽ (സ) തിരുമേനി ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതു്. നിശ്ചയമായും ഇസ്ലാം ഒരു നവീന മതമല്ല. അല്ലാഹുവിൽനിന്നും വന്നിട്ടുള്ള മതങ്ങൾ ഒന്നുംതന്നെ പരസ്പര വിരുദ്ധമായിരിക്കുകയില്ല. അല്ലാഹു ഒരേ അവസ്ഥയിൽ സ്ഥിതിചെയ്യുകയും, അവനിൽ ഒരു മാററങ്ങളും ഉണ്ടാകാതിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിൻെറ വാക്യങ്ങളിൽ മാററം ഉണ്ടാകുകയെന്നതു് സാദ്ധ്യമല്ല. ഇബ്രാഹീംനബി (അ), മൂസാനബി (അ), ഈസാനബി (അ) ഇവരുടെ ഭാഷയിലാകട്ടെ, മുഹമ്മദുനബി (സ) തിരുമേനിയുടെ ഭാഷയിലാകട്ടെ തത്വപരമായി യാതൊരു മാററവും ഉണ്ടായിട്ടില്ല.

കാര്യം ഇപ്രകാരമിരിക്കെ, പുതിയപുതിയ നബിമാരുടേയും നവീന ഗ്രന്ഥങ്ങളുടേയും ആവശ്യമെന്താണെന്നു ഒരു ചോദ്യമുണ്ടാകാം. താഴെ പറയുന്ന തത്വത്തെ അടിസ്ഥാനമാക്കി ചിന്തിക്കുന്നതായാൽ ഇതിനുള്ള മറുപടി നിങ്ങൾക്കു തനിയെ ലഭിക്കുന്നതാണു്. മനുഷ്യൻ ലോകത്തു വിവിധ സംഗതികളിൽ ഇടപെട്ടുകൊണ്ടിരിക്കു

മ്പോൾ ബുദ്ധി നേരുമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചുപോകുന്നു. അപ്പോൾ നബിമാരുടെ ഉപദേശങ്ങളും വിസ്മൃതിയിലാകുന്നു. ഈ രീതിയിലുള്ള ജീവിതത്തെ നന്നാക്കുന്നതിനായി നബിമാരെ വീണ്ടും അയയ്ക്കേണ്ടതു് ആവശ്യമായിത്തീർന്നു യഹൂദന്മാർ ഹസറത്തു ഉസൈർ(അ)നെ അല്ലാഹുവായി വിശ്വസിക്കുന്നു. അതുപോലെതന്നെ ക്രിസ്ത്യാനികൾ ഈസാനബി(അ)യെ ദൈവപുത്രനാണെന്നു വിശ്വസിക്കുന്നു. ഈ നിഷിദ്ധമായ വിശ്വാസങ്ങളെ നശിപ്പിക്കുവാൻ നബിമാരെ അയയ്ക്കാതെ മററു മാർഗ്ഗമെന്താണു്? തൽ കാരണങ്ങളാൽ ജനങ്ങളുടെ ദുഷിച്ച വിശ്വാസങ്ങളേയും ആചാരങ്ങളേയും നശിപ്പിച്ചു് അവരെ സൽപഥത്തിൽ നടത്തുവാനായി നബിമാരെ തിരഞ്ഞെടുത്തയച്ചിരിക്കുന്നു. ഈ അവസരത്തിൽ വേറെ ചിലതുകൂടി പറയേണ്ടതുണ്ടു്. ഇസ്ലാമിന്റെ പ്രവാചകൻ, അതായതു് മുഹമ്മദുനബി (സ) തിരുമേനി മനുഷ്യനിൽനിന്നും ഉപരിയായ ഒരു ദാത്തു് ആകുന്നു എന്നു് അദ്ദേഹം വാദിക്കുന്നില്ല തിരുമേനി ഇപ്രകാരം സ്പഷ്ടമായി അല്ലാഹുവിന്റെ വാക്യങ്ങളെ ഓതി കേൾപ്പിച്ചിരിക്കുന്നു. “ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനാകുന്നു എന്നു നീ പറയുക. എനിക്കു് അല്ലാഹുവിൽനിന്നു് ഒഹി വരുന്നു അഥവാ നൽകുന്നു.” (വി. ഖു.) എന്നു ഞാൻ നിങ്ങളോടു പറയുന്നതിനുള്ള കാരണം ഒരുപക്ഷെ റസൂൽ (സ) തിരുമേനിയെ മനുഷ്യനേക്കാൾ ഉയർന്ന തരത്തിലുള്ള ഒരു ദാത്താണെന്നു നിങ്ങൾ തെററിദ്ധരിച്ചുപോകരുതു് എന്നു കരുതിയാണു്.

ദൂതൻ:---നിങ്ങളുടെ റസൂൽ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനാണെന്നും അദ്ദേഹവും സാധാരണ ജനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും ഞാൻ മനസ്സിലാക്കുന്നു.

സഹാബി:—മനുഷ്യനായിരിക്കുന്ന വിഷയത്തിൽ അദ്ദേഹവും ഞങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നാൽ അദ്ദേഹത്തിൻെറ പരിപൂൎണ്ണമായ അവസ്ഥയിൽ ഞങ്ങൾ, അദ്ദേഹത്തിൻെറ കാലിനടിയിൽ പറവുന്ന പൊടിമണ്ണിനോടുപോലും തുല്യമാകുകയില്ല. അദ്ദേഹം പരിപൂൎണ്ണനായ ഒരാളാകുന്നു. ഞങ്ങളാകട്ടെ, പാപികളും. അദ്ദേഹം ഞങ്ങളുടെ യജമാനനും, ഞങ്ങൾ അദ്ദേഹത്തിൻെറ ഭൃത്യരും എന്ന നിലയിലാണ്.

ഭൂതൻ:—അങ്ങ് ആദ്യമേതന്നെ ഈ അഭിപ്രായം സ്പഷ്ടമാക്കിത്തന്നതു നന്നായി. അല്ലെങ്കിൽ ജനാബ് റസൂലിനെക്കുറിച്ച് അല്ലാഹു എന്നോ അഥവാ ദൈവപുത്രനെന്നോ ആയിരിക്കും നിങ്ങൾ വിശ്വസിക്കുന്നതെന്ന തെററിദ്ധാരണയിൽ ഞാൻ ആണ്ടുപോകുമായിരുന്നു.

സഹാബി:—അല്ലാഹുവിനേയും അവൻെറ റസൂൽ (സ)നേയും കുറിച്ചുള്ള ഞങ്ങളുടെ വിശ്വാസം നിങ്ങൾക്കു ഞാൻ സ്പഷ്ടമാക്കിത്തന്നു. അടുത്തതായി ഇസ്ലാം എതു മാൎഗ്ഗത്തിൽക്കൂടിയാണ് നിലവിലിരുന്ന അവസ്ഥകളെ പരിഷ്കരിച്ചതു് എന്നുള്ളതു് പറയാം.

നമ്മുടെ സംഭാഷണത്തിൽ, കുഴപ്പങ്ങൾക്കും നാശത്തിനും കാരണമാക്കുന്ന മൂന്നു സംഗതികളെ പറഞ്ഞതു് ഓൎമ്മയല്ലോ. (1) മുതലിനെ അനീതിയായി ഭാഗിക്കുക (2) തന്നെപ്പോലെയുള്ള ജനങ്ങളോടു അസമത്വമായി പെരുമാറുക (3) ബലഹീനന്മാരോടു അക്രമം പ്രവൎത്തിക്കുക. ഇവകളിൽ ഓരോന്നിനേയും സംബന്ധിച്ചു പ്രത്യേകം പ്രത്യേകം വിവരിക്കാം. ഇസ്ലാം ഇതിനുവേണ്ടി നടപ്പാക്കിയ നിയമങ്ങളെന്താണ്; ദോഷവശങ്ങളെ ഏതു വഴിയിൽക്കൂടിയാണ് മാററാൻശ്രമിച്ചതു് എന്നുള്ളതു് നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക. ധനത്തെ അനീതിയായി ഭാഗിക്കുക എന്നതിൻെറ താല്പൎയ്യം ഇങ്ങിനെയാണ്. ഈ ജനങ്ങളിൽ

പത്തു ശതമാനം വ്യക്തികൾ അല്ലെങ്കിൽ കുടുംബത്തിലെ ഏതാനും വ്യക്തികൾ ഭൂരിപക്ഷം അംഗങ്ങളും ജീവിതം കഴിക്കേണ്ട ധനത്തെ കൈവശപ്പെടുത്തി അതിന്റെ അധികാരിയായികഴിയുന്നു. ശേഷം തൊണ്ണൂറു ഭാഗം ജനങ്ങളും രാപകൽ അദ്ധ്വാനിക്കുന്നെങ്കിലും അവക്കു വയറു നിറയെ ഭക്ഷണം കിട്ടുന്നില്ല. പത്തു ശതമാനം വ്യക്തികൾ ഉയൎന്ന നിലയിലുള്ള കെട്ടിടങ്ങളിൽ സസുഖം വസിക്കുന്നു. 90-ശതമാനവും വിശ്രമിക്കാനുള്ള സ്ഥലംപോലുമില്ലാതെ ഉഴലുന്നു. ഇപ്രകാരം ദോഷകരമായ നടപടികളാൽ മനുഷ്യസമുദായത്തിന്റെ നാശം പ്രത്യക്ഷമായിരിക്കുന്നു. ഇതു് ഒരു ദീൎഘമായകഥയാണു്. ഇതിന്റെ ആരംഭം അറിയണമെങ്കിൽ മനുഷ്യചരിത്രത്തിന്റെ ഭൂതകാലത്തെപ്പററി ചിന്തിക്കേണ്ടിവരും. അതു എളുപ്പമല്ല. സുഗമമായ വശം വേറൊന്നുണ്ടു്. ഒരു മാതാവിന്റെ ഗൎഭാശയത്തിൽനിന്നും ഒരു ശിശു ജനിക്കുന്നതോടുകൂടി ധനനിക്ഷേപവും വരിക എന്നുള്ളതു പതിവല്ലെന്നു നമുക്കറിയാം. ബുദ്ധിയുള്ള യാതൊരാളും അദ്ധ്വാനിച്ചുണ്ടാക്കുന്ന ധനത്തെ അവന്റേയോ അവന്റെ സന്താനങ്ങളുടേയോ ആവശ്യത്തിനു ചെലവുചെയ്യുന്നതിനുപകരം അന്യൎക്കു കൊടുത്തു് അവരെ സമ്പന്നരാക്കുകയെന്നുള്ളതു ശരിയാണെന്നു വിചാരിക്കുകയില്ല. ഈ രണ്ടു സംഗതികളും ശരിയാണെങ്കിൽ, അന്യർ വേല ചെയ്തുണ്ടാക്കുന്ന ധനം സുഖലോലുപന്മാരുടെ പെട്ടികളിൽ ചെന്നുചേരുന്നതിനുള്ള കാൎണമെന്താണെന്നു ഊഹിക്കാവുന്നതാണു്. നാണയങ്ങൾ ഉണ്ടാകാതിരുന്ന കാലംവരെ ജോലിക്കു പകരം ജോലി എന്ന രീതിയാണു നാട്ടിൽ ഇരുന്നതു്. അക്കാലത്തു് അസമത്വം അനീതിയായ ധനവിഭജനം എന്നിവയുടെ ആപത്തു്

മനുഷ്യന്റെ തലയിൽ കയറിയിട്ടില്ലായിരുന്നു. മനുഷ്യന്റെ ആഹാരസാധനങ്ങൾ അധികദിവസം സൂക്ഷിച്ചുവെയ്ക്കുന്നതിനു പററിയവയല്ലല്ലോ. അതിനാൽ അവ ശേഖരിച്ചു വെയ്ക്കുകയെന്നതു് അത്ര എളുപ്പമായിരുന്നില്ല. നാണയത്തിന്റെ ഉല്പത്തി ഇതിനെല്ലാമൊരു പരിഹാരമുണ്ടാക്കി. ആഹാരസാധനങ്ങളെ ജനങ്ങൾ നാണയമാക്കി സൂക്ഷിച്ചു ഏതു സമയത്തു വേണമെങ്കിലും നാണയം ഉള്ളവനു് ആഹാരസാധനങ്ങൾ സമ്പാദിക്കുക സാദ്ധ്യമാണു്. സുഗമമായ ഈ രീതി കൈവന്നപ്പോൾ സുഖജീവികൾ അവരുടെ ശ്രദ്ധയെ നാണയത്തിലേയ്ക്കു തിരിച്ചുവിട്ടു. നാണയങ്ങളുടെ വലിയ ഒരു സംഖ്യ അവരുടെ അധീനതയിലായി. ധനത്തെ വർദ്ധിപ്പിക്കാൻ പല വഴികളും ആലോചിച്ചതിൽ കിട്ടിയ ഒന്നാണു് പലിശയ്ക്കു കടം കൊടുക്കുന്ന മാർഗ്ഗം. ഒരു നാണയം കടമായി വാങ്ങിയാൽ ഒന്നേകാലോ, ഒന്നരയോ അഥവാ രണ്ടോ ആയി തിരിയെ കൊടുക്കണമെന്നു കരാറു വാങ്ങുന്നു. ഈ തരത്തിൽ പലിശവാങ്ങി കുറേക്കാലം കഴിയുമ്പോൾ ഒരു നല്ല തുകയ്ക്കു് അയാൾ ഉടമസ്ഥനാകുന്നു. ഈ സംഗതിയെപ്പററി നിങ്ങൾ ചിന്തിച്ചുനോക്കുക. കടം കൊടുത്തയാൾ കടം വാങ്ങിയ ആളിനു് എന്തെങ്കിലും നന്മ ചെയ്യുന്നുണ്ടോ? ഇല്ലതന്നെ. കടം വാങ്ങിയ ആൾ കടം കൊടുത്തയാളിന്റെ ആഹാരസാധനങ്ങളെ സൂക്ഷിച്ചു. തിരിച്ചുകൊടുക്കുന്ന സമയത്തു് വാങ്ങിയ ആൾ കൊടുത്ത ആളിനാണു നന്മചെയ്യുന്നതു്.

ഞാൻ പറയുന്നതു് ഇപ്രകാരമാണു്. ഇസ്ലാം പ്രകൃതിമതമാകുന്നു. അതു് ഒരാൾ പലിശ കൊടുക്കുകയും മറെറാരാൾ പലിശ വാങ്ങുകയും ചെയ്യുന്നതിനെ ഹറാമാണെന്നു സ്ഥാപിച്ചുകൊണ്ടു് അനീതിയും അസമത്വവു

മായ ധനവിഭജനത്തിൻെറ മൂലകാരണത്തെ നിശ്ശേഷം എടുത്തുകളഞ്ഞു. ഈ കാരണങ്ങളാൽ ഇന്നു ഞങ്ങളുടെ സംഘത്തിൽ ഞങ്ങൾ സമ്പാദിക്കുന്ന ധനം കുറഞ്ഞ വ്യക്തികളുടെ പെട്ടിയിൽ സൂക്ഷിക്കാനും മററുള്ള ജനങ്ങൾ ക്ലേശിച്ചു ജീവിക്കാനും ഇടയാകുന്നില്ല.

ഇസ്ലാം പലിശയെ നിരോധിച്ചതിനും പുറമെ താഴെ പറയുന്നവിധമുള്ള കച്ചവടങ്ങളേയും നിരോധിച്ചിരിക്കുന്നു. കച്ചവടക്കാരൻ ഭക്ഷ്യസാധനങ്ങളെ വീട്ടിൽ നിറച്ചുവച്ചുകൊണ്ടു് അമിതലാഭത്തിനു വില്ക്കുന്നു. കൃഷിയിറക്കുമ്പോൾത്തന്നെ മുൻകൂർ പണം കൊടുത്തു് ഇരട്ടി ആദായത്തിനു വിളവു കരസ്ഥമാക്കുന്നു. അതുപോലെ തന്നെ ധാന്യങ്ങൾ ധാരാളം വാങ്ങി ശേഖരിക്കുന്നു. ധാന്യദൌർല്ലഭ്യമുണ്ടാകുമ്പോൾ ഇഷ്ടാനുസരണം വിൽക്കുന്നു. വ്യാപാരനിപുണന്മാർ ഈവിധമുള്ള കച്ചവടത്തെ ശ്ലാഘിക്കുന്നുണ്ടെങ്കിലും പലിശ ഏർപ്പാടിനേപ്പോലെ ഇതും ചില വ്യക്തികളുടെ ഭണ്ഡാഗാരത്തെ പോഷിപ്പിക്കുന്നതിനു യോജിച്ചതാണു്. അതിനാൽ ആ പ്രസ്ഥാനവും നിരോധിക്കപ്പെട്ടു. അനീതിയായ ധനവിഭജനത്തെ ഇങ്ങനെ തടഞ്ഞുകൊണ്ടു് ഇസ്ലാം മററുമാറ്റങ്ങളിലേയ്ക്കു തിരിഞ്ഞു.

അന്യർ പ്രയത്നിച്ചുണ്ടാക്കുന്ന ധനത്തെ തൻെറ പെട്ടിയിൽ സൂക്ഷിക്കുക, മോഷണം, ചതിവു്, കച്ചവടത്തിൽ തൂക്കത്തിലും അളവിലും കുറവുവരുത്തുക, ധനികന്മാരുടെ കുഞ്ഞുങ്ങളെ വളർത്താൻ ഏററുവാങ്ങിക്കൊണ്ടു അവരുടെ ധനത്തെ അവകാശമായ നിലയിൽ അപഹരിക്കുക മുതലായവയെല്ലാം ഞങ്ങളുടെ മതത്തിൽ നിഷിദ്ധങ്ങളായ പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അടുത്തതായി ഞാൻ പറയുന്ന സംഗതി നിങ്ങൾ പരിഭ്രമിക്കത്തക്കതാണ്. ഇസ്ലാം ചൂതുകളിയെ സംബന്ധിച്ചും വിരോധിച്ചിട്ടുണ്ട്. ഞങ്ങൾ പതിവായി ചൂതുകളിച്ചിരുന്നു. ആ കളി കാണുന്നതിനും ഞങ്ങൾ വളരെ സമയം വിനിയോഗിച്ചിരുന്നു. ഒരാൾ പ്രയത്നിച്ചുണ്ടാക്കിയ ധനം നിമിഷനേരംകൊണ്ട് അന്യൻെറ കയ്യിലേയ്ക്കു മാറുന്ന അത്ഭുതവിദ്യ ഈ കളിയുടെ ജീവനാഡിയാണല്ലോ. യാതൊരദ്ധ്വാനവും കൂടാതെ ഒരു നിമിഷനേരംകൊണ്ട് ഒരുവൻ ധനവാനാകുന്നു. ഒരാൾ സമ്പാദിച്ച ധനം പലരുടേയും കൈവശം ചെന്നെത്തുന്നതിൽ ഇസ്ലാം സന്തോഷിക്കുകയേയുള്ളൂ. നേരേമറിച്ച് ഒരാളിൻെറ കീശ നിറയ്ക്കുന്നതിനെ ഇസ്ലാം ഇഷ്ടപ്പെടുന്നില്ല. അതിനാൽ ഈ തൊഴിലിനെ ഇസ്ലാമിൻെറ നേതാക്കന്മാരായ പണ്ഡിതന്മാർ ശക്തിയായി വിരോധിച്ചിരിക്കുന്നു.

ധനത്തിൻെറ കേന്ദ്രീകരണത്തിനുള്ള മാർഗ്ഗങ്ങളെല്ലാം അടച്ചശേഷം, ധനവിതരണം സുഗമമാക്കുന്നതിനുള്ള വഴികളെ ഇസ്ലാം തിരഞ്ഞെടുത്തു. ഞങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള തുകയോ അതിൽ കൂടുതലോ കൈവശമുണ്ടായിരുന്നാൽ അതിൻെറ നാല്പതിൽ ഒരു ഭാഗം ആണ്ടുതോറും കുടുംബത്തിലുള്ള അഗതികൾക്കു ഞങ്ങൾ കൊടുക്കേണ്ടതാണ്. നാല്പതിൽ ഒരു ഭാഗം ഇങ്ങനെ ആണ്ടുതോറും കൊടുക്കുന്നതു് ഞങ്ങളിൽ ഫർസാകുന്നു. അതിനു സക്കാത്ത് എന്നു പറയും. ഇതിനും പുറമെ ഇസ്ലാം ഞങ്ങളോടു പല പ്രാവശ്യവും ഇങ്ങനെ കല്പിക്കുന്നു. "അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങളുടെ ധനത്തെ ചെലവുചെയ്യുവിൻ. സ്വധനത്തെ, അതായതു് സ്വർണ്ണം, വെള്ളി, രത്നങ്ങൾ മുതലായവയെ മക്കാ

യിലെ കഅ്ബത്തുല്ലാഹിയുടെ വാതില്പടിക്കടിയിൽ കുഴിച്ചുവെയ്ക്കുക, അല്ലെങ്കിൽ സംസം കിണററിൽ നിക്ഷേപിക്കുക എന്നതു് അല്ലാഹുവിൻെറ മാർഗ്ഗത്തിൻെറ ഉദ്ദേശമല്ല. ഇസ്ലാം അങ്ങിനെ നിർദ്ദേശിച്ചിട്ടുമില്ല. പ്രത്യുത തൻെറ ജനങ്ങൾക്കോ കുടുംബത്തിനോ അഥവാ ബലഹീനരായ മാതാപിതാക്കന്മാർക്കോ, അഗതികൾക്കോ, കൊടുക്കാനാണു് ഇസ്ലാം നിർദ്ദേശിച്ചിരിക്കുന്നതു്. അനാഥരായ കുഞ്ഞുങ്ങളെ വളർത്തുന്നതിനും ധനം വ്യയം ചെയ്യേണ്ടതാണു്. ബാക്കിയുണ്ടായിരുന്നാൽ അഗതിസംരക്ഷണത്തിന്ന വിനിയോഗിക്കണം. അല്ലാഹു, ഞങ്ങളിൽ നമസ്കാരം, നോമ്പു് ഇവ നിർബ്ബന്ധമാക്കിയെങ്കിലും, ആ ഫർസുകളെ ചെയ്യുന്നതിനാൽ മാത്രമേ നന്മ ലഭിക്കു എന്നു വിചാരിക്കാവുന്നതല്ല. പരിശുദ്ധ ഖുർആൻ ഇപ്രകാരം സ്പഷ്ടമായി അറിയിച്ചുതന്നിരിക്കുന്നു. "നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മുഖം തിരിക്കുന്നതല്ല നന്മ. അല്ലാഹുവിലും അവൻെറ നബിമാരിലും, അവൻെറ മലക്കുകളിലും, അവൻെറ കിത്താബുകളിലും വിശ്വസിക്കുകയും അല്ലാഹുവിൻെറ വഴിയിൽ തങ്ങളുടെ ധനത്തെ വ്യയംചെയ്യുകയും അനാഥകൾ, അഗതികൾ, അടിമത്വത്തിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന അടിമകൾ എന്നിവർക്കെല്ലാം ധനത്തെ കൊടുക്കുകയും ചെയ്യുന്നതാകുന്നു നന്മ." ഖുർആനിൽ മറെറാരു ഭാഗത്തു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "നിങ്ങൾക്കു് ഇഷ്ടപ്പെട്ട മുതലിൽനിന്നും അല്ലാഹുവിൻ്റെ മാർഗ്ഗത്തിൽ ചെലവുചെയ്യുന്നതുവരെ നന്മയെ നിങ്ങൾ പ്രാപിക്കുകയില്ല. ആണ്ടുതോറും സക്കാത്തു കൊടുക്കുന്നതു നമുക്കു ഫർസാകുന്നു. നാം നിർബ്ബന്ധമായ സക്കാത്തിനെ കൊടുക്കുന്നില്ലെങ്കിൽ അതിൻെറ ശിക്ഷ നമ്മ

ളിൽത്തന്നെ ഉണ്ടാകുന്നതാണ്. എന്നാൽ നല്ല മനുഷ്യരായിരിക്കണമെങ്കിൽ സക്കാത്തു കൊടുത്താൽ മാത്രം മതിയാകുന്നതല്ല. അഞ്ചുനേരത്തെ നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്നതിനു പുറമെ നമ്മുടെ കുടുംബാംഗങ്ങൾ, അനാഥരായ കുട്ടികൾ, വേലയ്ക്കു കഴിവില്ലാത്ത അഗതികൾ, എന്നിവർക്കായി ധനംവിനിയോഗിക്കുകയും ചെയ്യേണ്ടതാണ്." ഈ നിയമങ്ങളെ അറിഞ്ഞതിനുശേഷം നിങ്ങൾക്ക് തനിയെ ചിന്തിക്കാവുന്നതേയുള്ളു. ഞങ്ങളുടെ സംഘത്തിൽപ്പെട്ട ഒരു ഗൃഹത്തിലും ധനത്തെ ശേഖരിച്ചു വെയ്ക്കുവാൻ എളുപ്പമില്ല. അത്യാവശ്യങ്ങൾക്ക വിനിയോഗിച്ചതിന്റെ ബാക്കി അല്ലാഹുവിന്റെ വഴിയിൽ ചെലവുചെയ്യുന്നതിനു ഞങ്ങൾ നിർബ്ബന്ധിതരാണ്. എന്തുകൊണ്ടെന്നാൽ ഖുർആൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവുചെയ്യാതെ സ്വർണ്ണവും വെള്ളിയും നിക്ഷേപിക്കുന്നവർ—അവരോട് വേദനപ്പെടുത്തുന്ന ശിക്ഷയേക്കുറിച്ചു നീ അറിയിച്ചു കൊടുക്കുക." ശേഖരിക്കപ്പെട്ട ധനത്തെ വിനിയോഗിക്കുന്നതിനുള്ള ഈ മാർഗ്ഗത്തെ ഇസ്ലാം തിരഞ്ഞെടുത്തു. ഒരാൾ മരിച്ചാൽ അയാളുടെ സ്വത്ത്, മററുള്ള ജനങ്ങളേപ്പോലെ ഞങ്ങളിൽ ഒരൊറ്റ മകന്റെ കൈവശം എത്തിച്ചേരുന്നില്ല. മരിച്ചയാളിന്റെ ഭാര്യ, കുഞ്ഞുങ്ങൾ, മാതാപിതാക്കന്മാർ, സഹോദരന്മാർ ഇവരെല്ലാം ആ സ്വത്തിനവകാശികളാണെന്നു ഇസ്ലാം പ്രഖ്യാപനംചെയ്തിരിക്കുന്നു. ഇപ്രകാരമുള്ള ധനവിഭജനത്താൽ ഞങ്ങളിൽ എല്ലാവർക്കും ധനം ലഭിക്കുന്നു.

ദൂതൻ:— നിങ്ങളുടെ ഈ സംഭാഷണത്തിൽനിന്ന് ഞാൻ എന്താണ് ഉദ്ദേശിക്കേണ്ടതു്?. ധനത്തെ വെറുത്തു കൊണ്ടു ക്ലേശങ്ങളും വിഷമങ്ങളും അനുഭവിക്കുന്ന ജീവിതത്തെയാണോ നിങ്ങളുടെ മതം ഇഷ്ടപ്പെടുന്നതു്?

സഹാബി:—എൻെറ അഭിപ്രായം വ്യത്യസ്ഥമായി നിങ്ങൾ മനസിലാക്കിയതിൽ ഞാൻ ഖേദിക്കുന്നു. ഞങ്ങളുടെ മതം അപ്രകാരം ആഗ്രഹിക്കുന്നില്ല. മതത്തെ തുടരുന്ന ഏതൊരാളും ക്ലേശങ്ങൾ അനുഭവിച്ചു ജീവിതം നയിക്കണമെന്ന് ഉദ്ദേശവുമില്ല. എന്നാൽ അത് ഇപ്രകാരം അനുശാസിച്ചിരിക്കുന്നു. ധനം ഒരാളിന്റെ കയ്യിൽ ഇരിക്കാതെ എല്ലാവരുടേയും കയ്യിൽ ചെന്നുചേരേണ്ടവിധം വിതരണം നടക്കണമെന്നുള്ളത് നിർബ്ബന്ധമാണ്, പത്തുശതമാനം വ്യക്തികളാൽ തൊണ്ണൂറു ശതമാനം ജനങ്ങൾ കഷ്ടത അനുഭവിക്കണമെന്ന് ഞങ്ങളുടെ മതം വിചാരിക്കുന്നില്ല. ധനം ശേഖരിച്ച് ഭൂമിയിൽ കുഴിച്ചുവയ്ക്കുന്നതിന് ഇസ്ലാം ഇഷ്ടപ്പെടുന്നില്ല. അതിനെ തനിക്കു തന്നെപ്പോലെയുള്ള ജനങ്ങൾക്കും വിതരണം ചെയ്യുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സ്വാർത്ഥലോലുപന്മാരായി ജീവിച്ചുകൊണ്ട് തങ്ങളുടെ സഹോദരങ്ങളിൽ നിന്നും ധനത്തെ ചൂഷണംചെയ്തു കീശനിറയ്ക്കുന്നതിനെ ഞങ്ങൾ വെറുക്കുന്നു. കുത്തുങ്ങൾക്കോ കളിക്കോപ്പുകൾ ഉണ്ടാക്കുന്നതിനോ മററുതരത്തിലുള്ള വിനോദങ്ങൾക്കായോ ധനം വ്യയം ചെയ്യുവാൻ മതം ഞങ്ങളോട് കല്പിച്ചിട്ടില്ല. ഞങ്ങളുടെ സംഘം ഒരു പൂർണ്ണകുടുംബമായി വിചാരിച്ചുകൊണ്ട് ആ കുടുംബത്തിൻെറ അധികാരങ്ങൾ ബുദ്ധിയും സാമർത്ഥ്യവും പാകതയുമുള്ള വയസ്സായ ഒരാളിൻെറ കയ്യിൽ ഏല്പിക്കണമെന്നും, കുടുംബത്തിലുള്ള ഒരു വ്യക്തിയും നഗ്നനും വിശന്നവനുമാകാതെയും കുട്ടികൾ വിദ്യാവിഹീനരാകാതെയും അദ്ദേഹം ശ്രദ്ധിക്കണമെന്നും ഞങ്ങളുടെ മതം സിദ്ധാന്തിക്കുന്നു. ഈ ആവശ്യത്തിലേക്കായി ഞങ്ങൾ ഇവിടെ ഒരു 'ബയിത്തുൽമാൽ' സ്ഥാപിച്ചിരിക്കുന്നു. ആ ബയിത്തുൽമാലിന് നാട്ടിൻെറ ഖജാനാ എന്നോ ജനങ്ങളുടെഖജാനാ എന്നോ പറയാവുന്നതാണ്.

അതുമൂഖേന ഞങ്ങളുടെ ജനതതിയിലുള്ള അനാഥകൾ, അവിവാഹിതകൾ എന്നിവക്ക് നിത്യവൃത്തിക്കുള്ള സഹായം ചെയ്യുവരുന്നു. പടയാളികളുടെ ഭാര്യമാർ, കുഞ്ഞുങ്ങൾ മുതലായവക്കും സഹായം ചെയ്യുന്നുണ്ട്. യുദ്ധോപകരണങ്ങളും ഈ ധനംകൊണ്ടുതന്നെ വാങ്ങുന്നു. ചുരുക്കിപ്പറഞ്ഞാൽ ജനങ്ങളുടെ ക്ഷേമത്തേയും സുഖത്തേയുമാണ് ഈ സ്ഥാപനംകൊണ്ടു ഉദ്ദേശിക്കുന്നതു്.

ദൂതൻ:—അങ്ങു ക്ഷമിക്കണം. എനിക്ക് ഇതേവരെ ഒരു സമാധാനവും ലഭിച്ചില്ല. നിങ്ങൾ പറയുന്നതു് എല്ലാം അവസ്ഥയിലും, ധനത്തെ ശേഖരിച്ചുവയ്ക്കാതെ അതിനെ ചെലവുചെയ്യണമെന്നല്ലേ? ഈ വിധത്തിലാണെങ്കിൽ നിങ്ങളുടെ ജനങ്ങളിൽ എപ്പോഴെങ്കിലും ധനികന്മാർ ഉണ്ടാകുവാൻ കഴിയുന്നതാണോ? ഇതിന്റെ പരമാർത്ഥമറിയാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു.

സഹാബി:— നിങ്ങളുടെ തെററിദ്ധാരണ ഇതേവരെ മാറിക്കാണാത്തതിൽ വ്യസനിക്കുന്നു. ജനങ്ങളിൽ അതാതു കാലത്തുള്ള ധനികന്മാരാണ് 'ഖാറൂൻ' എന്ന പേരിനാൽ അറിയപ്പെടുന്നതു്. യഥാർത്ഥത്തിൽ ധനികൻ എന്നു പറയുവാൻതക്കവണ്ണം ആരും ഇല്ല. ഭൂരിപക്ഷം ജനങ്ങളും പട്ടിണിയിൽ കഴിയുമ്പോൾ സുഖിച്ചിരിക്കുന്ന ഏതാനും വ്യക്തികളെ ധനികരെന്നു പറയുന്നതെങ്ങിനെ? ജീവിതാവശ്യങ്ങൾ വേഗത്തിൽ സാധിക്കുകയും, ദാരിദ്ര്യദുഃഖം ഉണ്ടാകാതിരിക്കുകയും സ്വർണ്ണവും, വെള്ളിയും ശേഖരിച്ചുവയ്ക്കുകയും ചെയ്യുന്ന ആളുകളെയാണ് ധനവാന്മാർ എന്നു പറയുന്നതു്. അല്ലാഹുവിൻെറ ഖജാനാകളിൽനിന്നും എടുക്കുന്ന ധനത്തെപ്പററി ഇസ്ലാം ഞങ്ങളെ തടഞ്ഞിട്ടില്ല. സ്വസഹോദരൻെറ ധനത്തെ തൻെറ സഞ്ചിയിൽ കെട്ടിവയ്ക്കുന്ന

തിനെ ഇസ്ലാം വിരോധിച്ചിരിക്കുന്നു. ഭൂമിയിൽനിന്നും ധനവും സമ്പത്തും സമ്പാദിക്കുന്നതിനുള്ള സ്വാതന്ത്ര്യം അല്ലാഹു തന്നിട്ടുണ്ട്. എന്നാൽ ഭൂമിയിൽനിന്നു കിട്ടുന്ന ധനത്തെ പെട്ടിയിൽ സൂക്ഷിച്ചു വയ്ക്കുവാൻ ഇസ്ലാം അനുവദിക്കുന്നില്ല. ഈവക ധനം തൻെറ ആവശ്യങ്ങൾക്കു ചെലവുചെയ്തു ബാക്കി വന്നാൽ കുഴിച്ചുവയ്ക്കുന്നതു വിരോധിക്കപ്പെട്ടിരിക്കുന്നു. അന്യൻെറ മുതലിനെ പിടിച്ചെടുക്കുന്നതിനുള്ള ആഗ്രഹത്തെ സമാധാനിപ്പിക്കുകയല്ലാതെ നമ്മളാൽ എന്താണു് കരണീയമായിട്ടുള്ളതു്? എൻെറ അഭിപ്രായത്തിൽ കുഴിച്ചിടുന്ന ധനത്തിനു് ധനം എന്നു് പേരു സിദ്ധിക്കുന്നില്ല. നമ്മുടെ ആവശ്യങ്ങളെ നടത്തുകയും ഉപകരണങ്ങളെ വാങ്ങുകയും ചെയ്യുമ്പോൾമാത്രമേ അതിനു ധനമെന്ന പേരു് അന്വത്ഥമാകുന്നുള്ളു. അല്ലാഹു ഞങ്ങളോടു് ഇപ്രകാരം കല്പിക്കുന്നു. "നിങ്ങൾ ഭക്ഷിക്കുവിൻ, പാനംചെയ്യുവിൻ; ധനത്തെ അനാവശ്യമായി ചെലവുചെയ്യരുതു്. നാം ധനത്തെ വല്ല സ്ഥലത്തും കെട്ടിവയ്ക്കുന്നതു് അസ്ഥാനത്തുള്ള പെരുമാററമാകുന്നു." ധനത്തെ കൈകാര്യം ചെയ്യാതെ കെട്ടിവെയ്ക്കുന്നതായാൽ ധനംകൊണ്ടുള്ള ഗുണം ആക്കും അനുഭവപ്പെടുന്നില്ല.

ഒരു വീട്ടിൽ എട്ടോ പത്തോ അംഗങ്ങൾ ഉണ്ടായിരുന്നാൽ ഏതൊരു നിയന്ത്രണമാണോ അവക്ക് ആവശ്യമുള്ളതു് ആ നിയന്ത്രണം തന്നെ എണ്ണായിരമോ അഥവാ എട്ടു ലക്ഷമോ ജനങ്ങൾക്കും മതിയാകുന്നതാണു്. വീട്ടിലെ എല്ലാ അംഗങ്ങളുടേയും പ്രയത്നഫലത്തെ ഒരാളിനെ ഏൽപ്പിച്ചാൽ വിഷമമില്ലല്ലോ. അതുപോലെ എണ്ണായിരമോ എട്ടുലക്ഷമോ വരുന്ന ഒരു ജനത അവരുടെ പ്രയത്നഫലമായ ധനത്തെ ഒരു നേതാവിനെ

ഏല്പിക്കുന്നതായാൽ തുല്യമായി എല്ലാവർക്കും ഓഹരി ചെയ്തു കൊടുക്കാവുന്നതാണ്. ആ സ്ഥിതിയിൽ യാചിക്കുന്നവനും ധനവാനും ഉണ്ടായിരിക്കുകയില്ല. വിദ്യാഭ്യാസം ലഭിക്കാത്ത ഒരു കുഞ്ഞുപോലും കാണുകയില്ല. സന്തോഷവും, സംതൃപ്തിയും സ്വയം ജനിക്കുന്ന ഈ പരിതസ്ഥിതി എത്ര ശോഭനമാണ്. നിങ്ങളും രാജാവും ഏകദേശം ഒരുപോലെതന്നെ ജീവിക്കുകയും, രാജാവിനെ യജമാനനെന്നു വിചാരിക്കാതെ വീട്ടിന്റെ നിയന്ത്രകനെന്നു മാത്രം ധരിക്കുകയും ചെയ്യുന്നതായാൽ അദ്ദേഹത്തിൽ നിങ്ങൾക്കു അസൂയയ്ക്കു സ്ഥാനമില്ലല്ലോ? എണ്ണൂറോ എണ്ണായിരമോ ജനങ്ങളെ ഞങ്ങൾ എങ്ങിനെ ഭരിക്കുന്നു എന്നുള്ള ചിന്ത നിങ്ങൾക്കുണ്ടാകുമ്പോൾ എട്ടുകോടി ജനങ്ങളുടെ വിധികർത്താവാകാനും, അവരുടെ ജീവന്റെയും സ്വത്തിന്റെയും ഉടമസ്ഥനാകാനും എങ്ങിനെ ശക്തിയുണ്ടാകുമെന്നുള്ള സംഗതി നിങ്ങൾക്കു ദുഃഖത്തെയുണ്ടാക്കും. ഒരാൾ ജനസേവകനായി ജീവിച്ചതിന്റെ ഫലമായി അയാൾ നേതൃസ്ഥാനത്തു സ്വീകരിക്കപ്പെടുന്നു. സേവനസന്നദ്ധരായ ആർക്കും നേതൃസ്ഥാനത്ത് എത്തിച്ചേരാം.

ധനത്തെ സമമായി വിഭജനം നടത്തുന്ന അവസ്ഥയിൽ, രാജകീയമായ ഡർബാറുകളോ, മന്ത്രിമാരുടെ പ്രതാപഗേഹങ്ങളോ ഐശ്വര്യസമേതം നിലനില്ക്കയില്ല. അത് സംശയമററ സംഗതിയാകുന്നു. കോടിക്കണക്കായ നാണയങ്ങൾ ജനങ്ങളുടെ ആവശ്യത്തിനായിട്ടല്ലാതെ അനാവശ്യമായ ആഡംബരങ്ങൾക്കായി ചെലവാക്കാൻ ആ അവസരം അനുമതി നൽകയില്ല.

നമ്മളുൾപ്പടെ കുറച്ചാളുകൾ ഒരു സ്ഥലത്തു ഒരുമിച്ചുകൂടിയിരിക്കുന്നു എന്നു വിചാരിക്കുക. മഹാനായ ഒരാൾവന്ന് നമ്മെ എല്ലാവരേയും വിരുന്നിനു ക്ഷണി

കുന്നു. ഭക്ഷണം സ്വീകരിച്ച് അദ്ദേഹത്തിൻെറ വസതിയിൽ ആഗതരായ നമ്മൾ മേശപ്പുറത്ത് വിവിധതരത്തിൽ പലഹാരങ്ങൾ നിരത്തിയിട്ടുള്ളതായി കാണുന്നു. അതുപോലെ പാനീയങ്ങളും കാണുന്നുണ്ട്. ആതിഥേയൻ നമ്മോട് ഇപ്രകാരം പറയുന്നു. "നിങ്ങൾ ഇഷ്ടംപോലെ ഭക്ഷണം കഴിക്കുക." ആ സമയത്ത് അന്യൻെറ മുമ്പിൽ ഇരിക്കുന്ന ഭക്ഷണസാധനത്തെ നിങ്ങൾ എടുത്തു കീശയിൽ നിറയ്ക്കുമോ? അങ്ങിനെ ചെയ്യില്ലെങ്കിൽ, അല്ലാഹു വിരിച്ച സുഫ്രായിൽ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്? അത് അപരിഷ്കൃതമാണെന്നു നിങ്ങൾ അറിയുന്നില്ലയോ? മനുഷ്യൻ വിരിച്ചിട്ടുള്ള സുഫ്രായിൽ, അന്യരുടെ മുമ്പിൽവച്ചിട്ടുള്ള സാധനങ്ങളെ എടുക്കുന്നത് മര്യാദയ്ക്കു യോജിച്ചതല്ലെങ്കിൽ അല്ലാഹുവിൻെറ സുഫ്രായിൽ ഈ പരിഷ്കാരം എന്തുകൊണ്ടു കാണുന്നില്ല? എന്നാൽ പരിഷ്കൃതമായ ആചാരം ഇപ്രകാരമാണ്. വിരുന്നുസൽക്കാരത്തിൽ ഏതാനുംപേർ പഴങ്ങൾ മുറിച്ച് അതിഥികൾക്കു കൊടുക്കുകയും മററു ചിലർ പാത്രങ്ങളിൽ നിറഞ്ഞിരിക്കുന്ന സർബ്ബത്തിനെ പകന്നു കൊടുക്കുകയും ചെയ്യണം. സർബ്ബത്തു കൊടുക്കുന്നവക്കു മുറിച്ചുവച്ചിട്ടുള്ള പഴങ്ങൾ കിട്ടുകയും പഴം മുറിച്ചുകൊടുക്കുന്നവക്കു സർബ്ബത്തു കിട്ടുകയും ചെയ്യുക എന്നുള്ളതാണ് ഈ പരിഷ്കാരം. ഈ തഹ്ദീബാകുന്നു ഇസ്ലാം. തഹ്ദീബിനെ സംബന്ധിച്ച് അല്പമാത്രപരിജ്ഞാനമെങ്കിലും നിങ്ങൾക്ക് ഇതിനകം സിദ്ധിച്ചുകാണുമെന്നു വിശ്വസിക്കട്ടെയോ?

ദൂതൻ:—അങ്ങയുടെ വിശദീകരണം എന്നിൽ അത്ഭുതകരമായവിധത്തിൽ വിജ്ഞാനോദയമുളവാക്കിയിരിക്കുന്നു. എനിക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനുള്ള വാക്കുകൾ കിട്ടുന്നില്ല.

സഹാബി:—നിങ്ങൾ എനിക്കു കൃതജ്ഞത പ്രകാശിപ്പിക്കേണ്ട ആവശ്യമില്ല. ഞാൻ എന്റെ കടമയെ നിറവേററുകമാത്രമാണു ചെയ്തിട്ടുള്ളതു്. നിങ്ങൾ എന്റെ അഭിപ്രായങ്ങളെ ക്ഷമയോടും ശ്രദ്ധയോടുംകൂടി കേട്ടതിൽ ഞാൻ അതീവ സന്തുഷ്ടനാണു്. പലിശ, ഏറ്റപ്പാട്ട്, ചൂതുകളി, കള്ളവടങ്ങളിൽ ചിലതു് ഇവ ഹറാമാണെന്നു സ്ഥാപിച്ചുകൊണ്ടു് ഇസ്ലാം വലിയൊരു ദോഷത്തെ നശിപ്പിച്ചു എന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. നമ്മെപ്പോലുള്ള ജനങ്ങളോടു് അസമത്വപരമായി പെരുമാറുന്നതിനെ സംബന്ധിച്ചു് ഇസ്ലാം നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗത്തെയാണു് അടുത്തതായി ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നതു്.

അസമത്വപരമായ പെരുമാററങ്ങളടങ്ങിയ പല സംഭവങ്ങളും ദൈനംദിനം നാം കണ്ടുകൊണ്ടിരിക്കുന്നു. അനീതിയായ ധനവിഭജനംനിമിത്തം അല്ലാഹുവിന്റെ ഭൂമിയിൽ വളരെ കൂടുതലായി നടക്കുന്ന ദ്രോഷം ഈ അസമത്വമാണെന്നുള്ള പരമാർത്ഥം നിരസിക്കാവുന്നതല്ല. ഈ നാശത്തെ പ്രസ്പഷ്ടമാക്കുന്ന സംഭവങ്ങൾ എല്ലാ നാട്ടിലും എല്ലാ ജനതയിലും കാണാവുന്നതാണു്. ഇതു് അനീതിയായ ഭരണസമ്പ്രദായത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാണെന്നു് ഒന്നിലധികം തവണ ഞാൻ വ്യക്തമാക്കിയിട്ടുണ്ടു്. കുടുംബങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വഴി പ്രകൃതി പഠിപ്പിച്ചിട്ടുള്ളതാകുന്നു. മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഒരു കുടുംബത്തിൽ ഭരണം നടത്താൻ നിശ്ചയിക്കുന്ന നേതാവു്, ആ കുടുംബത്തിനു വേണ്ടി ജീവനെ ബലികഴിക്കുന്നതിനുപോലും തയ്യാറുള്ളവനായിരിക്കണം. ഈവിധം സേവനസന്നദ്ധതയുള്ള നേതാവിന്റെ ഭരണത്തിനു് "ഹക്കുമത്തു്" എന്നു പറയപ്പെടുകയില്ല. ഹക്കുമത്തിന്റെ അർത്ഥവ്യാപ്തിയിൽ

സ്വേച്ഛാപ്രഭുത്വത്തിന്റെ വാസന വീശുന്നുണ്ട്. അതിനാൽ ഇസ്ലാം വിധികർത്താക്കൾക്ക് 'അമീർ' എന്നോ 'ഉലുൽഅംറ്' എന്നോ ഉള്ള പേരാണു നിർദ്ദേശിച്ചിട്ടുള്ളതു്.

ഇന്നു ലോകത്തുള്ള എല്ലാ ജനങ്ങളും അവരുടെ പ്രകൃതിമതത്തെ വിട്ടുകളഞ്ഞിരിക്കുന്നു. എല്ലാ നാട്ടിലും ജനങ്ങളുടെ നേതാവ് ജനങ്ങളുടെ ദാസനായിരിക്കേണ്ടതിനു പകരം യജമാനപദവിയെ തിരഞ്ഞെടുത്ത് അവകാശം സ്വയം ലഭിച്ച നിലയിൽ കോടികണക്കായ ജനങ്ങളുടെ യജമാനനും ഉടമസ്ഥനും ആയി ഭവിച്ചിരിക്കുന്നു. അയാൾ ഇഷ്ടപ്പെടുന്നയാളിനെ കുറ്റങ്ങളിൽനിന്നും ഒഴിവാക്കുകയും യാതൊരു തെറ്റും ചെയ്യാത്തവരെ ശിക്ഷിക്കുകയും ചെയ്യുന്നു. ഉടമസ്ഥന്റെ നിയമമെന്നതു് അയാൾ ഇഷ്ടപ്പെടുന്ന ഒന്നിന്റെ നാമമാകുന്നു. അയാൾ അധികസമയത്തും നീതിജ്ഞനും വിശ്വസ്ഥനും മാത്രമല്ല ബുദ്ധിമാനും സൽപ്രവൃത്തിയുക്തനും ആയിരിക്കയുമില്ല. ഉടമസ്ഥനായ അധികാരിയുടെ അക്രമം കണ്ടുകണ്ട് അയാളുടെ ഉദ്യോഗസ്ഥന്മാരും അയാളുടെ വണ്ണം സ്വീകരിച്ചുതുടങ്ങുന്നു. ഉപദ്രവം ഏററതായ ഒരാളിന് അഭയംപ്രാപിക്കാൻ ഒരു വാതിലും തുറന്നു കിട്ടുകയില്ല. അവന്റെ സങ്കടം കേൾക്കാനും ആരുമില്ല. സ്വാധീനശക്തിയുള്ള കുറഞ്ഞ വ്യക്തികൾ ഈ സ്വേച്ഛാപ്രഭുവായ അധികാരി ആവശ്യമാണെന്നു വിചാരിക്കുന്നു. അയാളുടെ അക്രമത്തിൽ ഇവർ സഹായികളായും വർത്തിക്കുന്നുണ്ട്. മററുചില ജനങ്ങൾ അവരുടെ ചതിപ്രയോഗങ്ങൾവഴിയായി രാജാവിന്റെ ആനുകൂല്യവും സ്നേഹവും സമ്പാദിക്കുന്നു. അവർ ഭരണാധിപനെ നല്ലവനാക്കുന്നു. അവർ അദ്ദേഹത്തിന്റെ എല്ലാ കുററങ്ങളേയും മറച്ചുവയ്ക്കുകയും, ആ കുററങ്ങൾ ശരി

യല്ലെന്നു സമർത്ഥിക്കുകയും ചെയ്യുന്നു. ഈവിധം പെരുമാറുന്ന ജനങ്ങളുടെ അഭിമാനം, സ്വത്ത്, ജീവൻ, ബഹുമാനം എല്ലാംതന്നെ നാശത്തിലേയ്ക്കു നോക്കിനില്ക്കുകയാണ്. അവയൊന്നുംതന്നെ സുരക്ഷിതമല്ല.

സ്വയം പ്രഭുത്വം നടിക്കുന്ന അധികാരികളുടെ അക്രമങ്ങളെപ്പററി നിങ്ങൾക്ക് എന്നെ അപേക്ഷിച്ച് കൂടുതൽ അറിവുണ്ടായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ദൌത്യം വഹിച്ചുകൊണ്ട് സ്വ ഗൃഹത്തിൽനിന്നും യാത്ര ആരംഭിച്ച സമയത്ത് 'തിരിച്ചു വരുമ്പോഴും നിങ്ങളുടെ ഗൃഹം ആ നിലയിൽത്തന്നെ ഇരിക്കണേ' എന്നു വിചാരിച്ചുകാണും. രാജാവിൻെറ സേവകപ്രമുഖന്മാരുടെ വിദ്വേഷം, ചിലപ്പോൾ നിങ്ങളുടെ ഭവനത്തെ ഇടിച്ചു കൃഷിസ്ഥലമാക്കുന്നതിനും പര്യാപ്തമാകയില്ലെന്ന് എങ്ങിനെ വിചാരിക്കാം? ഡർബാറിലുള്ളവരുടേയും മററുദ്യോഗസ്ഥന്മാരുടേയും അനുദിനകൃത്യങ്ങളെ ചിന്തിക്കുമ്പോൾ തൃപ്തികരമല്ലാത്ത പല സംഭവങ്ങളും ഊഹിക്കാവുന്നതാണ്. ഈ തരത്തിലുള്ള ഭരണരീതി ജനങ്ങൾക്കു വെറുപ്പുണ്ടാക്കാതിരിക്കുന്നതെങ്ങിനെയെന്നറിയുന്നില്ല. അതിനെപ്പററി കൂടുതൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മറെറാരുസംഗതി ഞാൻ സ്പഷ്ടമാക്കാം. ജനങ്ങൾ തമ്മിലുള്ള അസമത്വമായ പെരുമാററംനിമിത്തം കുറഞ്ഞ ഒരു സംഘം ആളുകൾ വിധികർത്താക്കളാകാൻ ഇടവന്നു. മററുള്ളവർ ഭരണീയരും അടിമകളും ആയിത്തീർന്നു. ഈ സ്ഥിതി ഭാവിയിൽ ഭരണകൂടത്തെ തകിടം മറിക്കാൻ മർദ്ദനം സഹിക്കുന്ന ജനതതി ശ്രമിക്കുന്നതിനു കാരണമാകും. അക്രമികളായ ഭരണാധിപന്മാരിൽനിന്നും അധികാരത്തെ അപഹരിക്കാൻ ജനങ്ങൾ ശ്രമിക്കും. പഴയ നേതാക്കു

ന്മാരെക്കാൾ ദുഷിച്ചവരാണു് വീണ്ടും നേതൃസ്ഥാനത്തിൽ എത്തിക്കൂടുന്നതു്: 'ആകാശത്തുനിന്നും വീണു് ഈത്തപ്പഴവൃക്ഷത്തിൻെറ മുകളിൽ തങ്ങി' എന്ന പഴമൊഴിപോലെയാകുന്നു ഇതു്. ചരിത്രപംക്തികളിൽ ഈ സ്വേച്ഛാപ്രഭുക്കളായ ഭരണാധികാരികളുടെ അക്രമത്തേയും, രക്തംചിന്തിക്കലിനേയും സംബന്ധിച്ചു് അനേകം ലേഖകൾ ലേഖനംചെയ്തിട്ടുണ്ടു്. ഇന്നു് മനുഷ്യഹൃദയത്തിനു് ഒരു മാററം സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. അവരുടെ ഇരുൾനിറഞ്ഞ പ്രവൃത്തികളെ വളരെ അഭിമാനത്തോടുകൂടിയാണു് അവർ പറയുന്നതു്: അക്രമപരമായ രക്തം ചിന്തലിനു് വിജയം എന്നു പേരു നൽകി അവർ സ്മാരകങ്ങൾ നിർമ്മിക്കുന്നു. നിങ്ങൾ സമാധാനത്തോടുകൂടി ചിന്തിക്കണം. അക്രമികളായ ഭരണാധികാരികൾ രാജ്യരക്ഷയ്ക്കും സാമ്രാജ്യവിസ്തൃതിക്കും ആയി പരിസരപ്രദേശങ്ങളിലുള്ള ജനങ്ങളെ അടിമകളാക്കുവാൻ ശ്രമം നടത്തുന്നു. നിർഭാഗ്യവശാൽ ജനങ്ങൾ ബലഹീനരുമായിരിക്കുന്നു. ആ സാധുജനങ്ങൾ അവർ ജനിച്ച ഭൂമിയിൽനിന്നും അനുഭവമെടുക്കുന്നതിനു് അവകാശമുള്ളവരായിരിക്കെ അവരിൽനിന്നു് നിങ്ങൾ കവർച്ചചെയ്തു കൊണ്ടുപോകുന്നു. ഇതാണോ നിങ്ങളുടെ അത്ഭുതകരമായ തഹ്ദീബ്? തഹ്ദീബിനെ സംബന്ധിച്ചു ഈറാൻകാരും ഗ്രീക്കുകാരും തമ്മിൽ പല മത്സരങ്ങളും നടന്നിട്ടുള്ളതു് ലോകപ്രസിദ്ധമാകുന്നു. ഈ രണ്ടു രാജ്യക്കാരും ഏകദേശം തുല്യനിലയിലുള്ള പരിഷ്കാരത്തിൻെറ പ്രചാരകരുമായിരുന്നു. ഈ രണ്ടു രാജ്യങ്ങളിലും സ്വേച്ഛാപ്രഭുത്വമാണു് ഇന്നും നടമാടുന്നതു്. ഈ രണ്ടു നാട്ടുകാരും ലോകത്തിൽ സ്വഭാവത്തിലും പരിഷ്കാരത്തിലും ഉന്നതനിലയിലാണെന്നു് സ്വയം വിചാരിക്കുന്നു. എന്നാൽ നിങ്ങളുടെ

തഹ്ദീബ് മററുനാട്ടുകാരെ സംബന്ധിച്ചിടത്തോളം നിരൎത്ഥകമാകുന്നു. അതു വെളിപ്പെടുത്തുകയെന്നതു് നിങ്ങളുടെ നാട്ടുകാൎക്കു് അവരെ വധിക്കുന്നതിനെക്കാൾ കൂടുതൽ വേദനാജനകമാണെന്നു് എനിക്കറിയാം. എന്റെ ഉദ്ദേശം വിവിധമായ പരിഷ്കാരത്തെ എണ്ണുകയെന്നതല്ല. എന്നാൽ ജനങ്ങളുടെയിടയിൽ അസമത്വമായ പെരുമാററംനിമിത്തം കൊലയും രക്തച്ചൊരിച്ചിലും അക്രമങ്ങളും അല്ലാതെ മറെറാരു നന്മയേയും അതു് പഠിപ്പിക്കുന്നില്ല. ഇന്നു ലോകം രക്തക്കളമായിത്തീൎന്നിരിക്കുന്നു.

ഇറാൻകാർ, ചൈനാക്കാർ, ഹിന്ദുസ്ഥാൻകാർ ഇവർ തമ്മിൽ യോജിച്ചു കഴിയുന്നതിനു് ഈ തഹ്ദീബ് തടസ്സമായിനില്ക്കുന്നു. നിങ്ങൾ നിങ്ങളുടെ രാജാക്കന്മാൎക്കു് അസമത്വമായ പെരുമാററത്തിനുവേണ്ട സൌകൎയ്യവും, കഴിവും ഉണ്ടാക്കിക്കൊടുത്തതിനു പുറമെ അവരുടെ ഇഷ്ടാനുസരണം പ്രവൎത്തിക്കാനുള്ള സന്ദൎഭവും കാണിച്ചുകൊടുത്തു. അവരുടെ ശക്തി പൂൎണ്ണത പ്രാപിച്ചശേഷം നിങ്ങൾ നല്കിയ കഴിവുകളെ തിരിയെ എടുക്കാൻ ഉദ്ദേശിച്ചാൽ സാധിക്കുമോ? നിങ്ങൾ കൊടുത്തിട്ടുള്ള ധനംകൊണ്ടു അവകാശമില്ലാത്ത നിലയിൽ ഒരു വലിയ സംഘം ആളുകളെ പോററി വളൎത്തുന്നു. ആ സംഘം ഉദരപൂരണാൎത്ഥം രാജാവിന്റെ കല്പനയെ ശിരസാ വഹിക്കുന്നു. രാജാവിന്റെ ചെറിയ ഒരു സൂചനമതി ഏതിനും അവർ തയ്യാറാകുവാൻ. ഇവൎക്കു് സൈന്യം എന്നു് ഇപ്പോൾ പറഞ്ഞുവരുന്നു. നാട്ടിനെ ശത്രുബാധയിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി ഈ വൻപിച്ച സംഘത്തെ പോററുന്നു എന്നാണു് അവർ ജനങ്ങളോടു പ്രസ്താവിക്കുന്നതു്. എന്നാൽ ഉദ്ദേശമി

താണോ? രാജകല്പനയ്ക്ക് എതിരുപറയുവാൻ ആരും ധൈര്യപ്പെട്ടരുത്; സകല ജനങ്ങളും തന്നെ ഭയന്നിരിക്കണം, ഈ ഉദ്ദേശമല്ലേ അതിൽ അടങ്ങീട്ടുള്ളത്?

ദൂതൻ:— സൈന്യം ഇല്ലാതിരുന്നാൽ ശത്രുക്കളുടെ ആക്രമണം എങ്ങിനെ തടയും? അവർ ഉണ്ടായിരിക്കുന്നതു നാട്ടിനും ജനങ്ങൾക്കും വളരെ രക്ഷയായിരിക്കുമ്പോൾ അവരെ കാര്യമില്ലാത്ത ഒരു സംഘമെന്ന് എങ്ങിനെ പറയാൻ സാധിക്കും?

സഹാബി:—ജനാബ്! നിങ്ങളുടെ തഹ്ദീബ് മനുഷ്യനെ നല്ല സ്വഭാവത്തിൽനിന്നും അകററി നിറുത്തുന്നു. ഒരു വീട്ടിനു തീപിടിക്കുമ്പോൾ യഥാർത്ഥവേദനയോടുകൂടി അതിനെ അണയ്ക്കുവാൻ ശ്രമിക്കുന്നതു് ആ വീട്ടിന്റെ ഉടമസ്ഥാംഗങ്ങളാകുന്നു. അതുപോലെ ശത്രുക്കൾ നമ്മുടെ നാട്ടിൽ കടന്നാൽ ഏതു ത്യാഗവും സഹിച്ചു നാട്ടിനെ രക്ഷിക്കേണ്ടതു നമ്മുടെ കടമയാകുന്നു. മററുള്ളവർക്ക് അതിൽ അത്ര ആവശ്യം ഉണ്ടായിരിക്കുകയില്ല. ബദർയുദ്ധത്തിൽ ഞങ്ങൾക്കു ശത്രുക്കളുടെ നാലിൽ ഒരു ഭാഗമേ സംഘബലമുണ്ടായിരുന്നുള്ളു. യുദ്ധോപകരണങ്ങൾ ശത്രുക്കളെഅപേക്ഷിച്ചു ഞങ്ങൾക്കു തുലോം കുറവായിരുന്നു. എന്നാൽ ഞങ്ങളുടെ കുഞ്ഞുങ്ങൾപോലും ഞങ്ങളെ സഹായിക്കുവാൻ സന്നദ്ധരായി. ലോകാവസാനംവരെ കീർത്തി നില്ക്കത്തക്കവിധത്തിൽ ഞങ്ങൾ ശത്രുക്കളെ പരാജിതരാക്കി. നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ യുദ്ധപരിശീലനം നൽകി അവരുടെ ഹൃദയത്തിൽ സ്വദേശസ്നേഹം വളർത്തി, ദേശസംരക്ഷണം അവരുടെ കൃത്യമാണെന്നു പഠിപ്പിക്കുക; സമരമുഖങ്ങളിൽ കൂലിപ്പട്ടാളം വഹിക്കുന്ന ശക്തിയല്ലായിരിക്കും അപ്പോൾ നിങ്ങൾ കാണുന്നതു്. രാജാക്കന്മാർ വളർത്തുന്ന സൈന്യം സമാധാനകാലത്തു് കട്ടിലുകൾ

ഒടിക്കാനല്ലാതെ മററുതരത്തിൽ യാതൊരു പ്രയോജനവും ഉണ്ടാക്കുന്നില്ല. അവരുടെ ആരോഗ്യം പൂർണ്ണമാക്കുന്നതിനായി, കുതിരയെ സവാരിചെയ്യിക്കുന്നതുപോലെ ആയുധങ്ങൾ ചുമപ്പിച്ച് അങ്ങോട്ടും ഇങ്ങോട്ടും നടത്തുന്നു. രാജാവിനു മാത്രമേ യഥാർത്ഥത്തിൽ ഇവരെക്കൊണ്ടു ഗുണമുണ്ടാകുന്നുള്ളു. പ്രത്യുത ജനങ്ങൾക്ക് ദോഷമുണ്ടാകുന്നുമുണ്ട്. നല്ല ആരോഗ്യമുള്ള ചെറുപ്പക്കാർ പ്രയത്നിച്ചുണ്ടാക്കുന്ന ധനം നാട്ടിനും സമുദായത്തിനും ഗുണം ചെയ്യുമെന്നുള്ളപ്പോൾ അവരെ ആ യൌവ്വനപ്രായത്തിൽ അലസരാക്കുന്നതിന് പററിയതാണ് ഈ സൈനികവൃത്തി. അവർ അവർക്കുതന്നെ ദോഷബീജങ്ങളാകുന്നു. ഈ ഭടന്മാർക്ക്, തനിക്കോ തനിക്കു വേണ്ടപ്പെട്ടവർക്കോ യാതൊരുപദ്രവവും ചെയ്യാത്തവരുടെ ജീവനെപ്പോലും നശിപ്പിക്കുവാൻ മടിയില്ല. നാട്ടിനേയും ജനങ്ങളേയും നിയന്ത്രിക്കുന്നതിന് ഇസ്ലാം ചെയ്തിട്ടുള്ള നിയമങ്ങൾ ഇതിൽനിന്നും എത്രയോ വ്യത്യസ്ഥമാണ്. ഞങ്ങളുടെ തഹ്ദീബിലും സഹകരണത്തിലുമുള്ള ഈ മാററത്തെ നിങ്ങൾ നല്ലപോലെ ചിന്തിച്ചുനോക്കണം.

ദൂതൻ:—ലോകത്തെയും എന്നെത്തന്നെയും മറന്ന് ഞാൻ അങ്ങയുടെ വാക്കുകൾ വളരെ ആനന്ദത്തോടും സന്തോഷത്തോടും കൂടി കേൾക്കുന്നു.

സഹാബി:— ലോകോല്പത്തിയുടെ ആരംഭത്തിൽ ഉള്ള രണ്ടുപേരുടെ ജീവിതത്തെപ്പററി ഞാൻ പറഞ്ഞിട്ടുള്ളതു് ഓർമ്മയുണ്ടായിരിക്കുമല്ലോ. സഹകരണം അവരുടെ കൃത്യങ്ങൾക്കുണ്ടാക്കിയ സഹായത്തെയും ഞാൻ പറഞ്ഞിട്ടുണ്ട്. ആ രണ്ടുപേരുടേയും സഹകരണപരമായ ജീവിതം അവൎക്ക് പ്രവൃത്തികളിൽ ഉല്ക്കർഷം ഉണ്ടാക്കി.

ഒന്നും ഒന്നും ചേർത്തിട്ടാൽ പതിനൊന്ന് എന്നുള്ള പഴമൊഴി അന്വർത്ഥമാണല്ലോ. അവരുടെ സംഘം ക്രമേണ വർദ്ധിക്കാൻതുടങ്ങി. അപ്പോഴും സഹകരണം സന്മനോഭാവത്തോടുകൂടി അവർ തുടർന്നുകൊണ്ടിരുന്നു. സുഖദുഃഖങ്ങളിൽ അവർ ഏകമനസ്സായി സഹകരിച്ചു. ഇപ്രകാരമുള്ള ജീവിതത്തിൽ ചില നിയമങ്ങളും അവർ ഉണ്ടാക്കി. ഈ നിയമങ്ങൾ എഴുതപ്പെട്ടിരുന്നില്ലെങ്കിലും ഓരോരുത്തരുടേയും ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. പ്രകൃതിനിയമംപോലെ അതു അവർക്ക് ബാധകമായിരുന്നു. ഈ അവസരത്തിൽ കുടുംബത്തിൽ വിശ്വസ്തതയും സേവനമനോഭാവവും ഉള്ളവൻ നേതാവായിത്തീർന്നു. കാര്യങ്ങൾ എല്ലാം അയാളുടെ അഭിപ്രായത്തിൽ നടത്തുകയെന്നായി. കുടുംബങ്ങൾ തമ്മിലുള്ള മത്സരങ്ങളിലും ഈ നേതാക്കന്മാർ നേരിട്ട് കലഹം ഒതുക്കുന്നു. എന്നാൽ കാലാന്തരത്തിൽ ഈ നേതൃസ്ഥാനം ദുർമ്മോഹികളുടെ കയ്യിൽ അകപ്പെട്ടു. അവർ തഹ്ദീബിനെ നാമാവശേഷമാക്കി. സ്വേച്ഛാപ്രഭുത്വം വളർന്ന് ലോകം ഇന്നത്തെ അവസ്ഥയിൽ എത്തിയിരിക്കുന്നു

ഇസ്ലാം ആദ്യമായി ഞങ്ങളോട് ഇപ്രകാരമാണ് ഉപദേശിക്കുന്നത്. "അധികാരം അല്ലാഹുവിനല്ലാതെ മററാർക്കും ഇല്ല." അല്ലാഹു ഈവിധം കല്പിക്കുന്നു. "നിങ്ങളുടെ രക്ഷകർത്താവിനെ അനുസരിക്കുവിൻ." ഞങ്ങളുടെ ജമാഅത്തിൽ, ഒരാൾ അയാളുടെ സേവനംവഴിയായി ഞങ്ങളുടെ അമീറായി തിരഞ്ഞെടുക്കപ്പെട്ടശേഷം അയാളെ അനുസരിക്കുന്നത് ഞങ്ങൾക്ക് അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുന്നതുപോലെ നിർബ്ബന്ധമാകുന്നു. എന്നാൽ അമീറിനെ അനുസരിക്കുന്നത്,

അദ്ദേഹം അല്ലാഹുവിൻെറ ഇഷ്ടാനുസരണം വിധിനടത്തുമ്പോഴാകുന്നു. അല്ലാതെ അയാൾ തന്നിഷ്ടമനുസരിച്ച് പ്രവൎത്തിക്കുന്നതായാൽ അയാളെ അനുസരിക്കേണ്ട ചുമതല ഞങ്ങൾക്കില്ല. ഈ തരത്തിലുള്ള ഭരണത്തിൻെറ ഉത്തമമായ മാതൃക. ഞങ്ങളുടെ സംഘത്തിൽപ്പെട്ട ഏററവും മഹൽവ്യക്തി, താൻ യജമാനനായ റസൂലിൻെറ എളിയ ഒരു ദാസനായി മാത്രം വിചാരിക്കുന്നുവെന്നുള്ളതാണ്. ചെറിയ ഒരു കല്പനയാൽ ജീവൻ ബലികഴിക്കാൻ ആ മഹൽവ്യക്തി സന്നദ്ധനാണ്. ഈവിധത്തിൽ അനുസരണയുള്ള പ്രജകൾ ലോകത്തു വലിയ രാജാക്കന്മാൎക്കുപോലും ലഭിച്ചിട്ടില്ലെന്ന് അഭിമാനപുരസ്സരം ഞാൻ ഉറപ്പു പറയുന്നു.

റസൂൽ (സ) തിരുമേനി ഇത്ര ഉയൎന്ന പദവിയിൽ സ്ഥിതിചെയ്തിട്ടും വിശേഷഭക്ഷണപദാൎത്ഥങ്ങൾ ഉപയോഗിച്ചിരുന്നില്ല. സാധാരണക്കാരുടെ വസ്ത്രങ്ങളെ അപേക്ഷിച്ച് ആദ്ദേഹത്തിൻെറ വസ്ത്രം ഭംഗിയുള്ളതല്ല. സാധാരണക്കാരിൽനിന്നു വ്യത്യസ്ഥമായി മെച്ചമായ സ്ഥലത്ത് അദ്ദേഹം ഇരിക്കുക പതിവില്ല. നബി (സ) യുടെ ആവശ്യങ്ങൾ അധികവും അദ്ദേഹം സ്വന്തം കൈകൊണ്ടുതന്നെ ചെയ്യുന്നു. മുഖസ്തുതിയെ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. അനാഥകൾ, വിധവകൾ എന്നിവൎക്കു തിരുമേനി വേണ്ട സഹായം ചെയ്തുകൊണ്ടിരിക്കുന്നു. നബി (സ) ഞങ്ങളുടെ അധികാരിയും വിധികൎത്താവുമാണെന്നു ഞങ്ങളൊഴികെയുള്ളവൎക്കു ഗ്രഹിക്കുവാൻ യാതൊരു ലക്ഷ്യവും കാണുകയില്ല. അദ്ദേഹത്തിൻെറ നീതിനിഷ്ഠ മാതൃകാപരമായിരുന്നു. നബി (സ) യുടെ വാത്സല്യപുത്രിയായ ഫാത്തിമ (റ) തെററു പ്രവൎത്തിച്ചാൽപോലും നിയമാനുസൃതമായ ശിക്ഷ നൽകാതെ

അദ്ദേഹം വിട്ടകയില്ല. തിരുമേനിയുടെ ദാനം ശ്ലാഘനീയമാണു്. അദ്ദേഹം വിശപ്പും ദാഹവും സഹിച്ചുകൊണ്ടു മററുള്ളവക്കു ഭക്ഷണം കൊടുത്തിട്ടുണ്ടു്. വിഷമമേറിയ കാര്യങ്ങളിൽ അദ്ദേഹം ദൃഢചിത്തനാണു്. 'ഖന്ദക്കു്' യുദ്ധാവസരത്തിൽ എല്ലാവരും കിടങ്ങുകുഴിച്ചു പ്രതിരോധശക്തി വദ്ധിപ്പിക്കണമെന്നും, ശത്രുക്കളുടെ ആക്രമണത്തെ തടയണമെന്നും തീരുമാനം ഉണ്ടായി. ആ സമയത്തു നബി (സ) ഞങ്ങളുടെ അപേക്ഷയെ വിഗണിച്ചു കിടങ്ങു കുഴിക്കുന്നതിൽ ഞങ്ങളോടൊപ്പം പ്രയത്നിച്ചു. മറെറാരു സന്ദർഭത്തിൽ ഞങ്ങൾ സഫറിലായിരുന്നു. ഭക്ഷണം പാകം ചെയ്യാൻ ഒരുങ്ങിയ അവസരത്തിൽ നബി(സ)തിരുമേനി ഞങ്ങളോടൊപ്പം അതിൽ പങ്കുകൊണ്ടു. ഈ അവസ്ഥയിൽ നിങ്ങൾ സ്വയം ചിന്തിക്കുക. നിങ്ങളെ നിസ്സാരനാണെന്നു വിചാരിക്കാത്തവനും, നിങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന ധനത്തിന്റെ ഓഹരി അനുഭവിക്കാത്തവനുമായ രാജാവിനേയോ, അതല്ല, നിങ്ങൾ സമ്പാദിക്കുന്ന ധനത്തെ കൊള്ളചെയ്തു ഭണ്ഡാരം നിറയ്ക്കുന്ന രാജാവിനേയോ ആരെ നിങ്ങൾ ഇഷ്ടപ്പെടുന്നു? കൊള്ളചെയ്യുന്ന രാജാവാകട്ടെ നിങ്ങളിൽ ഓരോ വ്യക്തിയേയും സ്വന്തം അടിമയാക്കുകയും നിങ്ങളുടെ വസ്തുവകകളെല്ലാം അയാളുടെ അധികാരത്തിൽപ്പെട്ടതാണെന്നു വിചാരിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സുഖദുഃഖങ്ങളെപ്പററി അയാൾ ചിന്തിക്കുന്നുപോലുമില്ല. അയാളുടെ സുഖത്തിനുവേണ്ടി നിങ്ങൾ തീയിൽ ചാടണം. അയാളുടെ ഇഷ്ടംതന്നെയാകുന്നു അയാളുടെ നിയമം. അയാളുടെ നീതി വെറും നാമമാത്രമാകുന്നു. നിങ്ങൾ സത്യം പറയുക. അജമിഡർബാറിലെ സ്വാതന്ത്ര്യപ്രസക്തനായ രാജാവിനെ അറി

ഞ്ഞുകഴിഞ്ഞതശേഷം, മനുഷ്യന്റെ സ്ഥാനത്തെ അറിയുന്നവനും പ്രജകളുടെ സേവകനുമായ ഒരു യജമാനനെ ആശ്രയിക്കുന്നതിന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?

ഫക്കൂമത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കിത്തന്നശേഷം ഇസ്ലാം ഞങ്ങളോട്ട് ഇപ്രകാരം ഉപദേശിക്കുന്നു. "നിങ്ങൾ എല്ലാ കാര്യങ്ങളും പരസ്പരമുള്ള ആലോചനയോടുകൂടിയല്ലാതെ ചെയ്യരുത്." ഞങ്ങളുടെ ക്കാരം ശേഷിയും ശേമുഷിയും അഭിപ്രായമേന്മയുമുള്ള ഞങ്ങളുടെ യജമാനൻ ഞങ്ങളുമായി ആലോചന നടത്തിയശേഷമേ ഏതു കാര്യവും ചെയ്യുന്നുള്ളു. ഇന്ന് ദൈനംദിനകൃത്യമായി ഞങ്ങൾ കണ്ടുവരുന്നു. മേൽപ്പറഞ്ഞ ആദർശത്തെ നബി (സ) തിരുമേനി പ്രായോഗികമായ വിധത്തിൽ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. ഹുക്കൂമത്തിൽ അതിന്റെ യഥാർത്ഥമായ രൂപം, ഭരണാധികാരികൾ ജനങ്ങളുടെ ഖാദിം(ദാസൻ) ആയിരിക്കണം എന്നുള്ളതാണ്. അവരുടെ മഖ്ദൂം (യജമാനൻ) ആകരുത്. നാട്ടിനും ജനങ്ങൾക്കും വേണ്ടി നിർമ്മിക്കുന്ന നിയമങ്ങളെല്ലാം ഭരണാധികാരിയുടെ സ്വന്തമഭിപ്രായമായിരിക്കാതെ യോഗ്യരായ മേധാവികളുടെ അഭിപ്രായാനുസരണമായിരിക്കണം നിർമ്മിക്കേണ്ടത്. ഞങ്ങൾ എല്ലാവരും ഒരു കുടുംബത്തിൽ പെട്ടവരാണെന്നു നബി (സ) തിരുമേനി ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. സത്യവിശ്വാസികൾ സഹോദരങ്ങളാണെന്ന ബോധം അദ്ദേഹം ഞങ്ങളിൽ വളർത്തി. "നിങ്ങളുടെ കുടുംബത്തിനു ദോഷം സംഭവിക്കുമെന്നിരുന്നാലും നിങ്ങൾ നീതിചെയ്യുവിൻ" എന്നും കല്പിച്ചിരിക്കുന്നു. "അധികാരം അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാകയാൽ അതിനെ നിങ്ങൾ ആഗ്രഹിക്കരുത്" എന്നും തിരുമേനി ഉപദേശിച്ചിരിക്കുന്നു. അല്ലാഹുവിനേയും, അവന്റെ റസൂലിനേയും,

നിങ്ങളുടെ ഭരണകർത്താവിനേയും അനുസരിക്കുവിൻ" എന്നും അദ്ദേഹം കല്പിച്ചിട്ടുണ്ട്. "നന്മയിലും പരിശുദ്ധതയിലും നിങ്ങൾ പരസ്പരം സഹായിക്കുവിൻ. അനീതിയിലും ശത്രുതയിലും നിങ്ങൾ സഹായിക്കരുത്. ഭൂമി നമ്മുടെ ഉടമസ്ഥാവകാശത്തിൽപ്പെട്ടതല്ല. അത് അല്ലാഹുവിൻെറ ഉടമസ്ഥതയിൽ ആകുന്നു. അതിൻെറ ഭരണാവകാശികളായി വരുന്നത് മഹാന്മാരായ സജ്ജനങ്ങളാകുന്നു." നബി (സ) തിരുമേനിയുടെ ഈ ഉപദേശങ്ങളെ ഏകീകരിച്ചു നോക്കുമ്പോൾ ഹുക്കൂമത്തിൻെറ നിലയ്ക്കു് ഇസ്ലാം ഒരു വലിയ മാററമുണ്ടാക്കിയിട്ടുണ്ടെന്നു കാണാം. ഇസ്ലാം പ്രകൃത്യാലുള്ള തമദ്ദുനിൽ വഴിതെററിക്കാതെ നമ്മെ സ്ഥിരമായി നിറുത്തുന്നു.

അസമത്വമായ പെരുമാററത്തിൻെറ സ്പഷ്ടമായ അനുകരണമാണ് അടിമകളുടെ ജീവിതം. ഇന്ന് ലോകമാസകലം ഈ അടിമസമ്പ്രദായം നിലവിലിരിക്കുന്നു. ഒരാൾ എവിടെനിന്നെങ്കിലും ഏതെങ്കിലും തരത്തിൽ കുറെ കുട്ടികളെസ്നേഹരൂപത്തിലോ ശക്തിപ്രയോഗിച്ചോ വശത്താക്കി അവരെ കൊണ്ടുപോയി സസ്യങ്ങളെ വില്ക്കുന്നതുപോലെ വിക്രയംചെയ്യുന്നു. വാങ്ങിയ ആളിന് ആ അടിമയെക്കൊണ്ടു എന്തും ചെയ്യിക്കുന്നതിനും വീഴ്ച വരുത്തിയാൽ കൊന്നുകളയുന്നതിനുതന്നെയും അവകാശമുണ്ടാകുന്നു. ഈ പ്രവൃത്തിയിൽ യാതൊരു ശിക്ഷയ്ക്കും ആ യജമാനൻ വിധേയനാകുന്നതുമില്ല. എന്നെയും നിങ്ങളെയും പോലെ ഉയന്ന തറവാട്ടിൽ ജനിച്ചു പലരും ഈ വിധം ഹീനമായ അടിമത്വത്തിൽ ജീവിതം നയിക്കുന്നു. അതേസമയത്ത് അവരെപ്പോലുള്ള ഒരു മനുഷ്യൻ അവരുടേ ജീവനും സ്വത്തിനും അധികാരം വഹിക്കുന്നുമുണ്ട്. പ്രമാണികൾ ഈ നിർഭാഗ്യവാന്മാരായ മനുഷ്യരെ കൂട്ടമായി വളർത്തുന്നു. പണക്കാർ അവ

രുടെ ശക്തിയേയും പ്രാഭവത്തേയും കാണിക്കുവാൻ ഇവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നു. നിങ്ങളുടെ ഗൃഹത്തിലും സാമാന്യം നല്ലസംഖ്യയിൽ അടിമകളുണ്ടായിരിക്കുമെന്നു തന്നെ ഞാൻ വിചാരിക്കുന്നു. നിങ്ങളുടെ സഹോദരങ്ങളെ ഈ അടിമജീവിതം നയിപ്പിക്കുവാൻ നിങ്ങൾക്കു എന്തവകാശമാണുള്ളതു്? നിങ്ങൾ അവരുടെ നിലയിലാണെന്നു്—അങ്ങിനെ ആകാതിരിക്കട്ടെ—ചിന്തിക്കുമ്പോൾ മാത്രമേ നിങ്ങൾക്കു് ആ ജീവിതത്തിൻെറ വേദനാകരമായ വശം കാണുവാൻ സാധിക്കുകയുള്ളു. അനേകായിരം ജനങ്ങളെ അടിമകളാക്കുന്നതു് അവരുടെ ജീവിതത്തെ അസ്വാതന്ത്ര്യത്തിലാഴ്ത്തുന്നതിനല്ലെങ്കിൽതന്നെയും അവരോടു നിങ്ങൾ വലുതായ ദ്രോഹമാണു് ചെയ്യുന്നതു്. അവർ സ്വതന്ത്രരായിരിക്കുന്ന നിലയിൽ അവരുടെ പ്രവൃത്തിയാലുണ്ടാകുന്ന ധനം അവക്കും മററുള്ളവക്കും ഉപകാരമായിരുന്നു. ഇപ്പോൾ അവർ ജനങ്ങളുടെയിടയിൽ സഹിക്കവഹിയാത്ത ഒരു ഭാരമാകുന്നു. അവരെ അലങ്കാരവസ്ത്രങ്ങൾ ധരിപ്പിച്ചു നിങ്ങളുടെ പുറകിൽ നിറുത്തി വെഞ്ചാമരം വീശിക്കുകയും നിങ്ങളുടെ കുതിരയുടെ ചരട്ടുംപിടിച്ചു് കുതിരയോടൊപ്പം ഓടിക്കുകയും ചെയ്യുന്നു. ആ പ്രവൃത്തി നിങ്ങൾക്കു സന്തോഷകരമാണെങ്കിലും, മററു പ്രവൃത്തികളിൽനിന്നും ഒഴിവാക്കപ്പെട്ട ഇവരാൽ സമുദായത്തിനു നാശമാണുള്ളതു്. ഈ അടിമകൾ ചെറിയ ഒരു യന്ത്രശാലയിൽ ഉണ്ടാക്കപ്പെട്ട യന്ത്രങ്ങളല്ലെന്നും, അവരും നിങ്ങളെപ്പോലുള്ള മനുഷ്യരാണെന്നും ഓമ്മിക്കേണ്ടതാണു്. എൻെറ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടെന്നു് നിങ്ങളുടെ പുഞ്ചിരിയാൽ വെളിവാകുന്നു. ഈ ദൂഷിച്ച നടപടിയെ നശിപ്പിക്കുവാൻ ഇസ്ലാം നിർവ്വഹിച്ച യത്നം ഏതു മാർഗ്ഗത്തിൽ കൂടിയാണെന്നു് വിവരിക്കാം. ജനാബ് റസൂൽ

(സ) ഇപ്രകാരം ഞങ്ങളോടു കല്പിച്ചു. "അടിമകളായ സ്ത്രീപുരുഷന്മാരെ വേഗത്തിൽ നിങ്ങൾ സ്വതന്ത്രരാക്കുവിൻ." നബി (സ) തിരുമേനിയുടെ ആ ആജ്ഞയെ വിഗണിക്കാൻ ഞങ്ങളിൽ ഒരു വ്യക്തിക്കും കഴിവില്ല. എങ്കിലും സന്തോഷത്തോടുകൂടി ആ കല്പനയെ പ്രവൃത്തിരൂപത്തിൽ ഞങ്ങൾ കൊണ്ടുവന്നില്ല. എന്തെന്നാൽ അവരെ അടിമത്വത്തിൽനിന്നും മോചിപ്പിക്കുന്നതു് നഷ്ടമാണെന്നു് ജനങ്ങൾ ധരിച്ചിരുന്നു. ആ ധാരണ മാററുന്നതിനു് അത്ര എളുപ്പമായിരുന്നില്ല. അടിമകളാൽ നിർവ്വഹിക്കപ്പെട്ടിരുന്ന കൃത്യങ്ങൾ തത്തുല്യമായി നിർവ്വഹിക്കുക സുഗമമല്ലല്ലോ. ഒരാളിന്റെ അധീനതയിലുള്ള നൂറു് അടിമകളെക്കൊണ്ടു അയാൾ ചെയ്യിച്ചിരുന്ന കൃഷി തുടങ്ങിയുള്ള തൊഴിലുകളെല്ലാം അവർ സ്വതന്ത്രരാകുന്ന നിലയിൽ നിശ്ചലമാകും. മാത്രമല്ല സ്വതന്ത്രരാക്കപ്പെടുമ്പോൾ അടിമയൊന്നിനു് നൂറുരൂപ വീതം കൊടുക്കണമെന്നു വന്നാൽ തന്നെയും വലിയ ഒരു സംഖ്യ അയാൾ നഷ്ടപ്പെടേണ്ടതായിവരുന്നു. ജോലിക്കു് വേറെ ആളും കിട്ടുകയില്ല.

ഇസ്ലാംമതത്തെക്കുറിച്ചു് അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഇസ്ലാം നിങ്ങൾക്കു് ഒരു ഭാരവും ഉണ്ടാക്കുന്നില്ല. അതു് അതിന്റെ അനുയായികൾക്കു ലാഘവവും എളുപ്പവുമാണു് ഉണ്ടാക്കുന്നതു്." ഈ രൂപത്തിൽ നാം അടിമകളെ കഠിനമായ അവസ്ഥയിൽ ഇട്ടു വലയ്ക്കുന്നതു് നിശ്ചയമായും അല്ലാഹുവിന്റെ കല്പനയ്ക്കു വിപരീതമായിത്തീരും. ഇസ്ലാം അടിമകളെ സ്വതന്ത്രരാക്കണമെന്നു കല്പിക്കുന്നിടത്തു അവരോടു് സ്വഭാര്യയോടു പെരുമാറുന്നതുപോലെ പെരുമാറുകയും, അവരെ നിസ്സാരമായി വിചാരിക്കാതിരിക്കുകയും ചെയ്യണം എന്നു വ്യക്തമാക്കിയിട്ടുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചു്

എവിടെയാണ് വിവരിക്കുന്നതു് അവിടെ അല്ലാഹു വിൻെറ അടുക്കൽ അടിമത്വമോചനം നന്മയാകുന്നു. അല്ലാഹുവിൻെറ മാൎഗ്ഗത്തിൽ പണം ചെലവു ചെയ്യണ മെന്നു കല്പിക്കുന്നതിനോടൊപ്പം മററു ചില കാൎയ്യങ്ങളോ ടുചേൎത്തു് അടിമത്വത്തിൽ നിന്നു മോചിപ്പിക്കുന്നതി നേയും എണ്ണിയിരിക്കുന്നു. ഈ കാരണത്താൽ ജനങ്ങൾ ധാരാളം അടിമകളെ സ്വതന്ത്ര്യരാക്കിത്തുടങ്ങി. ധനവാ ന്മാർ അടിമകളുടെ ഉടമസ്ഥന്മാൎക്കു് വിലകൊടുത്തു് പല അടിമകളേയും സ്വതന്ത്ര്യരാക്കി അവരുടെ സംഖ്യ കുറച്ചു. ഇസ്ലാം ഇങ്ങിനെയും ഒരു വ്യവസ്ഥ നടപ്പിൽവ രുത്തി. കുററങ്ങൾക്കു പ്രായശ്ചിത്തമായി അടിമകളെ മോചിപ്പിക്കണമെന്നുനിശ്ചയംചെയ്തു "നിശ്ചയിക്കപ്പെട്ട അടിമകളെ സ്വതന്ത്ര്യരാക്കിയാൽ അല്ലാഹുവിൻെറയടു ക്കൽ ശിക്ഷയിൽനിന്നും മോചനം പ്രാപിക്കും. അതി നാൽ സന്തോഷസമേതം അടിമകളെ സ്വതന്ത്ര്യരാക്കി സ്വയം രക്ഷ പ്രാപിക്കുക. അടിമകളെ നിങ്ങളുടെ സഹോദരങ്ങളായി വിചാരിക്കുകയും നിങ്ങളുടെ ഭക്ഷണം തന്നെ അവക്കു കൊടുക്കുകയും ചെയ്യുക." ഈ നിബ ന്ധനയ്ക്കു് അനുസരണമായി അടിമകളെ പോററുന്നതു വളരെ പ്രയാസമുള്ള കാൎയ്യമാണല്ലോ. ഇങ്ങനെയുള്ള ചെലവുവഹിച്ച അടിമകളെ വില്ക്കുന്നതിനും സ്വതന്ത്ര്യ രാക്കുന്നതിനുമുള്ള മറെറാരുമാൎഗ്ഗമായി ഭവിച്ചു. കുറച്ചു കാലം കഴിഞ്ഞപ്പോൾ 'ജസീറത്തുൽഅറബി'ൽ അടിമ വ്യാപാരം നിശ്ശേഷം നശിച്ചതിൽ നബി(സ)തിരുമേനി അതിരററു സന്തോഷിച്ചു. അക്കാലംവരെ നിസ്സാര മായി കരുതിയിരുന്ന അടിമകളെ യജമാനന്മാർതന്നെ അവരുടെ അടുത്തിരുത്തുന്നതിനും ഇഷ്ടപ്പെട്ടു. കലീന കുടുംബങ്ങളിൽ പൂൎവ്വാചാരവിരുദ്ധമായി അവർ വിവാ ഹബന്ധത്തിൽ ഏൎപ്പെട്ടു. സ്വതന്ത്ര്യനാക്കപ്പെട്ട ഒരടിമ

അതായത്തു് ഹസറത്ത് സയിദ് (റ) എന്ന സഹാബിക്ക് നബി (സ) തിരുമേനിയുടെ പിതൃസോദരിയുടെ മകൾ സൈനബാ(റ)യെ അദ്ദേഹം വിവാഹംകഴിച്ചുകൊടുത്തതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ ആദർശത്തിന്റെ മഹത്വം പ്രസ്പഷ്ടമാകുന്നുണ്ടു്. 'സ്വതന്ത്രനാക്കപ്പെട്ട അടിമ സ്വതന്ത്രനതുല്യനാകുന്നു; അവൻ ഒരിയ്ക്കലും അടിമയല്ല' എന്ന യഥാർത്ഥബോധം ഈ വിവാഹത്താൽ നബി (സ) തിരുമേനി ലോകത്തിനു പ്രദാനം ചെയ്തു. അടിമകളായ സ്ത്രീപുരുഷന്മാരെ സംബന്ധിച്ചു വേണ്ട നിയന്ത്രണം ഏറ്റപ്പെടുത്തി, അവക്ക് യജമാനന്മാരോടു സമത്വം സ്ഥാപിച്ചശേഷം "സ്വതന്ത്രരായ മനുഷ്യരെ വില്പനനടത്തി അടിമകളാക്കരുതു്" എന്നു് അസന്നിഗ്ദ്ധമായി അരുളിച്ചെയ്തുകൊണ്ടു് വളരെക്കാലമായി നടപ്പിലിരുന്ന ഈ അനാചാരത്തെ നബി (സ) തിരുമേനി നിർബ്ബാധം എന്നെന്നേയ്ക്കുമായി ലോകസമക്ഷത്തുനിന്നും തിരോധാനം ചെയ്യിച്ചിരിക്കുന്നു.

അസമത്വത്തിന്റെ മൂന്നാമത്തെ രൂപമാണു് ഇനി നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നതു്. ഉൽകൃഷ്ട സൃഷ്ടിയായ മനുഷ്യൻ അടിമകളെക്കാൾ കഷ്ടതരമായി ജീവിതം നയിക്കുന്ന ചില സന്ദർഭങ്ങളുണ്ടു്. ലോകത്തുള്ള ജീവികളിൽ ആണും പെണ്ണുമായി രണ്ടു വർഗ്ഗമാണല്ലോ ഉള്ളതു്. ജന്തുക്കളിൽ ആണു് പെണ്ണിനെ സ്വാധികാരത്തിൽ അമർത്തി അധമാവസ്ഥയിൽ നയിപ്പിക്കുന്നതു് നിങ്ങൾ കണ്ടിട്ടുണ്ടോ? പശു, കാള, ഒട്ടകം, കുതിര, മാൻ, ചെന്നായ്, സിംഹം തുടങ്ങിയുള്ള പല ജന്തുക്കളേയും നാം കാണുന്നുണ്ടു്. പെണ്ണു് കുറഞ്ഞ ഭക്ഷണത്തെ അനുഭവിച്ചു ആണിന്റെ അടിമയാകുകയോ, ആണു് പെണ്ണിന്റെ ജീവനും ആഹാരത്തിനും ഉടമസ്ഥത വഹിക്കുകയോ ചെയ്യുന്ന ദുഷിച്ച നടപടി

മൃഗങ്ങളിൽ കാണുന്നില്ല. മനുഷ്യനൊഴികെ ഇതരജീവി കളിൽ പെണ്ണിനു് ബലഹീനതയും സാമർത്ഥ്യക്കുറവും കാണുന്നില്ല. കുതിരയിൽ, ആണും, പെണ്ണും വലി പ്പത്തിലും കഴിവിലും ഏകദേശം തുല്യമാണു്. പെൺ പൂച്ച, പെൺസിംഹം ഇവകൾക്കു ഇരതേടുന്നതിൽ ആണിനുതുല്യം ശക്തിയും നോട്ടവും ഉണ്ടു്. ശണ്ഠകൂടുന്ന തിലും പെണ്ണു് പിൻമാറുന്നില്ല. ഉയന്ന പദവിയെ വാ ങ്ങിക്കുന്ന ആണിനെ അബലയായ പെണ്ണു് തോല്പിക്കുന്നു. ഈ ദൃക്‌സാക്ഷിത്വം താഴെ പറയുന്ന കാര്യങ്ങളെ ദൃഢ പ്പെടുത്തുന്നു. ജന്തുക്കളിൽ പ്രകൃതിമാതാവു് മകനും മകൾക്കും ഏകദേശം തുല്യശക്തിയും ശരീരവും പ്രദാനം ചെയ്തു് സൃഷ്ടി നിറവേററിയിരിക്കുന്നു. എന്നാൽ മനു ഷ്യസമൂഹത്തിൽ ആണിനും പെണ്ണിനും തമ്മിൽ ഗണ്യ മായ വ്യത്യാസം കല്പിച്ചിരിക്കുന്നു. ഇതു് യഥാർത്ഥ ത്തിൽ പ്രകൃതിയുടേതല്ല. നമ്മെ സൃഷ്ടിച്ചിട്ടുള്ളതു് പുരു ഷനേയും, സ്ത്രീയേയും ഏകദേശം സമമായ നിലയിൽ തന്നെയാണു്. ചില ആവശ്യങ്ങളെ ആസ്പദമാക്കി സ്ത്രീയും പുരുഷനും തമ്മിൽ തൃപ്തികരമായി ഇങ്ങനെ തീർച്ചപ്പെടുത്തു. പുരുഷൻ വീട്ടിൽനിന്നും പുറത്തുസഞ്ച രിച്ചു ക്ലേശങ്ങൾ അനുഭവിച്ചു ആഹാരം ശേഖരിക്കുകയും, സ്ത്രീ ഗൃഹത്തിൽ ഇരുന്നു കുഞ്ഞുങ്ങളേയും ഗൃഹത്തിനേയും സംരക്ഷിക്കുകയും ചെയ്യുക. ഈ വാഗ്ദത്തമനുസരിച്ചു് പുരുഷൻ കഠിനജോലികളാൽ ദൃഢശരീരനും, സ്ത്രീലളിത വൃത്തിയാൽ ദുർബ്ബലയുമായി ഭവിച്ചു. ഇങ്ങനെ ശക്തി യെ സംബന്ധിച്ചിടത്തോളം അവർ തമ്മിൽ വളരെ വ്യത്യാസം കണ്ടുവരുന്നു. പുരുഷൻ ബലവാനാണെന്നു് സ്വയം വിചാരിക്കുന്നു. സ്ത്രീയും പുരുഷൻ ബലവാനാ ണെന്നു വിചാരിച്ചുകൊണ്ടു ജീവിതാവശ്യങ്ങളിൽ പുരു ഷനെ ആശ്രയിക്കുന്നു. അപ്പോൾ പുരുഷൻ സ്ത്രീയിൽ

നിന്നും അനുവദനീയമല്ലാത്ത ഫലം എടുക്കുകയും, അവർ അവൻെറ ഉടമസ്ഥാവകാശത്തിൽപെട്ടതാണെന്ന് വിചാരിക്കുകയും ചെയ്യുന്നു. പുരുഷനിൽ പ്രകൃതിജന്യമായ ആഗ്രഹം സ്ഥിതിചെയ്യുന്നുണ്ട്. സമന്മാരായ രണ്ടാളുകൾ തമ്മിലുള്ള സഹതാപഭാവംപോലെ ഇവരുടെയിടയിൽ സഹതാപം ഉണ്ടാകുന്നില്ല. അവൻെറ ഗൃഹം ഇന്നു പൂർവ്വകാലത്തുള്ളതുപോലെ സ്ത്രീയുടെ മഹത്വത്താകുന്ന നദിയൊഴുകുന്ന ഒരു പൂങ്കാവനമല്ല. മഹത്വ(പ്രേമ)ത്തിൻെറ ജീവനാകുന്ന ഫലം ആകർഷണീയമായ ഗാർഹികജീവിതത്തിൽ സന്തോഷത്തെ വർദ്ധിപ്പിക്കുന്നു. പുരുഷൻ അവൻെറ പദവിയെ ആസ്പദമാക്കി സ്ത്രീയിൽനിന്നും എല്ലാ ഫലവും എടുക്കുന്നു. ഇതു് ദുഷ്ടനായ ഒരു രാജാവിൻെറ പ്രജകളോടുള്ള പെരുമാററം പോലെയാകുന്നു. സ്ത്രീ സഹനശീലയല്ലായിരുന്നെങ്കിൽ പുരുഷൻെറ അക്രമങ്ങളെ അവളുടെ തണുത്ത ഹൃദയം സഹിക്കുമായിരുന്നില്ല. പിതാവു് തനിക്കു് ഒരു പുത്രി ജനിക്കുന്നതു് നിർഭാഗ്യമെന്നു് വിശ്വസിച്ചിരുന്നു. സഹോദരങ്ങൾ അവളെ അന്യന വിവാഹംകഴിച്ചുകൊടുക്കുന്നതു ലജ്ജാവഹമായി വിചാരിച്ചിരുന്നു. സാങ്കല്പികമായ ലജ്ജ കാരണത്താൽ സാധുക്കളായ പെൺകുഞ്ഞുങ്ങളെ കഴുത്തുപിടിച്ചു ഞെക്കിക്കൊന്നിരുന്നു. പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുകയും പതിവായിരുന്നു. മതത്തിൻെറ പേരിൽ കൂലി വാങ്ങിക്കുന്നവർ സ്ത്രീകളുടെ ഉള്ളിൽ ആത്മാവു് ഇല്ലെന്നുപോലും തീരുമാനംചെയ്തു. അവർ ശൈത്താൻെറ മകളാണെന്നു് വിധിക്കപ്പെട്ടു. പാമ്പു്, തേളു് ഇവകൾപോലും സ്ത്രീയെക്കാൾ ഗുണമേറിയവയാണു്. സ്ത്രീസംരക്ഷണത്തെക്കുറിച്ചു ഉച്ചൈസ്തരം വാദിക്കുവാൻ ആരുമുണ്ടായിരുന്നില്ല. അതിനൊരു മാർഗ്ഗം ഉണ്ടായാലും ഇല്ലെങ്കിലും

അതൊരു വലിയ ആവശ്യമായി അവർ കരുതിയില്ല. നാട്ടിലെ നിയമനിർമ്മാതാക്കൾ മനുഷ്യധർമ്മത്തിൽനിന്നും സ്ത്രീയെ മാററിനിറുത്തി. പിതാവു് ജീവിതകാലം മുഴുക്കെ സമ്പാദിക്കുന്ന സ്വത്തു് മക്കൾക്കു ലഭിക്കുന്നു. ഭാര്യയും ഭർത്താവും സഹകരിച്ചു സമ്പാദിക്കുന്ന സ്വത്തിനു് ആൺ മക്കൾക്കല്ലാതെ ഭാര്യക്കു് അവകാശമില്ല. മാത്രമല്ല ഭർത്താവു് മരിച്ചാൽ ചിതയിൽ മൃതശരീരത്തോടൊന്നിച്ചു ഭാര്യയേയുംകൂടി ചുട്ടുകരിക്കുന്ന നടപടിയും അവർ സ്വീകരിച്ചിരുന്നു.

സ്ത്രീ, പുരുഷൻെറ നിഷ്ക്കളങ്കസഹചാരിണിയായും, ഗൃഹാലങ്കാരമായും, പുരുഷചിത്തത്തിനു് സമാധാനദായിനിയായും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഗൃഹത്തിനു്, സ്ത്രീ അലങ്കാരമാണെങ്കിലും അക്രമപ്രസക്തയായ ഒരു സ്ത്രീ, ജീവിതത്തിൽ പുരുഷനു് സഹചാരിണിയായും, സമാധാനദായിനിയുമായി ഭവിക്കുന്നില്ല. അവളുടെ മൃദുസ്മേരം ഹൃദയംഗമമായ സ്നേഹത്തിൻെറ പ്രസ്ഫുരണമല്ല. ഭക്ഷണം വസ്ത്രം ഇവ ലഭിക്കാനുള്ള കപടതന്ത്രത്തിൻെറ നിഴൽവീശലാണു്. അവൾ കൃത്യശ്രദ്ധയായിരിക്കുന്നതു സന്മനസ്സോടുകൂടിയാകാൻ വഴിയില്ല. താൻ ത്യക്തയാകരുതെന്നുള്ള ഉദ്ദേശം അവളെ പ്രലോഭിപ്പിക്കുന്നുണ്ടു്. കൃത്യവിവശനായ പുരുഷനെ സ്നേഹപാനീയം നൽകി ഉത്തേജിപ്പിച്ചു പ്രവൃദ്ധവീര്യനാക്കി പിറേറന്നും അവൾ ആഹാരസമ്പാദനാർത്ഥം അവനെ യാത്രയാക്കുന്നു. അവളുടെ ബാഹ്യപ്രകടനങ്ങളിൽ പുരുഷൻ മയങ്ങിപ്പോകുന്നു. ഇതേസമയത്തു അവളുടെ വിശ്രമത്തിനു് ഭംഗം വരാതെ അവൾ ശ്രദ്ധിക്കുന്നുമുണ്ടു്. സ്ത്രീയും, പുരുഷനും പരസ്പരം ഭിന്നിച്ചു ജീവിക്കുന്നതായാൽ ആ ഗൃഹത്തിൽ യഥാർത്ഥമായ ആനന്ദം കുടി

ത്തുകൊള്ളുകയില്ല. അതു് നരകജീവിതത്തിന്റെ ഒരു മാതൃകയായിരിക്കും. സ്ത്രീപുരുഷന്മാരുടെ സ്നേഹബന്ധത്തിലാണു് സുഖം സ്ഥിതിചെയ്യുന്നതു്. വെറും ശാരീരികബന്ധത്തിനു് പ്രാധാന്യം കല്പിക്കുന്നതു ഇഷ്ടപ്പെടാവുന്നതല്ല. നിങ്ങളുടെ നാട്ടിലുള്ള സ്ത്രീകളുടെ അസമത്വം കാണുന്നതായാൽ അവർ മനുഷ്യവർഗ്ഗത്തിൽപെട്ടവരാണെന്നുപോലും തോന്നുകയില്ല.

ദൂതൻ:—താങ്കൾ പറഞ്ഞതു് അക്ഷരംപ്രതി സത്യമാണെന്നതന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ ഈ സംഗതി പ്രസ്താവിക്കുന്നതിനു മുൻപ് എന്റെ നാട്ടിലെ ഈ അസമത്വത്തെപ്പററി ഞാൻ അറിഞ്ഞില്ല എന്നതിൽ ഞാൻ ശങ്കിക്കുന്നു. എന്റെ നാട്ടിലുള്ള സ്ത്രീകളെ സംബന്ധിച്ചു അല്പമെങ്കിലും ആശ്വാസവകയുണ്ടു്. മററു ചില നാടുകളിലെ അവസ്ഥ ഇതിലും ശോചനീയമാണു്.

സഹാബി:— ഇസ്ലാം, സ്ത്രീകളെ സംബന്ധിച്ചുള്ള ആ അസമത്വങ്ങളെ ഒററപ്രാവശ്യമായിത്തന്നെ മാററിക്കളഞ്ഞിരിക്കുന്നു. ഞങ്ങളുടെ നബി (സ) തിരുമേനി ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. നിങ്ങൾ സ്ത്രീകൾക്കും, സ്ത്രീകൾ നിങ്ങൾക്കും ഭംഗിയാകുന്നു. നിങ്ങൾ സ്ത്രീകളോടു നല്ല രീതിയിൽ വർത്തിക്കുവിൻ. അവരെ നിസ്സാരമായി ഗണിക്കരുതു്. ശിശുവധത്തെക്കുറിച്ചു വളരെ ശക്തിയായി ഇസ്ലാം വിരോധിച്ചിരിക്കുന്നു. പരിശുദ്ധനായ അല്ലാഹു, പെൺകുട്ടികൾ ജനിക്കുന്നതു് ലജ്ജയാണെന്നു വിചാരിക്കുന്നതിനെക്കുറിച്ചു വളരെ ആക്ഷേപിച്ചിരിക്കുന്നു. സ്ത്രീകൾക്കു നഷ്ടപ്പെട്ടുപോയ അവകാശങ്ങളെ ഇസ്ലാം വീണ്ടെടുത്തു. മതദൃഷ്ട്യാ പിതാവിന്റെയും ഭർത്താവിന്റെയും സ്വത്തിൽ സ്ത്രീകൾക്കു് അവ

കാശം സ്ഥാപിക്കുകയും ചെയ്തു. പരസ്പരം രമ്യമായി കഴിഞ്ഞുകൂടാൻ സാധിക്കാതെ വരുമ്പോൾ പുരുഷന് സ്ത്രീയെ ഉപേക്ഷിക്കാനുള്ള അവകാശം ഉള്ളതുപോലെ, അക്രമിയും ദ്രോഹിയുമായ ഒരു ഭർത്താവിനെ 'ഖുലാ' കൊടുത്തു ഉപേക്ഷിക്കാൻ സ്ത്രീക്കും അവകാശമുണ്ട്. വിവാഹം ചെയ്യുമ്പോൾ ഗണ്യമായ ഒരു തുക സ്ത്രീക്ക് 'മഹറാ'യി കൊടുക്കേണ്ടതാണ്. ഈ തുകയിൽ അവൾക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ട്. കുഞ്ഞുങ്ങൾക്കു പാലു കൊടുക്കുന്നതിനു സ്ത്രീയോട് ആവശ്യപ്പെടുന്നതായാൽ ഭർത്താവ് കൂലി കൊടുക്കേണ്ടതാകുന്നു. സ്ത്രീയോടു അല്ലാഹു ഇപ്രകാരം കല്പിക്കുന്നു. "ഭർത്താവ് അല്ലാത്ത അന്യ പുരുഷന്മാരോടു സംസാരിക്കുമ്പോൾ അവർക്ക് പ്രവേശനം കിട്ടുമെന്നു ഊഹിക്കത്തക്ക നിലയിൽ സംസാരിക്കരുത്. അവർക്ക് അറപ്പ് തോന്നത്തക്ക നിലയിൽ വേണം സംസാരിക്കുവാൻ." ഇങ്ങിനെയും കൂടി കല്പിച്ചിരിക്കുന്നു. "സ്ത്രീകൾ കയ്യും മുഖവും ഒഴിച്ചുള്ള ഭാഗങ്ങൾ അന്യപുരുഷന്മാരെ കാണിക്കരുത്."

സ്ത്രീയുടെ അനുവാദം കൂടാതെ വിവാഹം സാധുവാകയില്ല എന്ന നിലയിൽ വിവാഹത്തിലും അവർക്കു പൂർണ്ണസ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു. വിവാഹനിശ്ചയത്തിനു സ്ത്രീയെ പുരുഷന് കാണേണ്ടതാണെന്നുള്ളതുപോലെ അവർക്കും പുരുഷനെ കാണാവുന്നതാകുന്നു. അല്ലാഹുവിന്റെ അടുക്കൽ പുരുഷന്മാരെപ്പോലെ സ്ത്രീകളും ബഹുമാനമുള്ളവരാകുന്നു. ഈ കാരണത്താൽ സ്ത്രീകളുടെ പാതിവ്രത്യസംരക്ഷണം പുരുഷന്മാരുടെ അവകാശമായി വച്ചിട്ടില്ല. പുരുഷന്മാരോടു അല്ലാഹു ഇപ്രകാരം ആജ്ഞാപിച്ചിരിക്കുന്നു. "നിങ്ങൾ കീഴ്പ്പോട്ടു നോക്കുകയും നിങ്ങളുടെ ഗുഹ്യസ്ഥാനത്തെ സൂക്ഷി

ക്കുകയും ചെയ്യുക." ചുരുക്കിപ്പറയുന്നതായാൽ ഇസ്ലാം, സ്ത്രീജനങ്ങളെ തുടലാം താഴ്ന്ന നിലയിൽ നിന്നും രക്ഷപ്പെടുത്തി പുരുഷനതുല്യം ശ്രേഷ്ഠത്വം നൽകുന്നു. പുരുഷന് ശക്തിയും സാമർത്ഥ്യവും സ്ത്രീകളെ അപേക്ഷിച്ചു കൂടുതലാകയാൽ അവനെ സ്ത്രീയുടെ ഭരണകർത്താവാക്കിയിരിക്കുന്നു. ഈ നിലയിൽ അവന് സ്ത്രീയെക്കാൾ ഒരു പദവിയുണ്ട്. ഗൃഹം, ഭാര്യ, സന്താനങ്ങൾ എന്നിവയുടെ സംരക്ഷണകൃത്യത്തിൽ ഈ പദവി അവനിൽ നിക്ഷിപ്തമായിരിക്കുന്നു. റസൂൽ(സ)തിരുമേനി ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. "മാതാവിൻെറ പാദത്തിൻെറ അടിയിലാകുന്നു സ്വർഗ്ഗം. മാതാവ് എപ്പോഴും സ്ത്രീയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല." ചില ജനങ്ങൾ സ്ത്രീകളെ സംബന്ധിച്ചു ഇപ്രകാരം വിചാരിക്കുന്നു. സ്ത്രീകളെ അവരുടെ സ്വന്തം പേരുകൊണ്ടു വിളിക്കുന്നതു ശരിയല്ല. അവർ അവിവാഹിതകളായിരിക്കുന്ന കാലത്തു പിതാവിൻെറ പേരോടുചേർത്ത് വിളിക്കപ്പെടുന്നു. വിവാഹിതയായാൽ ഭർത്താവിൻെറ പേരോടു ചേർത്ത് പറയപ്പെടുന്നു. ഇസ്ലാം പുരുഷനെപ്പോലെ സ്ത്രീക്കും, ഉത്തരവാദിത്വം നിശ്ചയിച്ചിരിക്കുന്നു.

വർണ്ണത്തേയും, പാരമ്പര്യത്തേയും ആസ്പദമാക്കി ചില ജനങ്ങൾ അസമത്വം കല്പിച്ചിരിക്കുന്നു. വെളുത്ത നിറത്തിലുള്ള ഒരുവൻ, കറുത്തനിറമുള്ള ഒരുവനെ വെറുക്കുകയും നിസ്സാരമായ നിലയിൽ നോക്കുകയും ചെയ്യുന്നു. ആഫ്രിക്കാ വൻകരയിൽ താമസിക്കുന്ന ജനങ്ങളെ സംബന്ധിച്ചു അവർ അധഃകൃതരാണെന്നാകുന്നു പൊതുവെയുള്ള അഭിപ്രായം. ഈ കാരണത്താൽ അവിടെയുള്ള കറുത്ത ജനങ്ങൾ വെളുത്തയാളുകളുടെ അടിമകളായി കാണാവുന്നതാണ്. തെക്കേ ആഫ്രിക്കയിലെ ജനങ്ങൾ പൊതുവെ

ശക്തിയും സാമത്ഥ്യവും ഉള്ളതോടുകൂടി വളരെ പ്രയത്ന ശീലരുമാകുന്നു. വിശ്വസ്തരായ ഈ ജനങ്ങളെ തേടിപ്പി ടിച്ചു അടിമകളാക്കി വില്ക്കുക പതിവാണ്.

നിങ്ങളുടെ നാട്ടിൻെറ തെക്കഭാഗത്തു് ഒരു വലിയ ഉപദ്വീപ് സ്ഥിതിചെയ്യുന്നു. ഹിന്ദുസ്ഥാൻ എന്നുപേ രായ ഈ സ്ഥലത്തു് വസിക്കുന്ന ജനങ്ങൾ പരിഷ്കാ രത്തിൽ വളരെ പിമ്പന്നാക്കമാകുന്നു. നിങ്ങളുടെ നാട്ടിൽ നിന്നും പൂർവകാലത്തു നിഷ്കാസനം ചെയ്യപ്പെട്ടിട്ടുള്ളവ രാണ് ഈ രാജ്യവാസികൾ. അവർ ഹിന്ദുസ്ഥാനിൽ കടന്നു കയറി അവിടത്തെ ആദിമനിവാസികളായ കറുത്ത ജനങ്ങളെ വടക്കഭാഗത്തുനിന്നും ഓടിച്ചു് അവരുടെ വസ്തുവകകളും കൈവശപ്പെടുത്തി. സാധുക്കളായ ആദിമ നിവാസികൾ വനങ്ങളിലും മറവും അഭയം പ്രാപിച്ചു. വെളുത്ത ജനങ്ങളുടെ സന്താനങ്ങൾ ഈ കറുത്ത ജനങ്ങ ളുമായി സമ്പക്കമുണ്ടാകുമെന്നുള്ള ശങ്കയാൽ ഹിന്ദുസ്ഥാ നത്തിൽ നാലു സംഘമായി അവർ വേർപിരിഞ്ഞു. (1) ബ്രാഹ്മണർ. ഇവർ ഏററവും ഉൽക്കൃഷ്ടരാകുന്നു. ഇവക്കു ജ്ഞാനസമ്പാദനം, മതപരമായ നിയമങ്ങളും നടപടി കളും നടപ്പിൽ വരുത്തുക മുതലായവയാണു ജോലി. (2) ക്ഷത്രിയർ. നാട്ടിനെ സംരക്ഷിക്കുക, ഭരണം നടത്തുക, യുദ്ധം നടത്തുക മുതലായതു് ഇവരുടെ കൃത്യങ്ങളാണ്. (3) വൈശ്യർ. വ്യാപാരമാണ് ഇവരുടെ തൊഴിൽ. (4) ശൂദ്രർ. കൃഷികാര്യങ്ങൾ, അടിമവൃത്തി മുതലായതു് ശൂദ്രരുടെ പ്രവൃത്തിയാണ്. ശൂദ്രർ ഈ നാട്ടിലെ ആദിമ നിവാസികളായിരുന്നു. അവർ കറുത്ത നിറക്കാരായിരു ന്നതുകൊണ്ടു് അവരെ വെളുത്ത വർഗ്ഗക്കാർ വെറുത്തു. ഒരു ശൂദ്രൻെറനിഴൽ പുറത്തു തട്ടിയാൽ ബ്രാഹ്മണൻ മലിനനായിത്തീരുന്നു. പ്രായശ്ചിത്തങ്ങൾ പലതും

ചെയ്താൽ മാത്രമേ പിന്നീട് ബ്രാഹ്മണനു പവിത്രത സിദ്ധിക്കുകയുള്ളൂ. ഈ കറുത്ത ശൂദ്രർ അബ്സീനിയക്കാരെപ്പോലെ വളരെ അധമാവസ്ഥയിൽ ആയിരുന്നു. തെക്കേ ഹിന്ദുസ്ഥാൻകാർ അല്ലാഹുവിനാൽ ശപിക്കപ്പെട്ടവരാണെന്നു വിശ്വസിച്ചുകൊണ്ടാണ് അവരുടെ മേൽ വളരേക്കാലങ്ങൾക്കു ശേഷവും ഏവംവിധം പെരുമാറിയിരുന്നതു്. ഈ സാധുക്കളുടെ സങ്കടം അല്ലാഹുവിൻെറ സന്നിധിയിൽ അചിരേണ ചെന്നെത്തുകയും അവൻെറ അർഷിനെ വിറപ്പിക്കുകയും ചെയ്തു.

ഇസ്ലാം ഈ ശാപത്തെനശിപ്പിച്ചുകൊണ്ടു ഇങ്ങനെ അറിയിച്ചുതന്നിരിക്കുന്നു. എല്ലാ മനുഷ്യരും ഒരു കുടുംബത്തിൽപെട്ടവരാകുന്നു. അവർ പരസ്പരം സഹോദരങ്ങളാണ്. വർണ്ണത്തിലും, പരമ്പരയിലും, ധനത്തിലും, കഴിവിലും ഇവക്ക് തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. അല്ലാഹുവിൻെറ അടുക്കൽ ഏററവും പരിശുദ്ധൻ ദോഷബാധയെ സൂക്ഷിക്കുന്നവനാകുന്നു.

ഹസറത്തുബിലാൽ (റ) അബിസീനിയാക്കാരനായ ഒരു അടിമയായിരുന്നു. ഇന്നു് അദ്ദേഹം ഞങ്ങളുടെ കണ്ണിലുണ്ണിയായി ഭവിച്ചിരിക്കുന്നു. ഇസ്ലാമിൽ ഹിന്ദുസ്ഥാൻകാർ, ഈറാൻകാർ, ചൈനാക്കാർ, റോമാക്കാർ, ജപ്പാൻകാർ, ഗ്രീക്കുകാർ എന്നുള്ള വ്യത്യാസം നിരത്ഥകമാണ്. അതു് നല്ലതിനേയും തീയതിനേയും വേർപെടുത്തുന്നു. പരിശുദ്ധനായ ഒരു അടിമ അക്രമിയായ രാജാവിനേക്കാൾ ശ്രേഷ്ഠനാണെന്നു് ഇസ്ലാം ഗണിക്കുന്നു.

ഹസറത്ത് ഈസാനബി (അ) യുടെ അനുയായികൾ ഇപ്രകാരം പറയുന്നതായി നിങ്ങൾ കേട്ടിരിക്കാം. ഞങ്ങളുടെ മതം സ്നേഹത്തിന്മേൽ സ്ഥാപിതമായിട്ടുള്ളതാകുന്നു. അവർ, തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു എന്നതിൽ യാതൊരു തക്കവും ഇല്ല. അവരുടെ പരസ്പരസ്നേ

ഹംനിമിത്തം ഇതരമതക്കാരെ അവർ വെറുക്കുന്നു. യഹൂദന്മാരെ വളരെയധികം ഉപദ്രവിക്കുന്നു. മൂസാനബി (അ) യുടെ അനുയായികളെ ഭൂമുഖത്തുനിന്നും ധ്വംസനം ചെയ്യുന്നതിനുവേണ്ടി വളരെയൊക്കെ ശ്രമിച്ചു. ഈ സംഗതി ഒരു ചരിത്രരേഖക്കുടിയാണ്. മഹത്വത്തിൻെറ അടിസ്ഥാനത്തിൽ സ്ഥാപിതമായ ഒരു മതം, നിരപരാധികളായ ഇതരമതസ്ഥരുടെ നാമത്തെ ലോകത്തുനിന്നും നീക്കംചെയ്യുവാനുള്ള ഉദ്യമത്തിൽ പ്രവർത്തിച്ചിട്ടുള്ള കട്ടംകൈകൾ ചരിത്രദ്വാരാ അറിയുമ്പോൾ നിങ്ങളും കണ്ണീർ വീഴ്ത്തിയിട്ടുണ്ടായിരിക്കും.

ഞങ്ങളുടെ മതവും സ്നേഹത്തിൽത്തന്നെയാണ് സ്ഥിതിചെയ്യുന്നത്. ഞങ്ങളുടെ മതത്തിൻെറ അസ്ഥിവാരംതന്നെയും സാഹോദര്യത്തിലും സമത്വത്തിലുമാകുന്നു. മനുഷ്യസമുദായത്തിൽ അസമത്വത്തെ ഉണ്ടാക്കുന്നതും, ധനവിഭജനത്തിൽ അസമത്വത്തെയും അനീതിയേയും ഉളവാക്കുന്നതുമായ എല്ലാ കാര്യങ്ങളേയും ധ്വംസനം ചെയ്തുപോയിരിക്കുന്നു. രാജപദവിയിയെ അവശേഷിപ്പിക്കാതെ ആട്ടിപ്പായിച്ചു. അടിമയേപ്പാടിനെ ആക്കും ദുഃഖം നേരിടാത്തരീതിയിൽ ഉന്മൂലനാശം വരുത്തി. സ്ത്രീജനങ്ങളെ തുലോം താഴ്ന്ന നിലയിൽനിന്നും പുരുഷൻെറ അടിമത്വത്തിൽനിന്നും ഉദ്ധരിച്ചു. വർണ്ണഭേദത്തെ വിഗണിച്ചു പ്രകൃതിനിശ്ചയപ്രകാരം നേരിയമാർഗ്ഗത്തിൽ കൊണ്ടുവന്നു. ഇതുകൊണ്ടാണ് ഞങ്ങളുടെ മതത്തിനു പ്രകൃതിയുടെ മതം എന്നു പറയുന്നത്. ഈ മതത്തിൽ പ്രേരണയും നിർബ്ബന്ധവും പാലിക്കുന്നില്ല. ഈ സദ്ഗുണമങ്ങൾക്കെല്ലാമായി അല്ലാഹുവിനു ലക്ഷം പ്രാവശ്യം ഞങ്ങൾ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

ദൂതൻ:—എൻെറ നിഷ്കളങ്കഹൃദയത്തിൽനിന്നും ജനിക്കുന്ന കൃതജ്ഞതയെ അങ്ങു സ്വീകരിക്കണം. വിഷ

ങ്ങളെ താങ്ങാനുള്ള മാനസികശക്തി അങ്ങ് എനിക്കു
പ്രദാനം ചെയ്യു. എനിക്ക് ഒരു സംശയംകൂടി തീക്കാ
നുണ്ട്. അങ്ങ് ക്ഷീണിച്ചുവോ എന്നു സംശയിക്കുന്നു.

സഹാബി:— നിങ്ങൾ കൃതജ്ഞത പ്രകാശിപ്പി
ക്കേണ്ട ആവശ്യം നിശ്ചയമായുമില്ല. ഞാൻ എൻെറ
യജമാനൻെറ കല്പനയെ പ്രവൃത്തിരൂപത്തിൽ കൊണ്ടു
വരാൻ ബാദ്ധ്യസ്ഥനാണ്. എനിക്കു തീരെ ക്ഷീണ
മില്ല. നിങ്ങൾ ആഗ്രഹിക്കുന്നതു ചോദിക്കാം.

ദൂതൻ:— നിങ്ങളുടെ നബി അന്ത്യനബിയാകുന്നു
എന്നു് പറയുന്നതു് ഞാൻ കേട്ടിട്ടുണ്ട്. അതിൻെറ
അത്ഥം, അദ്ദേഹത്തിനു പിറകെ ഒരു നബിയും ഉണ്ടാ
കയില്ല എന്നല്ലേ? മനുഷ്യസമുദായം ഒരിക്കലും ദുർമാ
ർഗ്ഗത്തിൽ സ്ഥിതിചെയ്യരുതെന്നാണ് നിങ്ങൾ ആഗ്രഹി
ക്കുന്നതെങ്കിൽ ഇതു് എങ്ങിനെ ശരിയാകും. നിങ്ങ
ളുടെ മതത്തിലെ ഒരനുയായി ഭാവികാലത്തിൽ നബി
യുടെ ഉപദേശങ്ങൾ മറന്നു് പൂർവ്വസമുദായരീതി തുട
ർന്നാലോ?

സഹാബി:— മനുഷ്യസമുദായം ഭാവിയിൽ വഴി
തെററിപ്പോകാതിരിക്കുമെന്നു് ഞാൻ തീർച്ചപറയുന്നില്ല.
എന്നാൽ മുസ്ലിംകളാകട്ടെ പൂർവ്വജനങ്ങളെപ്പോലെ മത
നിയമങ്ങളെ പാടെ അവഗണിക്കുമെന്നും ഞാൻ വിചാ
രിക്കുന്നില്ല. മുമ്പുള്ള ജനങ്ങളുടെ അറിവ് പരിമിത
മായിരുന്നു. അവരുടെ അറിവ് ഉന്നതിയെ പ്രാപിച്ചി
രുന്നില്ല. മതത്തെ സംബന്ധിക്കുന്ന നിയമങ്ങളും ഉപ
ദേശങ്ങളും അന്നു് പരിപൂർണ്ണതയെ പ്രാപിച്ചിട്ടില്ലായി
രുന്നു. അതാതുകാലത്തു് ജനങ്ങൾ പ്രാപിച്ചിരുന്ന ഹൃദ
യവിശാലതക്കനുസരണമായിട്ടായിരുന്നു മതനിയമങ്ങൾ
നബിമാർ പഠിപ്പിച്ചിരുന്നതു്. ഇന്നാകട്ടെ മനുഷ്യൻ

ബുദ്ധിയിലും, ജ്ഞാനത്തിലും വളരെ ഉന്നതി പ്രാപിച്ചിരിക്കുന്നു. എഴുതാനും വായിക്കാനും ഇന്നത്തെ ജനങ്ങൾ പഠിച്ചുകഴിഞ്ഞു. മതനിയമങ്ങളെ പ്രബന്ധരൂപത്തിൽ സൂക്ഷിക്കാൻ ഇന്നു് മനുഷ്യന് കെല്പുണ്ട്. അവന്റെ ചുററുമുള്ള വസ്തുക്കളുടെ യാഥാർത്ഥ്യത്തെപ്പററി ചിന്തിക്കുവാനും അവനു കഴിയും. അതിനാൽ മതപരമായ പല കാര്യങ്ങളിലും, എന്തിനാണു് ഏതിനാണു് എന്നുള്ള ചോദ്യങ്ങളുണ്ടാകാതെതന്നെ മനസ്സിനെ സമാധാനിപ്പിക്കാൻ മനുഷ്യൻ ഇന്നു ശക്തനായിരിക്കുന്നു. ഒരു വസ്തുവിനെപ്പററി ചിന്തിച്ചു തീരുമാനം ചെയ്യുവാൻ വിജ്ഞാനം ലഭിച്ചിട്ടുള്ള ബുദ്ധിമാന്മാരായ ഇന്നത്തെ ആളുകൾക്ക് ഇസ്ലാം പഠിപ്പിച്ചിട്ടുള്ള സംഗതികൾ സുഗ്രാഹ്യമാണു്. തന്നിമിത്തം ഭാവിയിൽ ഒരു നബി വന്നു പഠിപ്പിക്കേണ്ട ആവശ്യം നേരിടുകയില്ല. നമ്മളിൽ ചിന്തിക്കുന്നതിനുള്ള ശക്തി അന്തർല്ലീനമായിരിക്കുന്നു. ജ്ഞാനവും ബുദ്ധിയും ഈ ചിന്താശക്തിക്ക് വികാസമുണ്ടാക്കുന്നു. ചിന്തിച്ചുശേഷം ശരിയാണെന്നു് നാം സമർത്ഥിക്കുന്ന കാര്യം ഇസ്ലാം അറിയിച്ചുതന്നിട്ടുള്ളതാകുന്നു. നമ്മുടെ ചിന്തക്ക് ഒരു മാർഗ്ഗദർശിയുടെ കർത്തവ്യത്തെ നിറവേററാനുള്ള കഴിവുണ്ട്. ആ ചിന്താശക്തിയെ ഒരു മുജദ്ദിദി(പരിഷ്കർത്താവ്)നെപ്പോലെ വിചാരിക്കാം. ആ അവസരത്തിൽ ഒരു നബിയുടേയും ആവശ്യമില്ലെന്നു നാം സമർത്ഥിക്കും. അല്ലാഹു ഇപ്രകാരം പറയുന്നു:— "ഇന്നു ഞാൻ നിങ്ങളുടെ മതത്തെ പൂർണ്ണമാക്കിയിരിക്കുന്നു." പുതിയപുതിയ സംഗതികളെ പഠിപ്പിക്കുന്ന ഒരു നബിയുടെ ആവശ്യം നമുക്കില്ലെന്നു് ഈ വാക്യം സ്പഷ്ടമായി അറിവുതന്നിരിക്കുന്നു. അല്ലാഹുവിൽനിന്നും ഇപ്രകാരവും കല്പന കിട്ടിയിരിക്കുന്നു. നിങ്ങൾ ചിന്തിക്കണം. ഏതേതു നിയമങ്ങൾ ഉണ്ടോ അതുകളെല്ലാം

അല്ലാഹ് ഇറക്കീട്ടുള്ളതാകുന്നു. തന്നിമിത്തം ഭാവിയിൽ ഒരു നബിയുടെ ആവശ്യമില്ലെന്നുള്ളതു സ്പഷ്ടമാകയാൽ നബിമാരുടെ തുടർച്ച നബി (സ) തിരുമേനിയോടുകൂടി അവസാനിച്ചിരിക്കുന്നു.

ദൂതൻ:— അങ്ങയുടെ ബുദ്ധിപൂർവ്വമായ ഈ മറുപടി എൻെറ ഹൃദയത്തിനു സമാധാനമുണ്ടാക്കി.

സഹാബി:— ഞാൻ പറഞ്ഞിട്ടുള്ള സംഗതികൾ ഇസ്ലാമിൻെറ മൂലതത്വങ്ങളാകുന്നു. ഇതിൽക്കൂടുതൽ വിവരിക്കുക സാദ്ധ്യമല്ലല്ലോ. നിങ്ങളുടെ വിശ്രമവേളകളിൽ ഇതിനെപ്പററി നല്ലപോലെ ചിന്തിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ ഇപ്പോൾ ഞങ്ങളുടെ അതിഥിയാണു്. നിങ്ങളുടെ ക്ഷമാശക്തിയെ ഞാൻ വേണ്ടുവോളം പരീക്ഷിച്ചുകഴിഞ്ഞു. നിങ്ങൾക്കു് ക്ഷീണം ഉണ്ടായിരിക്കും. ഒടുവിലായി ഇത്രയുംകൂടി പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കാം. ജനങ്ങളിൽ അസമത്വപ്രവൃത്തി മാറാതിരിക്കുന്നിടത്തോളംകാലം രക്തച്ചൊരിച്ചിലും കൊലയും ഈ ലോകത്തു സംഭവിച്ചുകൊണ്ടുതന്നെയിരിക്കും. ലോകത്തു സമാധാനം സ്ഥാപിക്കുവാനും സാദ്ധ്യമല്ല. നിങ്ങൾക്കു രക്തം ചിന്തിക്കുന്നതിൽ മുഷിവു തോന്നിയിട്ടില്ലേ? ഇന്നല്ലെങ്കിൽ രണ്ടായിരം വർഷം കഴിഞ്ഞതിനുശേഷമെങ്കിലും അതു് അവസാനിപ്പിക്കുവാൻ ശ്രമിക്കുന്ന സമയത്തു് ഇസ്ലാം പഠിപ്പിച്ചിട്ടുള്ള മൂലതത്വങ്ങളേക്കാൾ ഉത്തമമായ നിയമസംഹിത അവൎക്കു കാണുവാൻ സാധിക്കുകയില്ല. ഇസ്ലാം പ്രകൃതിയുടെ മതമാകുന്നു. എപ്പോഴെങ്കിലും ആ മതം ലോകമാസകലം വ്യാപിക്കും. ആ സുമോഹനകാലത്തിൽ ഈ ലോകം ദാരുസ്സലാമാകും.

ആമീൻ.

---

Printed at The Alliance Printing Works, Trivandrum.

KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. M 297 Acc. No. 14374

This book should be returned on or before the date last stamped below.

6 FEB 1986

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M.297 14374
Moh-R

മുഹമ്മദ് സാഹിബ്

റസൂൽ സന്നിധിയിലെ ദൂതൻ

KOTTAYAM PUBLIC LIBRARY

Call No. M 297
Moh-R

Acc. No. 14374

Author മുഹമ്മദ് സാഹിബ്

Title റസൂൽ സന്നിധിയിലെ ദൂതൻ